

THE MALANKARA SABHA
മലങ്കരസഭ
Rs. 15
ഫെബ്രുവരി 2013
The Official Media of Malankara Orthodox Syrian Church
www.malankarasabha.in

# WEDDING





# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 2, പുസ്തകം 70, ഫെബ്രുവരി 2013




5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
സ്ത്രീ ശക്തീകരണം
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

8 അനുസ്മരണം
കാരുണ്യത്തിന്റെ കർമ്മയോഗി
- ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

9 ലേഖനം
പ്രത്യാശയുടെയും ജീവന്റെയും ഈസ്റ്റർ
- ഡോ. മാത്യൂസ് മാർ തിമോത്തിയോസ്

10 ശതാഭിഷേകം
ജീവിതം പകർന്ന പാഠങ്ങൾ
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

13 ഓർമ്മച്ചെപ്പ്
ഭക്തനും ബഹുമുഖ പ്രതിഭയും
- പി. റ്റി. തങ്കച്ചൻ

24 അഭിമുഖം
തൃക്കുന്നത്തുനിന്നും...
- അലക്സ് കുര്യാക്കോസ്

15 വലിയ നോമ്പ്
നോമ്പേ വന്നാലും...
- തോമസ് രാജു, കരുവാറ്റ

23 ഗസ്റ്റ്
ഭാസുര തേജസ്സായ പ. വട്ടശ്ശേരിൽ തിരുമേനി
- ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.

16 വേദവിചാരം
സാധാരണക്കാരന്റെ ഭവനത്തിലെ അതിഥി...
- ഫാ. ഡോ. ജേക്കബ് കുര്യൻ

18 വേദപഠനം
ലോകത്തിന്റെ പാപത്തെ വഹിക്കുന്ന....
- ഫാ. ഡോ. തോംസൺ റോബി

22 പഠനം
ബാറക്മോർ
- ഫാ. ജോർജ് കോശി


# BRIEFLY

ഫെബ്രു. 17: ഗർബോ ഞായർ, കുഷ്ഠരോഗികൾക്കും എയിഡ്സ് രോഗികൾക്കും വേണ്ടിയുള്ള പ്രാർത്ഥനയും സംഭാവന സമാഹരണവും

മലങ്കര ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മറ്റി യോഗം മാർച്ച് 14-ന് വ്യാഴാഴ്ച രാവിലെ 10 മുതൽ കോട്ടയം പഴയ സെമിനാരിയിൽ

2013 സൺഡേസ്കൂൾ സഹ പാഠ്യ മത്സരം. പ്രസംഗ വിഷയം: സബ് ജൂണിയർ 1. അനുസരണം, 2. പരോപകാരം; ജൂണിയർ വിഭാഗം: 1. രഹസ്യ പ്രാർത്ഥന, 2. ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു (സങ്കീ. 46:1).

സൺഡേസ്കൂൾ സീനിയർ വിഭാഗം പ്രസംഗ മത്സരത്തിന് വിഷയം 10 മിനിറ്റ് മുമ്പ് മാത്രം നൽകുന്നതാണ്.

യുവജനപ്രസ്ഥാനം അഖില മലങ്കര വാർഷിക ക്യാമ്പ് ഏപ്രിൽ 30 - മെയ് 3 വരെ പാമ്പാക്കുട സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തും.

പാതിനോമ്പ് - മാർച്ച് 6,
കാതോലിക്കാ ദിനം-മാർച്ച് 17,
ദുഃഖവെള്ളി-മാർച്ച് 29,
ഈസ്റ്റർ - മാർച്ച് 31

ധ്യാനപംക്തി, വനിതാസഭ, പുനർനവം, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.

President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalankara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

മലങ്കരസഭ
10 ഫെബ്രുവരി 2013
എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481-2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

*Graphic Designing:-*
Jinto Kurichy at
Malankara Sabha, Devalokam.

*Cover Design & Photo:-*
Father 'N' Mayar Innovative Concepts

വരിസംഖ്യ
ഇന്ത്യയിൽ
ഒറ്റ പ്രതി:15 രൂപ
ഒരു വർഷം: 150 രൂപ
3 വർഷം: 450 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

# ഗുരുമൊഴി

## സഖറിയാസ് മാർ അന്തോണിയോസ്



**സ്ത്രീ** പീഡനം വർദ്ധിക്കുന്ന കാലമാണിത്. അനുദിനം അനേകം പീഡന സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടുന്നു. സ്ത്രീപീഡനത്തിന്റെ മറുപുറം കൂടി ഉൾക്കൊള്ളണം.

സ്ത്രീകളുടെ വേഷവിധാനവും പെരുമാറ്റവും വളരെ ശ്രദ്ധിക്കേണ്ടതാണ്. അടുത്ത സമയത്ത് ഒരു അദ്ധ്യാപിക സ്കൂളിലെ പെൺകുട്ടിയോട് അവരുടെ വേഷം കുറേക്കൂടി ശ്രദ്ധിക്കണമെന്ന് പറഞ്ഞു. അതോടൊപ്പം കുട്ടിയുടെ അമ്മയെ വിളിച്ച്കൊണ്ടു വരുവാനും പറഞ്ഞു. അമ്മ വന്നപ്പോൾ മകളുടെ വേഷമാണ് കുറേക്കൂടി ഭംഗിയായി കണ്ടത്. അപ്പോൾ എവിടെയാണ് കുഴപ്പം? അമ്മമാരും പെൺമക്കളും വസ്ത്രധാരണത്തിൽ കുറേക്കൂടി ശ്രദ്ധിക്കണം.

ഇരുചക്രവാഹനങ്ങളിൽ യാത്രചെയ്യുന്നവരും അതു ഓടിക്കുന്നവരുമായ സ്ത്രീകൾ അവരുടെ വേഷത്തെക്കുറിച്ചും ശ്രദ്ധിക്കണം. വസ്ത്രം ധരിക്കുന്നത് നഗ്നത മറയ്ക്കുവാനാണ്. അതു തിരിച്ചാകുന്നത് ദുഃഖകരമാണ്. ഇന്നത്തെ പല പ്രശ്നങ്ങൾക്കും പുരുഷന്മാർ മാത്രമല്ല സ്ത്രീകളും കുറ്റക്കാരാണ്.

ഭാരതീയ രീതി അനുസരിച്ച് പ്രായപൂർത്തിയായ മകളും അപ്പനും ഒരു തല്പത്തിൽ (ഇരുപ്പിടത്തിൽ) ഇരിക്കുവാൻ പാടില്ല. ഇന്നിപ്പോൾ അതിനൊക്കെ വ്യത്യാസം വന്നു. പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങളിലെ സഞ്ചാരം. സഹോദരനും സഹോദരിയുമായാലും ഇക്കാര്യം ബാധകമാണ്.

ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയ്ക്കും മറ്റ് ശുശ്രൂഷകൾക്ക് വരുമ്പോഴും ഏറെ ശ്രദ്ധിക്കണം. അവിടെയും പുരുഷന്മാരെക്കാൾ കൂടുതൽ വേഷവിധാനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് സ്ത്രീകളാണ്. സ്ത്രീകൾ ഭംഗിയായി വസ്ത്രം ധരിക്കണം.

വിശുദ്ധ വിവാഹ കൂദാശയ്ക്ക് മണവാട്ടി ഒരുങ്ങി വരുമ്പോൾ അവരെ ഒരുക്കുന്നവരും ഒരുങ്ങുന്നവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്- 'മണവാട്ടിയുടെ വസ്ത്രധാരണം'. കർത്താവും സഭയുമായുള്ള ബന്ധം വെളിവാക്കുന്ന പാട്ടുകളും പ്രാർത്ഥനയുമാണ് വിവാഹ ശുശ്രൂഷയിൽ ഉള്ളത്. 'മണവാളനും മണവാട്ടിയും' എന്ന സങ്കല്പം സഭയും ക്രിസ്തുവുമായുള്ളതാണ്.

ഇന്ന് ആർഭാടത്തിന്റെ കാലഘട്ടമാണ്. എല്ലാ കാര്യത്തിലും മിതവ്യയം ശീലിക്കേണ്ടത് ആവശ്യമാണ്. അത് വിവാഹ കൂദാശയുടെ എല്ലാ ചടങ്ങുകളിലും പ്രത്യേകിച്ച് സൽക്കാരങ്ങളിലും പാലിക്കപ്പെടണം. നമ്മുടെ കർത്താവ് അഞ്ച് അപ്പം കൊണ്ട് അയ്യായിരം പുരുഷന്മാരെയും അതിലധികം സ്ത്രീകളെയും പോഷിപ്പിച്ചപ്പോൾ ബാക്കി വന്ന കഷണങ്ങൾ തിരികെ കുട്ടയിൽ നിറച്ചെടുത്തു. അവിടെ കാണുന്ന വലിയ ആശയം 'ഒന്നും നഷ്ടപ്പെടുത്തരുത് ' (Waste not want not) എന്നാണ്.

ഭാരതീയ രീതിയിലും നമ്മുടെ ക്രിസ്തീയ രീതിയിലും സ്ത്രീ പുരുഷ ബന്ധത്തിന് ഏറെ പവിത്രതയുണ്ട്. അത് ഒരിക്കലും നഷ്ടപ്പെടുത്തുവാൻ ഇടയാക്കരുത്.

# മഹാപുരോഹിത സന്ദേശം



മാർച്ച് 17

## മലങ്കര ഓർത്തഡോക്സ്

# സഭാ ദിനം

സർവ്വശക്തനായ സ്നേഹപിതാവിങ്കലേക്കുള്ള മടങ്ങിവരവാണ് മാനസാന്തരം എന്നും ദൈവസ്വഭാവത്തോടുള്ള അനുരൂപപ്പെടലാണ് വിശുദ്ധീകരണം എന്നും പൗരസ്ത്യ പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. ആദ്ധ്യാത്മിക മൂല്യങ്ങൾ ശുഷ്കിച്ചുവരുന്ന വർത്തമാനകാലഘട്ടത്തിൽ വിശുദ്ധീകരണത്തിലൂടെയുള്ള സമൃദ്ധമായ രക്ഷയുടെയും ജീവന്റെയും അനുഭവങ്ങളിലേക്ക് നമ്മെ നയിക്കുന്ന വലിയനോമ്പ് വിശ്വാസിക്ക് സങ്കേതപ്പെടാവുന്ന രക്ഷാതുറമുഖമാണ്. ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി പാപത്തെ സമൂലം ഉപേക്ഷിച്ച് നാം നോമ്പ് ആചരിക്കണം. പ്രലോഭനങ്ങൾ മുൻകാലങ്ങളേക്കാൾ കൂടുതലായി നമ്മെ സ്വാധീനിക്കുന്ന ഇക്കാലത്ത് സ്വയം നിയന്ത്രണത്തിനുള്ള അവസരമായി നോമ്പിനെ കാണണം.
ദൈവംതമ്പുരാൻ നൽകിയ സമ്പത്തും, സൗകര്യങ്ങളും ആഡംബരങ്ങൾക്കുള്ള അവസരമാക്കാതെ, പരിമിതികളെ സ്വയം സ്വീകരിച്ചുകൊണ്ട് ദാനധർമ്മങ്ങൾക്കും മറ്റ് സത്കർമ്മങ്ങൾക്കുമുള്ള പ്രചോദനം നോമ്പിൽ നിന്നും നാം ഉൾക്കൊള്ളണം. ദൈവസന്നിധിയിൽ നിന്നും നമ്മെ അകറ്റിക്കളയുന്ന അനേക സാഹചര്യങ്ങൾ നമുക്കുചുറ്റിലുമുണ്ട്. കുടുംബത്തിലെ സമാധാനവും വ്യക്തിത്വത്തിന്റെ മാന്യതയും നഷ്ടപ്പെടുത്തുന്ന മദ്യപാനം മുതലായ ദുശ്ശീലങ്ങൾ പരിപൂർണ്ണമായി ഒഴിവാക്കി ക്രൈസ്തവ സാക്ഷ്യം കാത്തുസൂക്ഷിക്കുവാൻ നമുക്ക് സാധിക്കണം. ഈ വ്രതശുദ്ധിയുടെ നാളുകൾ നിരപ്പിന്റെയും സ്നേഹത്തിന്റെയും ഔന്നത്യത്തിലേക്ക് നമ്മെ നയിക്കട്ടെ. വിട്ടുവീഴ്ചയിലൂടെയും ക്ഷമയിലൂടെയും ബന്ധങ്ങൾ ഈടുറ്റതാക്കണം. സമസൃഷ്ടികളോടുള്ള കരുതലിന്റെ ഭാഗമായി ഉപവാസമിച്ചം സാധുക്കൾക്ക് നൽകണം. ഈവർഷത്തെ വലിയനോമ്പാചരണം അനുഗ്രഹത്തിന് കാരണമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

പ. നോമ്പിലെ 36-ാം ഞായർ പ. സഭാ ദിനമായി നാം ആചരിക്കുകയാണ്. പ. സഭയെ സ്നേഹിക്കുന്ന സഭാമക്കൾ എല്ലാവരും അവരുടെ ഒരുദിവസത്തെ വരുമാനം കാതോലിക്കാ നിധിയിലേക്ക് സംഭാവനയായി നൽകണം. കാതോലിക്കേറ്റ് ശതാബ്ദിയുമായി ബന്ധപ്പെട്ട് നാം പ്രഖ്യാപിച്ചിട്ടുള്ള നൂറ് കോടി രൂപയുടെ ജീവകാരുണ്യ പദ്ധതികൾ നടപ്പിലാകുവാൻ തക്കവണ്ണം ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണം എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉത്തമമായ ക്രൈസ്തവ സാക്ഷ്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ദേശത്ത് പ്രശോഭിക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ വഴി നടത്തുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

EDITORIAL

# സ്ത്രീ : ശക്തീകരണം

‘ശക്തീകരണം: ശക്തമല്ലാത്തതിനെ ശക്തമാക്കുക. ‘ശക്തം’ എന്ന വിശേഷണത്തിൽ നിന്നും ശക്തീകരണം.
മാധ്യമങ്ങളിലെ ‘ശാക്തീകരണ’ പ്രയോഗത്തിൽ നഷ്ടപ്പെടുന്നത് – “ശക്തീകരണം”.

* * *

ആൺകോയ്മയോട് പൊരുതണം. അത് പെൺകോയ്മ സ്ഥാപിക്കാനല്ല. കോയ്മ എന്ന സ്ഥാപനം ഇല്ലായ്മ ചെയ്യാനാണ്. ആ സമീപനം അറിവിലധിഷ്ഠിതമായ തിരിച്ചറിവിലൂടെ ഉണ്ടാകൂ.

ഡോ. രാജൻ ഗുരുക്കൾ

വിപണിയിൽ അതിഭീകരമായ ലൈംഗികവൽക്കരണമാണ്. ഇന്ത്യൻ സിനിമ ഇതിൽ പ്രധാന പ്രതിയാണ്. ഡാൻസിലും പാട്ട് സീനിലും പെൺശരീരം മാത്രം. അതൊരു കൂട്ടബലാൽക്കാരം പോലെ...

സാറാ ജോസഫ്’



## Visions of EMPOWERMENT

മാർച്ച് 8
ലോക വനിതാ ദിനം:
ലിംഗ സമത്വത്തിന്റെ
അതിവേഗ മുന്നേറ്റം

സാമൂഹികമാറ്റത്തിലേക്ക് നയിക്കുവാൻ പ്രാപ്തമായ സമഗ്രമായ വ്യക്തിത്വം സമാർജ്ജിക്കുന്ന പ്രക്രിയയാണ് ശക്തീകരണം. വ്യക്താന്തര–സ്ഥാപന തലങ്ങളിൽ നിലനിൽക്കുന്ന ‘അധികാര’ത്തെ തിരിച്ചറിയുവാനും രൂപാന്തരപ്പെടുത്തുവാനും കഴിയുന്നതാണ് ശക്തീകരണ ദർശനം. ഇത് സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ വികസനം ലക്ഷ്യമിടുന്നു.

ശക്തീകരണത്തിൽ ‘സ്വയം കണ്ടെത്തലുകൾക്ക്’ പ്രാധാന്യം നൽകുന്നു. സ്വയത്തിൽ നിന്നും അഥവാ ഉണ്മയിൽ നിന്നും പ്രവഹിക്കുന്ന ശക്തിയെ കേന്ദ്രീകരിപ്പിക്കുന്നു. ഒരാളുടെ അന്തസ്സ്, അധികാരം, ശക്തി, കഴിവ്, തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം, പ്രവർത്തന അവകാശം തുടങ്ങിയ മൗലിക ധർമ്മങ്ങൾ പരിപാലിക്കപ്പെടുവാൻ ശ്രദ്ധിക്കുന്നു.

സ്ത്രീയിൽ അന്തർലീനമായ കഴിവ്, സർഗ്ഗപ്രതിഭ, ആർജ്ജിച്ചിട്ടുള്ള പ്രാവീണ്യം എന്നിവ പൂർണ്ണമായും പ്രകാശിപ്പിക്കുവാനുള്ള അവകാശവും അവസരവും സ്ത്രീ ശക്തീകരണത്തിൽ ലഭിക്കുന്നു. ഇത് സ്ത്രീയെ സമ്പൂർണ്ണവും യഥാർത്ഥവുമായ ശക്തീകരണ ദൗത്യത്തിലേക്ക് സ്വയം പര്യാപ്തമാക്കുന്നു. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ തലങ്ങളിലുള്ള അനീതിയെ ചെറുക്കുവാനും തിരുത്തുവാനും ശക്തീകരണം സഹായിക്കുന്നു. സ്ത്രീയെ പാർശ്വവൽക്കരിക്കുകയും സ്ത്രീ വിവേചനം നിലനിർത്തുകയും ചെയ്യുന്ന സാമൂഹിക സഭാതലങ്ങളെ ശുദ്ധീകരിക്കുവാൻ ഇത് ചാലക ശക്തിയായി തീരുന്നു. സ്ത്രീ ശക്തീകരണത്തിന്റെ അടിസ്ഥാന തത്വം ‘സ്വയം ശക്തിപ്പെടുക’ എന്നതാണ്. തന്നിലുള്ള ശക്തിയെ തിരിച്ചറിഞ്ഞ് ഫലപ്രദമായി വിനിയോഗിക്കുവാനുള്ള കരുത്ത് നേടുന്ന പ്രക്രിയയാണ്.

**No TO VIOLENCE AGAINST WOMEN**

## EDITORIAL

ശക്തീകരണ പ്രക്രിയയുടെ അടിസ്ഥാനം വ്യക്തികളിൽ കേന്ദ്രീകൃതമാണ്. ഒരാളുടെ ജീവിതത്തെ സമഗ്രമായി സ്വയം തിരിച്ചറിയുവാനും നന്മയുടെ മാറ്റത്തിലേക്ക് നയിക്കുവാനും നിയന്ത്രിക്കുവാനും ഇതുവഴി സാധിക്കുന്നു. അതിനാൽ ശക്തീകരണത്തിന്റെ അടിത്തറ വ്യക്തികളുടെ സ്വയാവബോധവും സാമൂഹിക മാറ്റത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുമാണ്. ശക്തീകരണ സിദ്ധാന്തങ്ങളിൽ ഒരാൾ സ്വയം കരുത്താർജ്ജിക്കുകയോ, മറ്റൊരാളോ സമൂഹമോ കരുത്തുപകരുകയോ ചെയ്യുന്നു. വിഭവങ്ങളുടെമേലും സാധ്യതകളുടെ മേലും ബോധപൂർവ്വമായി ഇടപെട്ട് ശക്തീകരണം സുസാധ്യമാക്കുകയാണ് ലക്ഷ്യം. ശക്തീകരണ ദർശനത്തിൽ സാഹചര്യങ്ങളെ എങ്ങനെ 'സ്വയം' അതിജീവിക്കാമെന്നും പഠിപ്പിക്കുന്നു.

അധികാര ബന്ധങ്ങളിൽ ശക്തമായി ഇടപെടുവാനും ജീർണ്ണിച്ച ഘടനകളെ സമഗ്രവും ഗുണപരവുമായി പുനസൃഷ്ടിക്കുവാനുമുള്ള ഉൾക്കരുത്താണ് ശക്തീകരണത്തിന്റെ ഫലം. വ്യക്തിയേയും സമൂഹത്തേയും പരിവർത്തനം ചെയ്യിപ്പിക്കുവാനുള്ള ഉൾവിളിയാണ് ശക്തീകരണ സിദ്ധാന്തം പ്രചേദിപ്പിക്കുന്നത്. ഇത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഉണ്ടാകേണ്ട നീതിപൂർവ്വമായ അധികാര സങ്കല്പമാണ്. ശക്തീകരണത്തിൽ നയരൂപീകരണ പ്രക്രിയയിലും തീരുമാനസമിതിയിലും ശക്തമായി ഇടപെടുന്നതിനും സാമൂഹിക മാറ്റത്തെ ത്വരിതപ്പെടുത്തുന്നതിനും പങ്കാളിത്തം വഹിക്കുവാനും കഴിയും.

ബൗദ്ധികവും സാംസ്കാരികവും മാനസികവും ആദ്ധ്യാത്മീകവും രാഷ്ട്രീയവും സാമ്പത്തികവുമായ ഘടകങ്ങൾ ശക്തീകരണ നിർവ്വചനങ്ങൾക്ക് ഉണ്ടാകണം. ആരുടെ ശക്തീകരണം, എന്തിനുള്ള ശക്തീകരണം, എങ്ങനെയുള്ള ശക്തീകരണം തുടങ്ങിയ അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരവും ലഭ്യമാകണം. സാമൂഹിക തലങ്ങളിൽ ശബ്ദവും ശക്തിയും തിരസ്കൃതമായ ജനതയുടെ ശക്തീകരണമാണ് വേണ്ടത്. അധികാരത്തിലേക്കുള്ള യാത്രയാണിത്. അധികാരത്തിലേക്കുള്ള മാർഗ്ഗത്തെ തടയുന്ന ഘടനകളെയും കോയ്മകളെയും പ്രതിരോധിക്കുവാനും രൂപാന്തരപ്പെടുത്തുവാനുമുള്ള ധർമ്മവും ശക്തീകരണ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു.

'വനിതാദിനാഘോഷം' ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞെങ്കിലും സ്ത്രീ ശക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ പ്രാതിനിധ്യം, സ്ത്രീ സുരക്ഷ തുടങ്ങിയ ചിന്താധാരകൾ വികസിക്കുന്നത് 1975-ൽ ആഗോള തലത്തിൽ വനിതാ ദശകമായി യു. എൻ പ്രഖ്യാപിച്ചതു മുതലാണ്. പുരുഷന്മാർക്ക് ഒപ്പം സ്ത്രീകൾക്കും പങ്കാളിത്തം ലഭിക്കുന്നതിനുള്ള അവകാശ പോരാട്ടം നവീകരണ സഭയുടെ ആവിർഭാവത്തോടുകൂടി ആരംഭിച്ചതാണ്.

സ്ത്രീകൾ നടത്തിയ അവകാശ സമരത്തിന്റെയും പോരാട്ടത്തിന്റെയും വിജയമാണ് 'സ്ത്രീ ശക്തി'. പണിശാലകളിൽ ദീർഘമായ ജോലിക്കും മുതലാളിത്ത പീഡനത്തിനുമെതിരെയുള്ള പോരാട്ടത്തിന്റെ ഫലമാണ് സ്ത്രീകൾക്ക് ലഭ്യമായ തൊഴിലും പദവിയും. രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക രംഗത്ത് സ്ത്രീകൾക്കു ലഭിച്ച അംഗീകാരത്തിൽ അനവധി സ്ത്രീകളുടെ കണ്ണുനീരിന്റെയും പീഡനത്തിന്റെയും നനവും വേദനയുമുണ്ട്.

സഭകൾക്ക് ലഭ്യമായ സാമ്പത്തിക മുന്നേറ്റത്തിൽ സ്ത്രീകളുടെ അദ്ധ്വാനവും അനവധിയാണ്. *അടുക്കളയിൽ നിന്നും അരങ്ങത്തേക്കുള്ള* സ്ത്രീകളുടെ കുതിപ്പ് കുടുംബ സാമൂഹിക സഭാ ജീവിതത്തിന് പുത്തൻ വഴി തുറന്നു. സ്ത്രീകൾക്ക് ലഭ്യമായ ഉന്നത വിദ്യാഭ്യാസവും വിദേശ ജോലിയും സാമൂഹിക മാറ്റത്തിൽ വഹിച്ച് പങ്ക് നിർണ്ണായകമാണ്. എങ്കിലും സഭകളിൽ സ്ത്രീ ശക്തീകരണത്തിന്റെ പാഠങ്ങൾ കുറവാണ്. ആയിരങ്ങൾ കൂടുന്ന സ്ത്രീ യോഗങ്ങളിൽ സ്ത്രീയെ കീഴ്പ്പെടുത്തുന്ന, നിശബ്ദമാക്കുന്ന, അധികാരത്തിന്റെ വ്യാഖ്യാന തന്ത്രങ്ങളാണ് രീതീ ശാസ്ത്രം. സ്ത്രീകൾക്ക് ക്രിസ്തു പകർന്ന സാമൂഹിക സുരക്ഷിതത്വം സഭകൾക്ക് ഫലപ്രദമായി പങ്കിടാൻ കഴിയുന്നുണ്ടോ?

ലിംഗസമത്വത്തിന്റെ അതിവേഗ മുന്നേറ്റങ്ങളിൽ സ്ത്രീ സുരക്ഷയ്ക്കും സ്ത്രീ ശക്തിക്കും ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകണം.

> "സ്ത്രീ ശക്തീകരണ പ്രക്രിയയിൽ സ്ത്രീകൾ സ്വയം ശക്തീകരിക്കപ്പെടണം. അതിനുള്ള വഴിയും വെളിച്ചവും പകരുവാനുള്ള ഉത്തരവാദിത്വം സഭകളും ഏറ്റെടുക്കണം"

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com

**അനുസ്മരണം**



# കാരുണ്യത്തിന്റെ കർമ്മയോഗി

**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്**

**സ്നേ**ഹത്തിന്റെ അപ്പോസ്തോലൻ, സാമൂഹ്യനീതിയുടെ പ്രവാചകൻ, പങ്കിടലിന്റെ പ്രചാരകൻ, മതങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും അതീതമായി മനുഷ്യബന്ധങ്ങളെ മാനിച്ച മഹാത്മാവ്, അഗതികളുടെയും ആലംബഹീനരുടെയും അത്താണി, വേദനിക്കുന്നവന്റെ വേദന ഏറ്റുവാങ്ങിയ മനുഷ്യസ്നേഹി, ജീവിതത്തിന്റെ സമസ്ത മേഖലകളിലും ലാളിത്യവും സുതാര്യതയും സത്യസന്ധതയും കാത്തുസൂക്ഷിച്ച സമർപ്പിതൻ, "പ്രാപ്തിയില്ലാത്തവരെ സഹായിക്കുക. വാങ്ങുന്നതിനേക്കാൾ അധികം കൊടുക്കുക" എന്ന തിരുവചനപ്രമാണം പരമാവധി പ്രാവർത്തികമാക്കുവാൻ ശ്രമിച്ച കാരുണ്യനിധി. "ദരിദ്രലോകത്തു സമ്പന്നനായിരിക്കുന്നതു പാപമാണെന്ന്" വിശ്വസിക്കുകയും, ആരുടെയും മുഖം നോക്കാതെ ആക്രോശിക്കുകയും ചെയ്ത ധൈര്യശാലി. "ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി എനിക്ക്" എന്ന് നിരന്തരം ഉരുവിട്ടും ജീവിതത്തിൽ ജയമാകട്ടെ പരാജയമാകട്ടെ, എന്തു സംഭവിച്ചാലും എല്ലാം നന്മയ്ക്കായി എന്നു പൂർണ്ണമായി വിശ്വസിച്ച് ദൈവത്തെ മുറുകെ പിടിച്ച പരമ ഭക്തൻ. ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ മനുഷ്യസ്നേഹത്തെക്കൊണ്ടു കർമ്മമണ്ഡലത്തെ കാന്തപ്രഭമാക്കിയ ക്രാന്തദർശി. വാക്കും പ്രവൃത്തിയും സമന്വയിപ്പിക്കുവാൻ പരമാവധി ശ്രമിച്ച സ്വാത്വികൻ. "എനിക്കു ഒരു മെഴുകുതിരിപോലെ എരിഞ്ഞടങ്ങണം" എന്ന ആഗ്രഹത്താൽ, ജീവിതയാത്രയുടെ അന്ത്യനാളുകളിലും പുതിയ പദ്ധതികളെ കുറിച്ച് സ്വപ്നം കണ്ട ദർശകൻ. സുവിശേഷീകരണത്തിന് അഖിലഭാരത വീക്ഷണത്തിന്റെ അവതാരകൻ. പ്രാർത്ഥനയിലും തിരുവചന മനനത്തിലും മതിവരാത്ത മഹർഷി.... ഓരോരുത്തർക്കും അവരവരുടെ അടുപ്പത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥാനത്തിൽ നൂറു നൂറു കാര്യങ്ങൾ പറയുവാൻ കാണും. ചരിത്രം ചില അപൂർവ്വ ജന്മങ്ങൾക്കു വഴിഒരുക്കും. അവരുടെ സാന്നിദ്ധ്യവും സന്ദേശവും സമൂഹനന്മയ്ക്കു അത്യന്താപേക്ഷിതം. മിഷനില്ലാത്ത സഭ സഭയല്ല എന്ന ചിന്തയിൽ, മിഷനുവേണ്ടി മനസ്സിൽ ഒരിക്കലും കെടാത്ത തീക്കനലുമായി ജീവിച്ച അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. പ്രകാശം പരത്തിയ ഈ മൺചെരാതിന്റെ മഹത്വം തലമുറകൾ മനസ്സിലാക്കണം, മാതൃകയാക്കണം, മാർഗ്ഗദീപമാക്കണം.

**1. പ്രാർത്ഥനാഭിമുഖ്യം**

പ്രാർത്ഥനയുടെ മാധുര്യവും മഹത്വവും അനുഭവിച്ചറിഞ്ഞ ഒരു പിതാവായിരുന്നു ഒസ്താത്തിയോസ് തിരുമേനി. ഒരിക്കലും താനൊരു പ്രാർത്ഥനാമനുഷ്യനാണെന്ന് അവകാശപ്പെടുകയോ മറ്റുള്ളവരെ അറിയിക്കണമെന്ന് ആഗ്രഹിക്കയോ ചെയ്തിരുന്നില്ല. യാമപ്രാർത്ഥനകൾ മുടക്കില്ല. രാത്രി എത്ര വൈകി എത്തിയാലും അതിരാവിലെ രാത്രിനമസ്കാരത്തിന് ആദ്യം എത്തുന്നത് തിരുമേനിയായിരിക്കും. നവതി കഴിഞ്ഞ കാലത്തും കാര്യങ്ങൾ അങ്ങനെ തന്നെ. ജീവിതാവസാനത്തിൽ, വെളുപ്പിനെ പള്ളിയിൽ എത്താൻ പ്രയാസപ്പെട്ടിരുന്നു. എന്നാലും സന്ധ്യാനമസ്കാരം ചാപ്പലിൽ തന്നെ. ധൂപം വെച്ചുള്ള നമസ്കാരം നിർബന്ധമായിരുന്നു. പ്രഭാത-സായാഹ്ന നടത്തയുടെ സമയവും പ്രാർത്ഥനാവേളകൾ ആയിരുന്നു. യാത്രാ ഘട്ടത്തിൽ ഹ്രസ്വപ്രാർത്ഥനചൊല്ലും. എല്ലാം തിരുവചനഭാഗങ്ങൾ തന്നെ. ഉദാഹരണം "എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാണ്," "യേശുവേ ദാവീ

*ശേഷം 20-ാം പേജിൽ*

# പ്രത്യാശയുടെയും ജീവന്റെയും ഈസ്റ്റർ

■ മാർച്ച് 31 ■

ഡോ. മാത്യൂസ് മാർ തിമോത്തിയോസ്

ഈസ്റ്റർ ജീവന്റെയും പ്രത്യാശയുടെയും ആഘോഷമാണ്. ക്രൂശിതനായ യേശു മരണത്തിൽ നിന്നു ജീവനിലേക്ക് പ്രവേശിച്ചതിന്റെ സ്മരണ.

ആദി മനുഷ്യനായ ആദാം ഏദൻതോട്ടത്തിൽ മരിക്കാതെ ജീവിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ, നിയമലംഘനം മൂലം മരണത്തിനു കീഴടങ്ങി. ആദാമിന്റെ പാപം പരിഹരിക്കപ്പെടുവാൻ ക്രിസ്തു കാൽവറിയിൽ യാഗമായി. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃക വെളിപ്പെടുത്തിയ ക്രിസ്തു മരണത്തിൽ നിന്നു ജീവനിലേക്ക് പ്രവേശിച്ചു. ഉത്ഥിതനായ ക്രിസ്തു ലോകത്തിനു നൽകുന്നത് ജീവന്റെയും പ്രത്യാശയുടെയും അനുഭവമാണ്.

ആധുനിക സമൂഹത്തിൽ ശക്തിപ്പെടുന്നത് മരണത്തിന്റെ സംസ്കാരമാണ്. മാധ്യമങ്ങളിലൂടെ കലഹത്തിന്റെയും ആക്രമണത്തിന്റെയും പുത്തൻ സംസ്കാരമാണ് ദൃശ്യവത്കരിക്കുന്നത്.


രാജ്യത്ത് അരക്ഷിതാവസ്ഥ പ്രബലപ്പെടുന്നു. പുത്തൻ സാങ്കേതിക വിദ്യകളും മാധ്യമ സംവിധാനങ്ങളും ദ്രുതഗതിയിൽ സംവേദനത്തിനു പര്യാപ്തമാകുന്നെങ്കിലും അരക്ഷിതാവസ്ഥയാണ് സൃഷ്ടിക്കുന്നത്. ജീവനും മരണവും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഇന്ന് മരണ സംസ്ക്കാരം പ്രബലമാക്കുന്നു. മരണമുഖങ്ങളിൽ ക്രിസ്തു ലോകത്തിനു നൽകുന്നത് ജീവന്റെ പ്രത്യാശയാണ്. തിന്മയ്ക്കും പാപത്തിനും മേൽ ജീവന്റെ ആഘോഷമാണിത്. മരണ സംസ്ക്കാരത്തിൽ ജീവന്റെ പ്രത്യാശയാണ് ഈസ്റ്റർ .

യേശുക്രിസ്തുവിന്റെ കബറിടത്തിലേക്ക് എത്തിയ സ്ത്രീകളിൽ കണ്ണീരും ഉത്കണ്ഠയുമാണ് നിഴലിട്ടത്. ക്രിസ്തു സാന്നിധ്യം തിരിച്ചറിഞ്ഞ സ്ത്രീകൾ ആഹ്ലാദത്തോടെയാണ് തിരികെ എത്തുന്നത് . ഈസ്റ്ററിലൂടെ ദൈവസാന്നിധ്യം തിരിച്ചറിഞ്ഞു പ്രതിസന്ധികളെ ആതിജീവിക്കുവാനുള്ള ശക്തി ഉൾക്കൊള്ളണം .

മാർത്തോമ്മാക്രിസ്ത്യാനികളുടെ സംസ്ക്കാരം വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സാക്ഷ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ സജീവസാന്നിധ്യമാണ് മാർത്തോമ്മാശ്ലീഹാ. മറ്റ് ശിഷ്യൻമാർ അടച്ചിട്ട മുറിയിൽ സുരക്ഷിതരായിരുന്ന് പ്രാർത്ഥിച്ചപ്പോൾ മാർത്തോമ്മാശ്ലീഹാ സമൂഹത്തിലെപ്രതിസന്ധികളും പ്രശ്നങ്ങളും അന്വേഷിക്കുന്നതിൽ പ്രത്യേകം താത്പര്യം കാട്ടി. ഉത്ഥിതനായ യേശുക്രിസ്തുവിനെ സ്പർശിച്ച് ഉയർപ്പിനു സാക്ഷിയായി. പ്രതിസന്ധിയും അന്ധകാരവും അതിജീവിക്കുവാനുള്ള ആത്മധൈര്യം ഈസ്റ്ററിന്റെ അടയാളമാണ്.

മാർത്തോമ്മാ ശ്ലീഹായുടെ സാക്ഷ്യത്തിന്റെ പൈതൃകം ഉൾക്കൊണ്ട് ജീവനും പ്രകാശത്തിനും സാക്ഷ്യം വഹിക്കുവാൻ ഈസ്റ്റർ ആഘോഷങ്ങൾ വഴിയൊരുക്കണം. സമൂഹത്തിൽ ശക്തിപ്പെടുന്ന തിന്മയ്ക്കും അന്ധകാരത്തിനും ആക്രമണ സംസ്ക്കാരത്തിനും എതിരെ ജീവന്റെയും പ്രത്യാശയുടെയും സാക്ഷികളായിത്തീർന്ന് ക്രിസ്തീയ ദൗത്യം നിർവ്വഹിക്കണം. എല്ലാവർക്കും ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവന്റെയും പ്രത്യാശയുടെയും പ്രകാശം പങ്കിടുന്നു. ■





# ജീവിതം പകർന്ന പാഠങ്ങൾ

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

പ്രശസ്ത വേദപണ്ഡിതനും പ്രഭാഷകനും തലമുറകളുടെ ഗുരുവും ഗ്രന്ഥകാരനുമായ **ഫാ. ഡോ. റ്റി. ജെ. ജോഷ്വാ 2013 ഫെബ്രുവരി 13-ന് ശതാഭിഷിക്തനാകുന്നു.** ജീവിതത്തിന്റെ അകവും പുറവും പങ്കിടുന്നു....



ആയിരം പൂർണ്ണചന്ദ്രനെ കാണുവാൻ തക്കവണ്ണം എൺപത്തിനാലിൽ എത്തി നിൽക്കുന്ന എനിക്ക് ഒരു തിരിഞ്ഞു നോട്ടത്തിനുള്ള അവസരമാണ്. കടന്നു പോന്ന വഴികളും കണ്ടുമുട്ടിയ വ്യക്തികളും അനുഭവിച്ചറിഞ്ഞ കൃപകളും എല്ലാം മുമ്പിൽ തെളിഞ്ഞു വരുന്നു. പറ്റിയ പ്രമാദങ്ങളും വരുത്തിയ പരാജയങ്ങളും ഒരു വശത്തു തെളിയുമ്പോൾ മറുവശത്ത് ലഭിച്ച കൃപകളും വരിച്ച നേട്ടങ്ങളും വിജയങ്ങളും ഉയർന്നു വരുന്നു. അതു സന്തുലിതമായ ഒരു വിലയിരുത്തലിനു സഹായകം തന്നെ. വിജയത്തിൽ നിന്നു മാത്രമല്ല, പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞു. പ്രശ്നങ്ങളും പ്രതിസന്ധികളും തളർത്തിയില്ല, വളർത്തുകയായിരുന്നു.

മുന്നിലുള്ള ചോദ്യം, ജീവിതം എന്നെ എന്തു പഠിപ്പിച്ചു? ആത്മനിഷ്ഠമായ ഉത്തരമാണ് ഉണ്ടാകേണ്ടത്. ആരെയെങ്കിലും ബോധ്യപ്പെടുത്താനോ തൃപ്തിപ്പെടുത്താനോ അല്ല ജീവിത സായാഹ്നത്തിൽ ഒരു സ്വയം വിലയിരുത്തലിനു ശ്രമിക്കയാണു ചെയ്യുന്നത്.

**1. അനുഭവമാണ് വലിയ അദ്ധ്യാപകൻ:**

വായിച്ചും, കണ്ടും, കേട്ടും പഠനം നടക്കുന്നു. എന്നാൽ അനുഭവത്തിൽ കൂടി ആർജിക്കുന്ന അറിവിന് മിഴിവുണ്ട്, ആഴമുണ്ട്. അതു ജീവിതത്തെ സ്ഥായിയായി സ്വാധീനിക്കുന്നു. എന്റെ ജീവിതം സംഭവബഹുലമായിരുന്നു; സന്ദിഗ്ധത നിറഞ്ഞതും. തിരമാല പോലെ രോഗങ്ങളുടെ കടന്നാക്രമണം, മരണത്തെ മുഖാമുഖം കണ്ട ഒന്നിലധികം സന്ദർഭങ്ങൾ, ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ. എന്നാൽ അവയിൽ കൂടിയെല്ലാം "ദൈവം നല്ലവനാണെന്നു രുചിച്ചറിയുവാൻ അവസരങ്ങളുണ്ടായി.

**2. പ്രാർത്ഥനയുടെ ശക്തി അത്ഭുതാവഹമെന്നും, ഉത്തരം സുനിശ്ചിതമെന്നും ബോധ്യമായ ഘട്ടങ്ങൾ:**

ഒരു സർജറി കഴിഞ്ഞ് രക്തസ്രാവമുണ്ടായി നിലയ്ക്കാത്ത അവസ്ഥയിൽ ശ്വാസം നിലച്ചു പോകുന്ന ഘട്ടം. തൈലാഭിഷേകം സർജിക്കൽ ടേബിളിൽ കിടത്തിക്കൊണ്ടു ചെയ്തു. അങ്ങനെയൊരു സംഭവം ചരിത്രത്തിൽ വേറെയുണ്ടായിക്കാണുകയില്ല. രണ്ടു തിരുമേനിമാരുടെയും, നാലു വൈദികരുടെയും, കുടുംബത്തിന്റെയും കൂട്ടായ പ്രാർത്ഥന സൗഖ്യത്തിനു നിദാനമായി.

പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ സർജറി കഴിഞ്ഞും രക്തസ്രവം നിലയ്ക്കാതെ പല ദിവസങ്ങൾ പിന്നിട്ടും പലരുടെയും രക്തം കുത്തിവച്ചു, ഫലമുണ്ടായില്ല. എന്തു ചെയ്യേണ്ടു എന്നറിയാതെ മെഡിക്കൽ വിദഗ്ധരും കുഴങ്ങി. വെല്ലൂരേക്ക് കൊണ്ടുപോകാമെന്നു വിചാരിച്ചു. ആ രാത്രിയിൽ ഞാനും എന്റെ കിടക്കയ്ക്കു സമീപമിരുന്ന് എന്റെ ഭാര്യയും കണ്ണുനീർ വാർത്തുകൊണ്ട് ഏറെ നേരം മുട്ടിപ്പായി പ്രാർത്ഥിച്ചു. പിറ്റേ ദിവസം പ്രശ്നത്തിനു പരിഹാരം ലഭിക്കുവാൻ ഇടയായി. അനുഭവത്തിൽക്കൂടി തിരിച്ചറിഞ്ഞ ഒരു പാഠം, മുട്ടിപ്പായി പ്രാർത്ഥിക്കുക; നിരാശപ്പെടേണ്ടി വരികയില്ല. പ്രാർത്ഥനയ്ക്കുത്തരം സുനിശ്ചിതമെന്ന് ജീവിതത്തിന്റെ പല സന്ദർഭങ്ങളിൽ അനുഭവപ്പെട്ടു.

**3. യാദൃശ്ചികം എന്നു തോന്നുന്ന പലതും ദൈവത്തിന്റെ പദ്ധതി ആയിരുന്നു എന്നു പിൽക്കാലാനുഭവം വ്യക്തമാക്കിയിട്ടുണ്ട്:**

ദൈവം നയിക്കുന്നതും നിയന്ത്രിച്ചു പരിപാലിക്കുന്നതുമായ ഒരു ലോകത്ത് യാദൃശ്ചികതയ്ക്കു സ്ഥാന

മില്ല. തൽക്കാലം അർത്ഥമറിയാതെയും പ്രസക്തിയെന്ത് എന്നു ചോദിച്ചു. നാം അന്ധാളിച്ചു. നിൽക്കേണ്ട അവസരങ്ങൾ ഉണ്ടാകാം. വ്യക്തമായി ബോധ്യപ്പെട്ടു, ദൈവത്തിന്റെ പരിപാലനത്തിന്റെ ഭാഗമായിരുന്നു എന്ന്. അതുകൊണ്ട് നാം ദൈവത്തിന്റെ ദിവ്യജ്ഞാനത്തിനും, പരിപാലനത്തിനും, കരുതലിനും നമ്മെ സമർപ്പിക്കുക മാത്രമാണ് കരണീയം. അവിടുന്നു സകലവും നന്മയിലേക്കു പരിവർത്തിപ്പിക്കുന്നവനാണ്.

**4. വാതിൽ അടയ്ക്കപ്പെടുമ്പോൾ ജനൽ തുറന്നിട്ടുണ്ടാവും, കാറ്റും വെളിച്ചവും അകത്തു ലഭിക്കാൻ:**

ഇത് എന്റെ അനുഭവമാണ്. എന്റെ ജീവിതത്തിൽ പ്രോത്സാഹനവും സ്വാന്തനവും പകർന്ന ഒരു അത്ഭുത സ്രോതസ്സായിരുന്നു എന്റെ സഹധർമ്മിണി, ഡോ. മറിയാമ്മ. ആകസ്മികമായി എന്നിൽ നിന്ന് എടുക്കപ്പെട്ടപ്പോൾ വലിയ ശൂന്യത, ഉണ്ടായി. കത്തിനിന്ന വിളക്ക് പെട്ടെന്ന് അണയുമ്പോൾ ഉണ്ടാകുന്ന അന്ധകാരമാണ് അനുഭവപ്പെട്ടത്.

എന്നാൽ ദൈവം അവിടെ ഒരു ജനൽ തുറന്നു തന്നു. അത് എന്റെ മകൾ ഡോ. രേണുവിന്റെയും, ഭർത്താവ് ഡോ. ജോളിയുടെയും ജാഗ്രതയേറിയ സഹായവും, പരിചരണവും, ശുശ്രൂഷകളുമാണ്. പങ്കാളിയുടെ ശാരീരികമായ സാന്നിധ്യം മാത്രമേ നഷ്ടപ്പെട്ടതായി തോന്നാവൂ എന്ന ചിന്തയിലാണ് അവരിരുവരും പ്രവർത്തിക്കുന്ന്.

''യഹോവ-യിരേ'' എന്ന് അബ്രഹാം പ്രഖ്യാപിച്ചത്, അതായത് ദൈവം കരുതിക്കൊള്ളും എന്ന വലിയ സത്യം എന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ അവസരങ്ങൾ അനവധിയാണ്. സന്ദേഹവും സന്നിഗ്ധതയും മനസ്സിൽ കയറി വരുമ്പോൾ ഈ സത്യം ഉരുവിടുന്നത് ഉത്തമമാണ്.

**5. കൃത്യനിഷ്ഠയും സമയനിഷ്ഠയും:** എന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ഏറെ സ്വാധീനിച്ച ഘടകങ്ങളാണ് ഇവ. ഒരു കാര്യത്തിനുപോലും വൈകിയെത്താൽ എനിക്കിടയായിട്ടില്ല. ഏതു പരിപാടിക്കും കൃത്യസമയത്ത് എത്തിയിരിക്കും. പ്രസംഗത്തിനാണെങ്കിൽ അനുവദിച്ചിട്ടുള്ള സമയത്തെക്കാൾ ഒരു മിനിട്ട് അധികവുമാവുകയില്ല. ചെറിയ ഒരു പ്രസംഗമാണെങ്കിലും ഒരുങ്ങാതെ ചെയ്തിട്ടില്ല. ആശയങ്ങൾ അക്കമിട്ട് അടുക്കിപ്പറയുന്ന രീതിയാണ്. ഒരു പക്ഷേ അതുകൊണ്ടാകാം ആറു ദശകമായി പ്രസംഗവേദിയിൽ ഇപ്പോഴും തുടരാൻ കഴിയുന്ന. ഏതു കാര്യത്തിനും മുൻകൂട്ടിയുള്ള ഒരുക്കവും, ക്രമവും പാലിക്കേണ്ടതുണ്ട്. അനുദിന ജീവിതത്തിൽ സമയനിഷ്ഠയും കൃത്യനിഷ്ഠയും പാലിച്ചാൽ സമയം പാഴാകയില്ല; ഒട്ടേറെ കാര്യങ്ങൾ നിർവഹിക്കാനും കഴിയും. ഒരു കത്തു ലഭിച്ചാൽ 24 മണിക്കൂറിനുള്ളിൽ ഒരു മറുപടി അയയ്ക്കണമെന്നുള്ള നിഷ്ഠ പുലർത്തുന്നതുകൊണ്ട് സൗഹൃദവും വ്യക്തിബന്ധവും സൂക്ഷിക്കാൻ ഏറെ സഹായിക്കുന്നു.

എന്റെ സാന്നിധ്യം ഉണ്ട് എന്നുള്ളതുകൊണ്ട് പല സമ്മേളനങ്ങളും, പരിപാടികളും കൃത്യസമയത്ത് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ ഉണ്ട്. "ഡിസിപ്ലിൻ'' എന്നുള്ളത് വ്യക്തിജീവിതത്തിൽ പുലർത്തേണ്ട ഒന്നാണ്. അതു വിജയത്തിനു സഹായകമാകും.

**6. വ്യക്തിബന്ധങ്ങൾ അനർഘ സമ്പത്ത്:**

മറ്റുള്ളവരുമായി നല്ല ബന്ധം പുലർത്തുക എന്നത് ജീവിതത്തിന്റെ ഒരു വലിയ നേട്ടമാണ്.

കഴിഞ്ഞ 58 വർഷം സെമിനാരിയിൽ അദ്ധ്യാപകനായിരുന്നതുകൊണ്ട് സഭയിലെ ഏതാണ്ട് 90 ശതമാനം പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും ഗുരുസ്ഥാനീയൻ ആകാൻ ഭാഗ്യമുണ്ടായി. അവരെല്ലാവരുമായി നല്ല സൗഹൃദം പുലർത്താൻ കഴിയുന്നത് ജീവിതത്തിന്റെ ഒരു വലിയ നേട്ടമാണ്. സഭയിൽ മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത മഹാഭാഗ്യം! സെമിനാരിയിലെ വൈസ്പ്രിൻസിപ്പൽ പലപ്പോഴും ആക്ടിങ്ങ് പ്രിൻസിപ്പൽ ആയിരുന്നു. അങ്ങനെ ആ ദൗത്യം വിജയകരമായി നിർവഹിക്കാൻ എനിക്കു കഴിഞ്ഞത് എല്ലാവരുമായി നല്ല ബന്ധം പുലർത്തിയതിനാലാണ്. സാമ്പത്തിക ഭാരം അന്നു സെമിനാരിക്കു വളരെയുണ്ടായിരുന്നു. സെമിനാരി സുഹൃത്തുക്കളെ കണ്ടെത്തുന്നതിനുള്ള ശ്രമം വിജയിച്ചു.

ഉരസലുകളും സംഘർഷങ്ങളും ബന്ധങ്ങളിൽ ചിലപ്പോൾ ഉണ്ടാകും. തെറ്റിധാരണകൾ കൊണ്ടും, അഹന്തയും, സ്വാർത്ഥതയും ഫണമുയർത്തുന്നതുകൊണ്ടും ബന്ധങ്ങൾക്ക് ഉലച്ചിൽ വരാം. പക്ഷേ വേഗത്തിൽ അനുരഞ്ജനപ്പെടാനും സൗഹൃദം വീണ്ടെടുക്കാനും ശ്രമിച്ചേ മതിയാവൂ. തെറ്റുപറ്റിയാൽ മാപ്പു പറയാനുള്ള വിനയവും വിവേകവും ഉണ്ടാകണം. മറ്റുള്ളവരുടെ നന്മകളെ അംഗീകരിക്കാനും അതിൽ അവരെ അഭിനന്ദിക്കാനും കഴിഞ്ഞാൽ ബന്ധങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കും.

സെമിനാരിയാണ് പ്രധാന പ്രവർത്തനവേദിയെങ്കിലും നാലു ഇടവകകളിൽ സേവനം അനുഷ്ഠിക്കുന്നതിനും സാധിച്ചു. രണ്ട് ഇടത്ത് പുതിയ പള്ളികൾ പണിയിക്കുന്നതിനു നേതൃത്വം നൽകി. ഒരിടവകയിൽ പതിനെട്ടും മറ്റൊന്നിൽ ഇരുപതും വർഷം സേവനം അനുഷ്ഠിച്ചു. ഒരിടത്തും പ്രശ്നമോ പ്രതിസന്ധിയോ ഉണ്ടായിട്ടില്ല. ചില വ്യക്തികൾ നമ്മുടെ സമയ പരിപാടികളോടും പ്രവർത്തന സമീപനങ്ങളോടും വിയോജിച്ചു എന്നു വരാം.

## സ്ത്രീ സുരക്ഷിതത്വം : മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

MARCH - 8

**സ്ത്രീ**കളെ സംരക്ഷിക്കേണ്ടതു സർക്കാരിന്റെയോ വനിതാ സംഘടനകളുടെയോ മാത്രം ഉത്തരവാദിത്തമല്ല. അത് സമൂഹത്തിന്റെ മൊത്തത്തിലുള്ള കടമയാണ്.

പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്വന്തം വീടുകളിലുമെല്ലാം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചു വരികയാണ്. സ്ത്രീകൾക്കു സുരക്ഷ ഏർപ്പെടുത്താൻ ശക്തമായ പുതിയ നിയമങ്ങൾ കൊണ്ടുവരാം. പക്ഷേ പുരുഷനും സ്ത്രീയും തുല്യരാണെന്ന് ആത്യന്തികമായി സമൂഹം അംഗീകരിക്കണം. പൊതുമണ്ഡലത്തിലേക്കു കടന്നു വരുന്ന സ്ത്രീകളെ ആദരിക്കുകയും സംരക്ഷിക്കുകയും വേണം. ഇത്തരമൊരു മഹത്തായ പൈതൃകം നമുക്ക് ഉണ്ടായിരുന്നതെന്നു സ്വയം വിമർശനം നടത്തുകയും തിരുത്തുകയും വേണം.

(റിപ്പബ്ലിക് ദിന പ്രഭാഷണം, 20-1-2013)

അവർ ചിലപ്പോൾ വിമർശനങ്ങൾ ഉയർത്തുകയും ചെയ്യാം. പക്ഷേ അവരിൽ നിന്നു അകന്നു നിൽക്കാനോ, ശത്രുതാ ഭാവത്തോടെ വർത്തിക്കാനോ ഇടയായിട്ടില്ല. പക്ഷാഭേദമോ, വിവേചനമോ കാണിക്കാതെ എല്ലാവരോടും സൗഹൃദം നിലനിറുത്തുകയാണാവശ്യം.

**7. കക്ഷി വൈരാഗ്യവും, സങ്കുചിതവും കടന്നുവരാൻ അനുവദിച്ചുകൂടാ:**

ഞാൻ ഒരു ഉറച്ച ഓർത്തഡോക്സു സഭാ വിശ്വാസി തന്നെ. അതുകൊണ്ട് മറുഭാഗത്തുള്ളവരെ ശത്രുക്കളായി കാണുന്ന സമീപനം എനിക്കില്ല. ക്രിസ്തുവിനോടുള്ള സ്നേഹവും, ക്രിസ്തുവിന്റെ സ്നേഹവും നമ്മുടെ ഹൃദയത്തിൽ ഇല്ലാതാകുമ്പോഴാണ് നമ്മിൽ നിന്ന് ഭിന്നിച്ചു നിൽക്കുന്നവരെയും, ആശയത്തിൽ വ്യത്യസ്തത പുലർത്തുന്നവരെയും ശത്രുക്കളായി കാണുന്നത്. ഇതര സഭാ വിഭാഗങ്ങളിൽ പെട്ടവരുമായി സൗഹൃദം പുലർത്താനും, അവരുമായി ആശയ വിനിമയം നടത്താനും കഴിയണം.

സഭയും സഭാ പ്രവർത്തനവും സഭാ മക്കളെ ദൈവത്തോടും അന്യോന്യവും നല്ല ബന്ധം നിലനിറുത്താൻ പ്രേരിപ്പിക്കണം സഭ എന്നുള്ളത് പോരാട്ടത്തിന്റെ വേദിയല്ല. ദൈവികമായി ജീവിക്കാൻ സഹായിക്കുന്ന മാധ്യമമാണ്. മനുഷ്യരേ ദൈവികരാക്കാനുള്ള ദൗത്യമാണ് സഭയ്ക്കുള്ളത്. അല്ലാതെ, കലഹക്കാരനും ചതിയനുമായ പിശാചിന്റെ പിണിയാളുകളാക്കി ത്തീർക്കുന്ന ഏജന്റായി മാറരുത്.

വേദപുസ്തകം വായിക്കാനല്ല, ജീവിക്കാനുള്ള പ്രേരക ശക്തിയാകണം. കത്തിച്ച ദീപം ഇരുവശത്തു പിടിച്ചും മുമ്പിൽ പ്രകടിപ്പിക്കുന്നത് ഉചിതം തന്നെ. അതിൽ നിന്ന് ഭംഗിയായും വ്യക്തമായും, സംഗീതാത്മകമായും വായിക്കുന്നതും ഹൃദ്യം തന്നെ. പക്ഷേ അതിലെ സന്ദേശം വായുവിൽ ലയിക്കുവാനല്ല; വായിക്കുന്ന ആളിന്റെയും ശ്രോതാക്കളുടേയും ജീവിതത്തിൽ പ്രതിഫലിക്കുകയാണ് ആവശ്യം. വി. വേദപുസ്തകം എന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നു സാക്ഷിക്കുന്നു. രോഗാവസ്ഥയിൽ സാന്ത്വനവും പ്രതിസന്ധികളിൽ വെളിച്ചവും പകർന്നിട്ടുണ്ട്.

**8. ധനത്തോടുള്ള സമീപനം:**

ഞാൻ ജനിച്ചു വളർന്നത് ഒരു സാധാരണ കർഷക കുടുംബത്തിലാണ്. വൈജ്ഞാനിക പാരമ്പര്യമോ, ബൗദ്ധിക പൈതൃകമോ ഒന്നും അവകാശപ്പെടാനില്ല. സാമ്പത്തിക ഞെരുക്കം അനുഭവിച്ചാണ് വളർന്നതും പഠിച്ചതും. അതിനിടയിൽ രോഗപീഡകളും വന്നു. എന്നാൽ തക്കസമയത്ത് ആവശ്യങ്ങൾ നിറവേറാൻ വഴിതുറന്നു വന്നിട്ടുണ്ട്. ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ട് എങ്കിലും ധനത്തോട് അമിതമായ ആസക്തിയോ ധനത്തിലുള്ള ആശ്രയമോ ഉണ്ടായിട്ടില്ല. വരവിന്റെയും ചെലവിന്റെയും കൃത്യമായ കണക്ക് എഴുതി സൂക്ഷിക്കുക എന്നത് ശെമ്മാശൻ ആയിരുന്ന കാലം മുതൽ ശീലമാക്കിയതാണ്. അതിന് എന്നെ ഉപദേശിച്ചത് അന്ന് എന്റെ ഇടവക മെത്രാപ്പോലീത്താ ആയിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ്. മറ്റൊരു സഭാ പിതാവ് നൽകിയ ഉപദേശവും ഞാൻ ഓർക്കുന്നു: "കഴിയുമെങ്കിൽ ആരിൽ നിന്നും കടം വാങ്ങരുത്". ഇത് എപ്പോഴും സാധിച്ചെന്നു വരികയില്ല. എങ്കിലും ഒരു പ്രമാണമായി എടുക്കേണ്ടതാണ്. കടം വാങ്ങുന്ന് ഒരു ശീലമാക്കി, പ്രശ്നങ്ങളിൽ എത്തിയ ചില വൈദികരെയും അത്മായരേയും ഞാൻ ഓർക്കുന്നു.

ഈ സന്ദർഭത്തിൽ പറയേണ്ട ഒന്നാണ് ദശാംശം നൽകുന്നതിനെക്കുറിച്ച്. ഇതു സഭയുടെ കല്പനകളിൽപെട്ട ഒന്നാണ്. ഇതു കൃത്യമായി മാറ്റി വയ്ക്കുന്നവർ ചുരുക്കം പേരെങ്കിലും ഉണ്ട്. ഇടവകാംഗങ്ങളിൽ ദശാംശം നൽകുന്നത് ജീവിത നിഷ്ഠയാക്കി മാറ്റാൻ തക്കവണ്ണം പ്രബോധനം നൽകി അവരെ അക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്ന വൈദികരുണ്ട്.

ഞാൻ പഠിച്ച ഒരു പാഠമാണ്; ദശാംശം മാറ്റി വയ്ക്കുക; നമ്മുടെ ആവശ്യങ്ങൾക്ക് ഒരിക്കലും പണം ഉണ്ടാകാതെ പോവുകയില്ല. സഭയിൽ 'ദശാംശദായക സംഘടന' എന്ന പേരിൽ ഒരു പ്രസ്ഥാനം ഇടവകകൾ തോറും രൂപപ്പെടുത്താൻ ഞാനും എം. വി. ജോർജച്ചനും ഒരു പദ്ധതി ആസൂത്രണം ചെയ്തുവെങ്കിലും അതു ഫലമണിഞ്ഞില്ല.

**9. സ്ഥാനമാനങ്ങൾക്കുവേണ്ടി മോഹിക്കുകയോ, അവ നേടിയെടുക്കാൻ അടവുകൾ പ്രയോഗിക്കുകയോ അരുത്:**

ഇന്ന് മാനേജിംഗ് കമ്മറ്റിയിൽ കയറിപ്പറ്റാൻ വേണ്ടിയും മെത്രാൻ സ്ഥാനം കരസ്ഥമാക്കാൻ വേണ്ടിയും എന്തെല്ലാം കുത്സിതങ്ങളായ വഴികൾ തേടുന്നു. കഴിവുള്ളവരും ആദർശവാദികളും പുറന്തള്ളപ്പെടുന്നു. അടവുപ്രയോക്താക്കൾ പല സ്ഥാനങ്ങളിലും കയറിപ്പറ്റുന്നു.

ഒരു കാര്യം എനിക്കു ആത്മാർത്ഥമായി പറയാം: ഏതെങ്കിലും ഒരു സ്ഥാനത്തിനു വേണ്ടി ഞാൻ മോഹിക്കുകയോ, അതു നേടാൻ വേണ്ടി പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പല ഉത്തരവാദപ്പെട്ട സ്ഥാനങ്ങളും ചുമതലകളും എന്നിൽ നിക്ഷിപ്തമാവുകയായിരുന്നു. ബി.ഡി. യുടെ പരീക്ഷാഫലം വരുന്നതിനു മുമ്പു തന്നെ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ എന്നെ സെമിനാരിയിൽ അദ്ധ്യാപകനായി നിയമിച്ചു. അവിടെ ഞാനിപ്പോഴും തുടരുന്നു. പല ഉത്തരവാദപ്പെട്ട പദവികളും അവിടെ ഞാൻ വഹിച്ചിട്ടുണ്ട്. സഭയിലെ യുവജനപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി അഞ്ചു വർഷം പ്രവർത്തിച്ചു. സൺഡേസ്ക്കൂൾ അസോസിയേഷന്റെ ഡയറക്ടർ ജനറൽ ആയി പ്രവർത്തിച്ചത് പതിന്നാലു വർഷമാണ്. അവിടെ നൂതനമായ പല പദ്ധതികളും പരിപാടികളും നിർമ്മാണ പ്രവർത്തനങ്ങളും സാധ്യമാക്കി. മാനേജിംഗ് കമ്മറ്റിയിലും രണ്ടു പ്രാവശ്യം പ്രവർത്തിച്ചു. വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് പലരും എന്റെ പേര് നിർദേശിച്ചു എങ്കിലും, അതിനു വേണ്ടി മത്സരം ഉണ്ടാകുന്നു എന്നു വന്നപ്പോൾ ഞാൻ പിന്മാറുകയായിരുന്നു.

പല ഉത്തരവാദിത്തങ്ങളും എന്നെ ത്തേടി എത്തുകയായിരുന്നു. മനോരമയിൽ "ഇന്നത്തെ ചിന്താവിഷയം" എന്ന പംക്തി എഴുതുവാൻ ആവശ്യപ്പെട്ടു. ആ ദൗത്യം ഇന്നും തുടരുന്നു. ആകാശ വാണിയിൽ "സുഭാഷിതം" എന്ന പരിപാടിയിലേക്ക്, അവിടെ നിന്നു ക്ഷണം എത്തുകയായിരുന്നു. കഴിഞ്ഞ പതിനഞ്ചു വർഷമായി അതു തുടരുന്നു. ശാലോം, ആത്മീയ യാത്ര എന്നീ ടെലിവിഷൻ ചാനലിലേക്കും ഇങ്ങോട്ട് ആവശ്യപ്പെട്ടു വരികയായിരുന്നു. ഞാൻ അർഹിക്കുന്നതിൽ അധികമായ അംഗീകാരവും, സ്വീകരണവും ലഭിക്കുന്നു എന്നാണ് എന്റെ തോന്നൽ. ഇതിനൊക്കെ കാരണം എന്റെ പാണ്ഡിത്യമികവോ, ബൗദ്ധിക സിദ്ധികളോ ഒന്നുമല്ല. ദൈവത്തിന്റെ കൃപ ഒന്നു മാത്രം. 'ദൈവം ഉപയോഗിക്കുന്ന ഒരു മനുഷ്യൻ' എന്ന സ്ഥാനം മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു.

എട്ടു പതിറ്റാണ്ടു പിന്നിന്ന എന്റെ ജീവിതം ഏറെക്കാര്യങ്ങൾ എന്നെ പഠിപ്പിച്ചു. അവയിൽ ചിലതൊക്കെ ഞാൻ കുറിക്കുകയായിരുന്നു. ഇങ്ങനെ ഒരു തിരിഞ്ഞു നോട്ടത്തിന് അവസരം ഒരുക്കിയ മലങ്കരസഭ പത്രാധിപർ ബഹു. ജോൺ തോമസ് കരിങ്ങാട്ടിലച്ചനോടുള്ള നന്ദി പ്രകാശിപ്പിച്ചു. ■

ഓർമ്മച്ചെപ്പ്

**പി. റ്റി. തങ്കച്ചൻ**

# ഭക്തനും ബഹുമുഖ പ്രതിഭയും

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പമുള്ള മുപ്പത്തിയാറ് വർഷത്തെ അനുഭവങ്ങളുമായി പി. റ്റി . തങ്കച്ചൻ...



മുപ്പത്തിയാറ് വർഷം സമ്മാനിച്ച അനുഭവങ്ങൾ പി. റ്റി . തങ്കച്ചൻ എങ്ങനെ ഒരു പേജിൽ എഴുതി തീർക്കും? ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് എന്ന ഭക്തനും, ബഹുമുഖപ്രതിഭയും, മനുഷ്യസ്നേഹിയുമായ മഹാപുരോഹിതനോടൊപ്പമുള്ള എന്റെ പ്രവർത്തനകാലഘട്ടം ജീവിതത്തിലെ എറ്റവും അനുഗ്രഹിക്കപ്പെട്ട നിമിഷങ്ങളായിരുന്നു .

ഓരോ മനുഷ്യനെയും മനുഷ്യനായിക്കണ്ട മനുഷ്യസ്നേഹിയായിരുന്നു ഒസ്താത്തിയോസ് തിരുമേനി. മനം മടുപ്പിക്കുന്ന ഒരു വാക്കോ പ്രവൃത്തിയോ തിരുമേനിയിൽ നിന്നും ഒരിക്കൽ പോലും എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. ശകാരം വളരെ കടുത്തതാണെങ്കിലും തിരുമേനിയുടെ സ്നേഹത്തിനും കരുതലിനും മുമ്പിൽ അതെല്ലാം നിസ്സാരമായിരുന്നു. ബാല്യകാലത്ത് കഷ്ടതകൾ അനുഭവിച്ച തിരുമേനിക്ക് മറ്റുള്ളവരുടെ കഷ്ടതയും പ്രയാസവും നന്നായി മനസ്സിലാകുമായിരുന്നു. അനേകം വ്യക്തികൾക്ക് സ്വന്തം കാലിൽ നിൽക്കുവാനുള്ള മാർഗ്ഗം മാർ ഒസ്താത്തിയോസ് തിരുമേനി കാണിച്ചുകൊടുത്തു. അനേകം പേർക്ക് തിരുമേനി പ്രകാശം പകർന്നു. യാത്രകൾക്കിടയിൽ പരിചയക്കാർ ഉണ്ടെങ്കിൽ അവിടെ കയറണം എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു. എത്ര ബുദ്ധിമുട്ടിയാലും വീടുകൾ കണ്ടെത്തും . ജാതിമതവ്യത്യാസം കൂടാതെ എല്ലാവരെയും അദ്ദേഹം സ്നേഹിച്ചിരുന്നു. ഒസ്താത്തിയോസ് തിരുമേനിയുടെ വേഗതയ്ക്ക് ഒപ്പം ഓടിയെത്തിയില്ലെങ്കിൽ ദേഷ്യപ്പെടും. വാക്കിലും ചിന്തയിലും പ്രവൃത്തികളിലും അത്രയ്ക്ക് വേഗതയാണ്.

വി. കുർബാനയ്ക്ക് മുമ്പ് നിശബ്ദത നിർബന്ധമായിരുന്നു. പട്ടംകൊട പോലെയുള്ള ശുശ്രൂഷകൾക്ക് മുമ്പ് ദിവസങ്ങളോളം മൗനമായി ധ്യാനിക്കുമായിരുന്നു. വി. കുർബാനയുള്ള ദിവസം സന്ധ്യമുതലേ ഒരുങ്ങും. വിവാഹം പോലെയുള്ള കൂദാശകൾക്ക് പോകുമ്പോൾ വധൂവരൻമാരുടെ പേരും വിലാസവും എല്ലാം വിശദമായി ശെമ്മാശൻമാരോട് ചോദിച്ച് മനസ്സിലാക്കും. പള്ളിയിൽ എത്തുന്നതുവരെ മൗനമായി പ്രാർത്ഥിക്കും.

സ്വന്തമായി ഒന്നും സമ്പാദിച്ച് വയ്ക്കാതെ ഉള്ളത് പങ്കിട്ടുകൊടുത്ത ജീവിതമായിരുന്നു തിരുമേനിയുടേത്. ആരും അറിയാതെ അനേകരെ അദ്ദേഹം സഹായിച്ചിരുന്നു. വരവു ചെലവു കണക്കുകൾക്ക് സുതാര്യത വരുത്തുവാൻ രസീത് നൽകിയിരുന്നതിനാൽ അത്തരം ഫണ്ടിൽ നിന്നുള്ള സംഭാവനകൾക്ക് രേഖകൾ സൂക്ഷിച്ചിരുന്നു. അന്നന്ന് ചെയ്യേണ്ട കാര്യങ്ങൾ തീർത്തിട്ടേ അദ്ദേഹം ഉറങ്ങിയിരുന്നുള്ളു. അതത് ദിവസം ഏൽപ്പിച്ചതും ചെയ്തുതീർത്തതും സുത്താറയ്ക്ക് മുമ്പായി ശെമ്മാശന്മാർ അറിയിക്കും. ഒരു കാര്യം ചെയ്യണം എന്ന് തോന്നിയാൽ എത്ര ബുദ്ധിമുട്ടിയാലും, പ്രാർത്ഥിച്ച് സംഗതി നടത്തുമായിരുന്നു. ഇന്ന് കാണുന്ന പല പ്രസ്ഥാനങ്ങൾക്കും പുറകിൽ അത്തരം കൃത്യതയുടെയും സർവ്വോപരി പ്രാർത്ഥനയുടെയും അടിസ്ഥാനമുണ്ട്. പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടായപ്പോൾ ഉറക്കം പോലും ഉപേക്ഷിച്ചാണ് ഒസ്ത്താത്തിയോസ് തിരുമേനി പ്രവർത്തനങ്ങൾ നടത്തിയത്.

എവിടെയായിരുന്നാലും ഒരു വേദപുസ്തകവും, ലൈറ്റും കിടക്കയോട് അടുത്ത് നിർബന്ധമായിരുന്നു. തനിയെ വായിച്ചും, വായിച്ചുകേട്ടും, വേദപുസ്തകം ഹൃദയത്തിൽ പകർത്തിയെഴുതി. ജീവിതത്തിലെ അവസാന ദിനങ്ങളിലും വേദപുസ്തകം വായിപ്പിച്ച് കേൾക്കുമായിരുന്നു. ഒസ്താത്തിയോസ് തിരുമേനിക്ക് പ്രാർത്ഥന ജീവശ്വാസമായിരുന്നു. പ്രാർത്ഥനാമനുഷ്യന്റെ ഭാവങ്ങൾ തിരുമേനി പ്രകടിപ്പിച്ചിരുന്നില്ല. ഏത് പ്രായക്കാരെയും തിരുമേനിയോട് അടുപ്പിച്ച് യേശുക്രിസ്തുവിനെ ചൂണ്ടിക്കാണിച്ച് കൊടുക്കും. പാട്ടുകൾ പാടിക്കും, പ്രാർത്ഥിപ്പിക്കും. മേൽപ്പട്ടത്തിന് അടുത്ത പരിവേഷങ്ങൾ ഒന്നും കൂടാതെ ഒരു മകനെപ്പോലെ എന്നെ സ്നേഹിച്ച ഒസ്താത്തിയോസ് തിരുമേനിയെക്കുറിച്ച് അനേകം എഴുതുവാനുണ്ട്. ഞാൻ രോഗിയായിക്കിടന്നപ്പോൾ തിരുമേനി ഏറെ ബുദ്ധിമുട്ടി എന്നെ കാണുവാൻ വന്നു. എന്റെ ആവശ്യങ്ങളും, സങ്കടങ്ങളും ഞാൻ പറയാതെ മനസ്സിലാക്കി. കരുതി, സ്നേഹിച്ചു. അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ ഭൗതിക ശരീരം കബറിൽ വച്ചപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി...! എന്നാൽ ഇന്ന് തിരുമേനി ഏറെ ശക്തനായി എപ്പോഴും എന്റെ കൂടെയുണ്ട് എന്ന് ഞാൻ തിരിച്ചറിയുന്നു. ഒസ്താത്തിയോസ് തിരുമേനി ദൈവത്തെയും മനുഷ്യരെയും സ്നേഹിച്ചു. ദൈവത്തിനും പ്രിയനായി ജീവിച്ചു.

അനുഭവം

# കബർ പണി നിയോഗം പോലെ

**ഉമ്മൻ കൊച്ചുമ്മൻ, മാവേലിക്കര**



**ഡോ.** ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അന്ത്യവിശ്രമസ്ഥലം തയ്യാറാക്കുന്ന ചുമതല നിർവ്വഹിക്കുവാൻ കഴിഞ്ഞത് ഒരു നിയോഗമായി കരുതുന്നു.

ആ പുണ്യ പിതാവിന്റെ ജീവിതവും ആവേശവും അറിയാവുന്ന സുമനസ്സുകൾക്ക് ആനന്ദവും ആത്മസംതൃപ്തിയും നൽകുന്ന തരത്തിൽ അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥലം പണിതൊരുക്കി. ഇത് മഹാഭാഗ്യമായും ദൈവനിയോഗമായും കരുതുന്നു. കഴിഞ്ഞകാലങ്ങളിൽ പല പിതാക്കന്മാരുടെയും കബറടക്ക ശുശ്രൂഷകൾ ദൂരെ നിന്നു മാത്രം കണ്ടിട്ടുള്ള എനിക്ക് തിരുമേനിയുടെ കബറടക്ക ശുശ്രൂഷകളും, ഭൗതിക ശരീരവും, കബറും, അത് മൂടുന്നതുമൊക്കെ അടുത്തുനിന്നു കാണുവാനുള്ള അസുലഭ സന്ദർഭം ലഭിച്ചു.

മിഷൻ സെന്ററിൽ തിരുമേനി താമസിച്ചിരുന്ന മുറിയ്ക്ക് മിനുക്കുപണികൾ ചെയ്ത് വാതിലുകൾ വലുതാക്കി, ഉൾവശം മനോഹരമാക്കിയത് എന്റെ ചുമതലയിലായിരുന്നു. ലളിത ജീവിതം മുറുകെപ്പിടിച്ച പിതാവായിരുന്നെങ്കിലും അസ്വസ്ഥതകളും അനാരോഗ്യവും ഏറിവന്ന നാളുകളിൽ അദ്ദേഹത്തിന്റെ താമസസ്ഥലത്ത് അത്രയെങ്കിലും മാറ്റങ്ങൾ വരുത്തിയത് സന്ദർശിച്ചവർക്കും ശുശ്രൂഷിച്ചവർക്കുമെല്ലാം ഒത്തിരി ആശ്വാസമാണുണ്ടാക്കിയത്. അതിന്റെ തുടർച്ചയായിട്ടാണ് കബറിടത്തിന്റെ അലങ്കാരപണികളും എന്നെ ഏൽപ്പിച്ചത്. അതൊരു നിയോഗമായിട്ടാണ് ഏറ്റെടുത്തതും.

കബറിടം ഒരുക്കുന്നതിൽ അഭിവന്ദ്യ പിതാക്കന്മാരും ബഹു. അലക്സാണ്ടർ ഏബ്രഹാം അച്ചനും (അപ്പു അച്ചൻ) നൽകിയ നിർദ്ദേശങ്ങൾ എന്റെ അദ്ധ്വാനത്തെ ലഘൂകരിക്കാൻ സഹായിച്ചിട്ടുണ്ട്. അന്ത്യവിശ്രമസ്ഥലം നിശ്ചയിച്ച്, നിർമ്മാണ ജോലികൾ മുൻകൂട്ടി ചെയ്തിരുന്നതിനാൽ കബറടക്കത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു എന്റെ കർത്തവ്യം. എന്നാൽ മൂടി മാറ്റി കബർ തുറന്നപ്പോൾ ആവശ്യത്തിലും ഏറെ വിസ്താരമുള്ളതായിട്ടാണ് ബോദ്ധ്യപ്പെട്ടത്. തിരുമേനിയുടെ അന്ത്യവിശ്രമസ്ഥലം ഏറ്റവും ഭംഗിയായും വെടിപ്പായും നിലനിൽക്കണമെന്നതാൽപ്പര്യത്തിലാണ് തോംസൺ ഗ്രൂപ്പിലെ സണ്ണിച്ചായൻ (ശ്രീ. വി.റ്റി. ജോൺ) അതിന്റെ പണികൾ ചെയ്തു തരുവാനായി മുന്നോട്ടു വന്നത്.

തിരുമേനിയുടെ കബറടക്കത്തിനായി 700 കിലോ ഗ്രാം കുന്തിരിക്കമാണ് എത്തിച്ചിരുന്നത്. നല്ല തെളിഞ്ഞ കടൽ മണലും ശേഖരിച്ച് ആവശ്യമെങ്കിൽ ഉപയോഗിക്കാനായി ക്കൊണ്ടുവന്നിരുന്നു. കബറിന്റെ വലുപ്പം കൂടുതൽ എന്നു തോന്നിയതിനാൽ ഇരുവശത്തായി പ്ലൈവുഡ് രണ്ടുപാളികൾ ഇറക്കിവെച്ചാണ് ഭൗതികശരീരം മൂടിയത്. അതുകൊണ്ട് ക്രമീകരിച്ച കുന്തിരിക്കം പൂർണ്ണമായി മൂടുന്നതരത്തിൽ കബറിൽ നിറഞ്ഞു. വശങ്ങളിൽ മണൽ കൊണ്ടും നിറച്ചു. ഭൗതിക ശരീരം കുന്തിരിക്കം കൊണ്ട് പൂർണ്ണമായി മറച്ച് കബറിടവും പരിസരവും ഭംഗിയാക്കുവാനും, കബർപണി തുയർത്തി അത്യാവശ്യമായ അലങ്കാരപണികൾ നടത്തുവാനും, നിർദ്ദേശം ലഭിച്ചു. കബറിന്റെ പണികൾക്കായി കണ്ടുപിടിച്ച തേക്കുതടി മുഴുവനായും ഉപയോഗപ്പെടുത്തി. കബറിന്റെ മുൻ ഭാഗത്ത് തിരുമേനിയുടെ ചിത്രം കൊത്തിയെടുത്തത് ജീവനുള്ള രൂപമായിമാറി. അതിന് വേണ്ടി മാറ്റിവെച്ച പലകയിൽ സ്വതവെ ഉണ്ടായിരുന്ന വരുത്തം മുഖം കൊത്തിയെടുക്കുവാനായി ഏറ്റം ഉചിതമായിരുന്നുവെന്ന് ആശാരി മുത്ത് സാക്ഷ്യപ്പെടുത്തുന്നു. തിരുമേനിയുമായി മുഖസാദൃശ്യമുള്ള സഹോദരപുത്രൻ സൈമൺ അങ്കിൾ വന്നുകണ്ട് ഏറെ സന്തുഷ്ടനായി. തിരുമനസ്സിന്റെ ശൈലിയും രൂപവും പിൻതലമുറകൾക്ക് അനുഭവവേദ്യമാക്കാൻ ഈ നിർമ്മാണ ജോലികൾ മുഖാന്തിരമാകുമെന്ന് വശ്വസിക്കുന്നു.

അഭിവന്ദ്യ പിതാക്കന്മാരുടെ കബറുകൾക്ക് 3 1/2' x 3 1/2' x 5 1/2'. ഉൾ അളവ് ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. കബറടക്കത്തിന് 1000 കിലോഗ്രാം കുന്തിരിക്കം എങ്കിലും കരുതണം. മാത്രമല്ല ധൂപാർപ്പണത്തിനും വലംവെയ്ക്കാനുമുള്ള സ്ഥല സൗകര്യവും മാറ്റിയിടണം. കബറിടത്തിൽ എത്തുന്നവർക്ക് ശാന്തമായിരിന്ന് വേദപുസ്തകം വായിക്കാനും ധ്യാനത്തിൽ സമയം ചിലവിടാനുമൊക്കെ അവിടെയുള്ള അന്തരീക്ഷം അനുകൂലമായി സൂക്ഷിക്കുകയും വേണം. കബർ മുറിയിൽ പ്രകാശം അല്പം കുറവായിരിക്കുന്നതാണ് ഉത്തമം.

ഓർത്തഡോക്സ് വിശ്വാസത്തിന്റെ വീറും സുവിശേഷഘോഷണത്തിന്റെ അടങ്ങാത്ത ആവേശവും ജ്വലിച്ചുനിന്ന അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ പുണ്യസ്മരണകൾ മലങ്കരസഭയ്ക്ക് മാറ്റത്തിന്റെ മഹാഗർജ്ജനമായി നിലനിൽക്കണം. തിരുമനസ്സിന്റെ പ്രാർത്ഥനയുടെ ശക്തി അനേകരുടെ ഹൃദയത്തിൽ മായാതെ നിറഞ്ഞ് നിൽക്കും. ■

## വലിയ നോമ്പ്

തോമസ് രാജു, കരുവാറ്റ

# നോമ്പേ വന്നാലും

# അവനെ വണങ്ങിൻ സാഷ്ടാംഗം



ഇനി.....

നാൽപതു മൈലുള്ള യാത്ര ....

മണ്ണിൻ മക്കളെ വിണ്ണേറ്റുന്ന വ്രതശുദ്ധിയുടെ നാല്പ്പതു ദിനരാത്രങ്ങൾ

"ആദാം താതൻ തൻ ഭക്ഷണമോഹത്തെ-

വെന്നൊരു നൽ നോമ്പേ സസമാധാനം വന്നാലും" *

ഈ സമയത്തിനൊരു പ്രത്യേകതയുണ്ടെന്ന് തോന്നുന്നു....

വസന്തത്തിൻ വരവോടെ പുറത്ത് വേനൽ കനക്കുന്നു....

ഭക്ത മനസ്സിൽ താപത്തിന്റെ പെരുമഴ പെയ്യുന്നു ....

നാൽപ്പതു നോമ്പ് ഒരേ സമയം ഒരു തിരഞ്ഞെടുപ്പും, നിയോഗവുമാണ്. നമ്മുടെ ഹിതങ്ങൾ പലതും ഉപേക്ഷിക്കുവാനും, തള്ളിപ്പറയുവാനും, ചിലത് ഏറ്റെടുക്കുവാനും, ഹൃദയത്തോട് ചേർത്തു പിടിയ്ക്കുവാനും വേണ്ടി നാം സ്വയമൊരുങ്ങി തിരഞ്ഞെടുത്ത ഒന്ന്.

ഇതൊരു നിയോഗം കൂടിയാണ്....

ദൈവരാജ്യം ഭൂമിയിലും സ്ഥാപിതമാകുവാൻ വേണ്ടിയുള്ള തന്റെ ശുശ്രൂഷയുടെ പ്രാരംഭ ഒരുക്കമെന്ന നിലയിൽ വ്രതശുദ്ധിയോടെ നാൽപ്പതു ദിനങ്ങൾ കഴിച്ചു കൂട്ടിയ നസറായൻ വിശ്വാസപൂർവ്വം നമ്മെ ഭരമേൽപ്പിച്ച നിയോഗം...

പർവ്വതം കത്തിയെരിഞ്ഞിട്ടും, പുകയാവി ഉയർന്നിട്ടും, മിന്നലും ഇടിയും കാറ്റും ക്ഷോഭ-സ്തോഭങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടും യഹോവയുടെ കൈവിരൽ കൊണ്ട് എഴുതിയ കല്പനകളേയും ഹൃദയത്തോട് ചേർത്തുപിടിച്ച് മലയിറങ്ങി വന്ന യഹോവയുടെ വിശ്വസ്ത ഭൃത്യൻ മോശ തലമുറകളിലേക്ക് പകർന്ന നിയോഗം....

എരിയുന്ന തീപ്പൊയ്കയും അലറുന്ന ഭരണാധിപന്മാരും, ചഷകങ്ങളിൽ നുരയ്ക്കുന്ന ലഹരിയും കാഞ്ചന നിർമ്മിത ദേവപ്രതിമകളും ഭയപ്പെടുത്തിയിട്ടും, ഭ്രമിപ്പിച്ചിട്ടും, മോഹിപ്പിച്ചിട്ടും 'സത്യദൈവമായ യഹോവയെ മാത്രമേ ഞങ്ങൾ ആരാധിക്കൂ' എന്നും രാജഭോജനത്താൽ ഞങ്ങൾ ഞങ്ങളെതന്നെ അശുദ്ധരാക്കുകയില്ല എന്നും ശപഥം ചെയ്ത് ശാകപദാർത്ഥവും പച്ചവെള്ളവും ഭുജിച്ച് ബാബേലിലെ എരിതീയെ ലജ്ജിപ്പിച്ച മൂന്നു യുവാക്കൾ കൈമാറിതന്ന നിയോഗം....

തലയ്ക്കുമീതെ മരണം വട്ടമിട്ട് പറക്കുന്നു എന്ന തിരിച്ചറിവുണ്ടായ നിമിഷം മുതൽ മേൽത്തരമായ മണിയറയും, പട്ടാടച്ചമയങ്ങളും മോടിയെഴും മണിമേടകളും കൈവിട്ട് സങ്കടകരമാം ബാഷ്പം തൂകി ദീനാരാവത്തോടെ ദൈവസന്നിധിയിലേക്ക് തിരിഞ്ഞ് രക്ഷ പ്രാപിച്ച നിനുവ മഹാ നഗരിയിലെ അനുതാപികൾ വിനയത്തോടെ നമ്മോടു ചൊല്ലുന്ന നിയോഗം....

ആസുരമായ നടപടികൾ കൊണ്ട് കാലം ഏറെ കലുഷിതമായി തുടരുന്ന ഈക്കാലത്തും ഈ നിയോഗത്തിന്റെ പ്രാധാന്യവും പ്രസക്തിയും അസ്തമിക്കുന്നില്ല.... ചുറ്റിലും നിശാചരന്മാർ ഇരുളിന്റെ പ്രവൃത്തി തുടരുകയാണെന്ന് പരിഭവിച്ച് വ്രതനിഷ്ഠയുടെ വിളിയിൽ നിന്നും ഉൾവലിയേണ്ട.... ഗുരുമൊഴി ചൊല്ലുന്നു.

നിങ്ങൾ ദൈവരാജ്യത്തിൽ നിന്നും ഏറെ അകലെയല്ല...

'ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ'

നമുക്കിടയിൽ ചാരം മൂടിക്കിടക്കുന്ന ഈ കനലിനെ ഊതി തെളിയിക്കുവാനും എവിടെയോ, എന്നോ അണഞ്ഞു പോയതെന്നു തോന്നുന്ന നമ്മുടെ ജീവിതത്തിന്റെ കൈത്തിരി ദീപ്തമാക്കുവാനും, ആ പ്രകാശത്തിന്റെ ചുവടുപിടിച്ച് ഹൃദയനിർമ്മലതയോടെ നിത്യപ്രകാശത്തിലേക്ക് തീർത്ഥാടനം ചെയ്യുവാനും നമുക്കാവുമെങ്കിൽ.... ഈ നോമ്പുകാലം ഏറെ അർത്ഥപൂർണ്ണമാകും.

ഈ നാൽപ്പതു ദിനങ്ങൾ നാം അതീവ സുരക്ഷിതരൊന്നുമല്ല. സുരക്ഷയുടെ ബുള്ളറ്റ് പ്രൂഫുകൾ ധരിച്ചല്ല നാം ഈ ദിനങ്ങളിൽ യാത്ര ചെയ്യുന്നതും... ഇവയൊക്കെ നാം ആർജ്ജിക്കുന്നതിനെക്കാൾ ഉപരിയായി ഇവയെല്ലാം അവൻ നമ്മെ ധരിപ്പിക്കും എന്നു പ്രത്യാശിക്കുന്നതാണുചിതം. ഈ ദിനങ്ങളിൽ പലതും പലരും നമ്മെ തേടിവരും. അവയോടൊക്കെ, അവയുടെ മോഹിപ്പിക്കുന്ന ഭംഗിയോയൊക്കെ ഒരു അകലം പാലിക്കുവാൻ.... 'ലാവണ്യ ദൂരം' എന്നൊക്കെ പേരിട്ടുവിളിക്കും പോലെയുള്ള ഒരു അകലം പാലിക്കുവാൻ നമുക്ക് പരിശീലിക്കാം. പരിശോധകൻ ഒപ്പമുണ്ട്. തിരുവചനവും അതുതന്നെയാണല്ലോ പറയുന്നത് "ആ നാൽപ്പതു ദിവസവും

*ശേഷം 21-ാം പേജിൽ*

## വേദവിചാരം

**ഫാ. ഡോ. ജേക്കബ് കുര്യൻ**

# സാധാരണക്കാരന്റെ ഭവനത്തിലെ അതിഥി



**ലൂക്കോ. 19:1–10**

യേശു യരിഹോവിൽ പ്രവേശിച്ചു യാത്ര തുടർന്നു അവിടെ സഖായി എന്നൊരാളുണ്ടായിരുന്നു. ചുങ്കം പിരിവുകാരിൽ പ്രധാനിയും ധനികനുമായിരുന്നു സഖായി. യേശു ആരാണെന്നു കാണാൻ അയാൾ അഭിവാഞ്ഛിച്ചു; പക്ഷേ, പൊക്കം കുറഞ്ഞവനായിരുന്നതിനാൽ ജനബാഹുല്യം മൂലം സഖായിക്ക് യേശുവിനെ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹത്തെ കാണാൻ സഖായി മുമ്പേ ഓടി ഒരു കാട്ടത്തിമരത്തിൽ കയറി ഇരുന്നു. യേശുവിനു ആ വഴിയാണു കടന്നുപോകേണ്ടിയിരുന്നത്. ഇവിടെയെത്തിയപ്പോൾ യേശു മുകളിലേക്കു നോക്കി, സഖായി, വേഗം ഇറങ്ങിവരൂ. ഇന്നു നിന്റെ വീട്ടിലാണ് എനിക്ക് പാർക്കേണ്ടത് എന്നുപറഞ്ഞു.

സഖായി വേഗം താഴെയിറങ്ങി യേശുവിനെ സന്തോഷപൂർവ്വം സ്വീകരിച്ചു. ഇതുകണ്ടപ്പോൾ പാപിയായ ഒരു മനുഷ്യന്റെ അതിഥിയായിട്ടാണല്ലോ അദ്ദേഹം പോയിരിക്കുന്നത് എന്നുപറഞ്ഞ് എല്ലാവരും പിറുപിറുത്തു. സഖായി എഴുന്നേറ്റ് നിന്ന് കർത്താവിനോട് പറഞ്ഞു; 'ഗുരോ, ഇതാ എന്റെ സമ്പാദ്യത്തിൽ പകുതി ദരിദ്രർക്കു കൊടുക്കുവാൻ പോകുകയാണ്. ആരിൽനിന്നെങ്കിലും ഏതെങ്കിലും ഞാൻ വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലു മടങ്ങു തിരിച്ചു കൊടുക്കും.

യേശു പറഞ്ഞു. 'ഇന്ന് ഈ ഭവനത്തിനു രക്ഷ വന്നിരിക്കുന്നു. ഇവനും അബ്രഹാമിന്റെ മകനത്രെ. നഷ്ടപ്പെട്ടു പോയതിനെ തേടിപ്പിടിച്ചു രക്ഷിപ്പിനത്രെ മനുഷ്യപുത്രൻ വന്നത്.

**1. *വേദഭാഗം അതിന്റെ പശ്ചാത്തലത്തിൽ***

ചുങ്കം പിരിവുകാരിൽ പ്രധാനിയും ധനവാനുമായ സഖായിയുടെ ഭവനത്തിൽ യേശു അതിഥിയായതു യാദൃശ്ചികമായിട്ടായിരുന്നു. പക്ഷേ അതൊരു ചരിത്ര സംഭവമായിമാറി.

യരിഹോ ഭൂപ്രകൃതികൊണ്ടും, ഫലപുഷ്ടികൊണ്ടും, യരുശലേമിനോടുള്ള സാമീപ്യം കൊണ്ടും ചുങ്കം പിരിക്കുന്നതിന്റെ സുപ്രധാന സ്ഥാനമായിരുന്നു. മാത്രമല്ല യോർദ്ദാന്റെ കിഴക്കേ പ്രദേശത്തുള്ളവർക്കു യരുശലേമിൽ പോകേണ്ടതു യരിഹോവിൽ കൂടിയായിരുന്നു. റോമാ ഗവണ്മെന്റ് ചുങ്കം പിരിച്ചെടുത്തിരുന്നത് ഇടനിലക്കാരിലൂടെയായിരുന്നു. ഇപ്രകാരം ചുങ്കം പിരിയ്ക്കുന്നവർക്കു റോമാ ഗവണ്മെന്റിന്റെ സർവ്വപിന്തുണയും ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ ശേഷം യഹൂദന്മാർ ചുങ്കം പിരിവുകാരെ, അവർ യഹൂദന്മാരായിരുന്നുവെങ്കിലും അവജ്ഞയോടെ മാത്രമെ വീക്ഷിച്ചിരുന്നുള്ളൂ. ഈ ഗണത്തിൽപ്പെട്ടവനായിരുന്നു സഖായി. ചുങ്കം പിരിവ് മൊത്തമായി ഏറ്റിരുന്ന ധനവാനായ ചുങ്കം പിരിവുകാരൻ ആയിരുന്നതിനാലായിരിക്കണം, 'ചുങ്കക്കാരിൽ പ്രധാനി' എന്നദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. തന്നെ വെറുക്കുന്ന ജനങ്ങളുടെ ഇടയിൽ കയറി എങ്ങനെയെങ്കിലും യേശുവിനെ കാണുവാൻ ശ്രമിക്കാതെ, ഒരു മരക്കൊമ്പിൽ നിന്നു സൗകര്യമായി കാണുവാൻ ആഗ്രഹിച്ചതു സ്വാഭാവികം തന്നെ. സഖായിയെ മരത്തിൽനിന്നു വിളിച്ചിറക്കി അയാളുടെ ആതിഥ്യം ചോദിച്ചു വാങ്ങിയത് അങ്ങനെയാണ്. യേശു തന്നെ തേടുന്നവരുടെ ഹൃദയങ്ങളിലേക്കു കടന്നുചെന്നിരുന്നതിന്റെ ഉദാഹരണമാണു ധനവാനെങ്കിലും സഖായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് (ലൂക്കോ. 18:24 കാണുക). ന്യായപ്രമാണത്തിൽ പറയുന്ന നഷ്ടപരിഹാര നിർദ്ദേശങ്ങളെ (പുറ. 22:1–7; ലേവ്യ 6:5, സംഖ്യ 5:7) ഉദാരമായി അനുസരിയ്ക്കുന്ന വിധത്തിലാണു സഖായി തന്റെ സമ്പത്തിന്റെ കാര്യവിചാരകത്വം നിർവ്വഹിച്ചത്.

**2. *വേദഭാഗത്തിന്റെ അർത്ഥം അന്നും ഇന്നും***

ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതു പ്രയാസമെങ്കിലും, (18:24, 25) ദൈവത്താൽ അതും സാധ്യമെന്നു യേശുമിശിഹാ പറഞ്ഞതിനു വ്യക്തമായ ഒരുദാഹരണമാണു സഖായി.

പൊക്കം കുറഞ്ഞവനായിട്ടും, ജനബാഹുല്യമുണ്ടായിട്ടും സഖായി യേശുവിനെ കാണുവാനുള്ള ആഗ്രഹം കൈവിട്ടില്ല. സ്വന്തം ബലഹീനതയെയോ മറ്റുള്ളവരെയോ ശപിക്കുവാനല്ല സഖായി തുനിഞ്ഞത്. അയാൾ യേശുവിനെ കാണുവാനുള്ള മാർഗ്ഗം ആരാഞ്ഞു, അതുകണ്ടെത്തി.

താൻ പൊക്കം കുറഞ്ഞവനാണെന്ന ബോധ്യം സഖായിക്കുണ്ടായതു നന്നായി. സ്വയം പരിശോധനയുടെയും അനുതാപത്തിന്റെയും പാതയിലേ യേശുവിനെ കണ്ടെത്താനാവൂ.

ജനബാഹുല്യം യേശുവിനെ മറച്ചു. അന്നും, എന്നും. യേശുവിനെ ചുറ്റിപ്പറ്റി നടക്കുന്നവർ നിമിത്തം പലർക്കും യേശുവിനെ കാണാൻ വയ്യാതെ വരുന്നു. അവർ മൂലം യേശു തന്നെയും തെറ്റിദ്ധരിക്കപ്പെടുന്നു.

സഖായി കാട്ടത്തിയിൽ കയറി യേശുവിനെ നോക്കി. സഭയും സഭയുടെ കൃപാമാർഗങ്ങളുമാകുന്ന മരത്തിൽ കയറിയാൽ യേശുവിനെ കാണുവാൻ കഴിയൂ; മാത്രമല്ല യേശു അങ്ങനെയുള്ളവരെക്കണ്ട് കടന്നുവരികയും ചെയ്യും. മരത്തിന്റെ മുകളിൽ കയറി നോക്കുവാൻ ആഗ്രഹിക്കുമ്പോൾ മനസ്സിന്റെ ഉള്ളിൽ കയറുവാൻ അനുവാദം ചോദിക്കുന്ന ഒരു ദൈവത്തിന്റെ സ്വഭാവം ഇവിടെ തെളിയുന്നു.

ആരാധനയുടെ മരത്തട്ടുകളിൽ നിന്ന് എത്തിനോക്കിയിട്ടു ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളുടെയിടയിൽ നിൽക്കുന്ന യേശുവിനെ കണ്ടു താഴെയിറങ്ങിച്ചെന്ന് അവിടുത്തെ സന്തോഷപൂർവം സ്വീകരിക്കുന്നതാണ് ക്രിസ്തീയ ജീവിതം. അവിടെ ധനത്തിന്റെയയും മറ്റു ബന്ധങ്ങളെയും വലിച്ചെറിയുന്ന രൂപാന്തരത്തിന്റെയും മാനസാന്തരത്തിന്റെയും തീരുമാനങ്ങളെ കാണുമ്പോഴാണ്, 'ഇന്ന് ഈ ഭവനത്തിനു രക്ഷയുണ്ടായി' എന്ന് കേൾക്കുന്നത്.

ദൈവത്തെ അന്വേഷിയ്ക്കുന്ന മനുഷ്യന്റെ പാതയും, മനുഷ്യനെ അന്വേഷിക്കുന്ന ദൈവത്തിന്റെ പാതയും തമ്മിൽ സമ്മേളിക്കാതിരിക്കില്ല..

കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരി 3:18) എന്ന വി. പൗലൂസിന്റെ ദർശനത്തിലും ഈ പ്രതീക്ഷയാണുള്ളത്.

പത്രോസ് കൂടാരങ്ങൾ ഉണ്ടാക്കാം എന്നുപറയുന്നു. ഇതു ആത്മാർത്ഥവും നിഷ്ക്കളങ്കവുമായ സേവനത്തിന്റെ ശബ്ദമാണെങ്കിലും ആത്മീയ ജീവിതത്തിലെ ഒരു അപകട സാധ്യതയെ വിളിച്ചറിയിക്കുകയാണു ചെയ്യുന്നത്. ആത്മീയാനുഭൂതിയുടെ അപൂർവ്വ നിമിഷങ്ങളിൽ ചിലർ സ്വന്തം നിലയും, ദൗത്യവും വിസ്മരിച്ചു മലമുകളിൽ കൂടാരമടിച്ചു അവിടെത്തന്നെ സ്ഥിതി ചെയ്യുവാൻ പ്രേരിപ്പിക്കപ്പെടും. ലോകത്തിന്റെ യാഥാർത്ഥ്യങ്ങളുമായി, ആത്മീയാനുഭവത്തെ ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു. ലോകയാഥാർത്ഥ്യങ്ങളുടെ രൂപാന്തരത്തിനു നമ്മുടെ ആത്മീയാനുഭവങ്ങളെ വിനിയോഗിച്ചേ പറ്റൂ. നേരേ മറിച്ചുള്ള സങ്കുചിതമായ ആത്മീയ സൗഭാഗ്യ പരിഗണനകളെയാണ് 'കൂടാരങ്ങൾ' പ്രതിനിധാനം ചെയ്യുന്നത്. സ്വാർത്ഥ കേന്ദ്രീതമായ ഒരാത്മീയതയെയാണ് ഈ കൂടാരങ്ങൾ ചൂണ്ടിക്കാണിക്കുന്നത് എന്നു ചിന്തിക്കാം.

**ii. *താഴ്‌വരയിലെ വിസ്മയം***

യേശുമിശിഹായുടെ മലമുകളിലെ മഹത്ത്വാനുഭവത്തിന്റെ അവിഭാജ്യവശമാണ് താഴ്‌വരയിലെ വിസ്മയ പ്രവർത്തനം. അശുദ്ധാത്മാവു ബാധിച്ച ഒരു ബാലനെ സൗഖ്യമാക്കുവാൻ താഴ്‌വരയിലുണ്ടായിരുന്ന യേശുവിന്റെ മറ്റു ശിഷ്യന്മാർക്കു കഴിഞ്ഞില്ല. എന്നാൽ യേശുവിന്റെ അടുത്തേക്കു വരുമ്പോൾത്തന്നെ ആ ബാലൻ സൗഖ്യമാകുന്നതിന്റെ ലക്ഷണം കാണിച്ചു. യേശുമിശിഹാ അവനെ പൂർണ്ണമായി സുഖപ്പെടുത്തി അവനെ അവന്റെ അപ്പന് ഏല്പിച്ചു കൊടുത്തു.

അശുദ്ധാത്മാവു ബാധിച്ച ബാലൻ, ആധുനിക തലമുറയുടെ പ്രതീകമാണ്. ആത്മശരീരമനസ്സുകളുടെ അസ്വസ്ഥതമൂലം ആത്മനിയന്ത്രണം പാലിക്കാൻ സാധിക്കാത്തവരുടെ പ്രതിനിധി. അവരെ സൗഖ്യമാക്കുവാൻ മലമുകളിലെ മഹത്ത്വവുമായി ബന്ധമില്ലാത്ത പലരും ശ്രമിച്ചു പരാജയപ്പെടുന്നു. ആദ്ധ്യാത്മികമായ അടിസ്ഥാനങ്ങളില്ലാത്ത സാമൂഹ്യ സാമ്പത്തിക വ്യതിയാനങ്ങളുടെ പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ പ്രവർത്തനങ്ങളും കൊണ്ട് ഫലം ലഭിക്കുകയില്ല. പരിപൂർണ്ണ സ്വസ്ഥതയ്ക്കു മലമുകളിലെ മഹത്ത്വാനുഭവത്തിൽ നിന്ന് താഴ്‌വരയിലേക്ക് ഇറങ്ങിവരുന്നവർ ഉണ്ടാവേണ്ടിയിരിക്കുന്നു. മലമുകളിലെ വ്യക്തിപരമായ രൂപാന്തരം താഴ്‌വരയിലെ സാമൂഹ്യരൂപാന്തരത്തിനുവേണ്ടിയായിരിക്കണമെന്നുമോർക്കണം.

**d. ഇന്നത്തെ സാഹചര്യത്തിൽ അർത്ഥം**

i. ശരിയായ ഏതു രൂപാന്തരവും ***പ്രാർത്ഥനയിലൂടെ*** (ആരാധനയിലൂടെ) നടക്കുന്നു.

ii. മഹത്വം ***കുരിശിലൂടെ*** മാത്രം.

iii. മലയിലെ മഹത്വം ***താഴ്‌വരയിൽ*** വിസ്മയത്തിനായിട്ടാണ്

iv. ***മകനെ*** അപ്പന് ഏല്പിച്ചു:

'ബാലനെ സൗഖ്യമാക്കി അപ്പനെ ഏല്പിച്ചു' എന്നതിൽ യേശുമിശിഹായുടെ പ്രവർത്തനത്തിന്റെ ഒരു പ്രധാനവശം കൂടി കാണാം. സുഖപ്പെട്ട ബാലൻ അവന്റെ അപ്പനുമായി ബന്ധപ്പെടണം എന്നതിന്റെ അർത്ഥം കേവലം വ്യക്തിപരമായ ഒരു സൗഖ്യദാനം മാത്രമല്ല, പ്രത്യുത മനുഷ്യബന്ധങ്ങളിലൂള്ള അനുരഞ്ജനവും, യഥാസ്ഥാനപ്പെടുത്തലും പുനരാവിഷ്ക്കരണവും കൂടിയാണ് യേശുമിശിഹാ ആഗ്രഹിച്ചതെന്നാണ്. ■

# MARCH 25

## വചനിപ്പ് പെരുന്നാൾ കഷ്ടാനുഭവ ആഴ്ചയിൽ

ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ മാർച്ച് 25നാണ്. ഇപ്രാവശ്യം വചനിപ്പ് പെരുന്നാൾ കഷ്ടാനുഭവാഴ്ചയിലെ തിങ്കളാഴ്ചയാണ്. കഷ്ടാനുഭവ ആഴ്ചയിൽ ആയാലും പെരുന്നാൾ ദിവസമായി മാർച്ച് 25 ആയിരിക്കണമെന്നാണ് സഭയുടെ പാരമ്പര്യം (കാനോൻ പേജ് 52)

വചനിപ്പ് പെരുന്നാൾ കഷ്ടാനുഭവ ആഴ്ചയിൽ വന്നാൽ നോമ്പിലെ പ്രാർത്ഥനകൾക്കു പകരം എല്ലാ യാമപ്രാർത്ഥനകളും പെരുന്നാൾ മുറയനുസരിച്ച് നടത്തുകയും രാവിലെ വി. കുർബാന അർപ്പിക്കുകയും ചെയ്യണം.

കഷ്ടാനുഭവ ആഴ്ചയിലും മുകളിൽ പറഞ്ഞതുപോലെ തന്നെ സന്ധ്യാ പ്രാർത്ഥന മുതൽ ഹാശായുടെ കൗമാകളും പ്രാർത്ഥനകൾക്കും പകരം പെരുന്നാൾ മുറയനുസരിച്ച് എല്ലാ യാമപ്രർത്ഥനകളും നടത്തുകയും, പെരുന്നാൾ മുറയനുസരിച്ച് തന്നെ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണം.

ഒമ്പതാംമണി നേരത്തെ പ്രാർത്ഥന കഴിയും വരെ കുമ്പിടലും ഉപവാസവും ആവശ്യമില്ല.

അവലംബം:
**ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്,** വി. യാക്കോബിന്റെ കുർബ്ബാന തക്സ: അനുഷ്ഠാനങ്ങളും വ്യാഖ്യാനങ്ങളും ചേർന്നത്. എം.ഒ.സി., കോട്ടയം 2011, പേജ് 14–15.

■

## വേദപഠനം

ഫാ. ഡോ. തോംസൺ റോബി

# ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട്

പഴയനിയമത്തിലെ വെളിപ്പെടുത്തലുകളുടെ പൂർത്തീകരണം പുതിയനിയമ ആവിഷ്കാരത്തിലൂടെ നാം ദർശിക്കുന്ന ദിവ്യ അനുഭവമാണ് വിശുദ്ധവേദപുസ്തകത്തിന്റെ അടിസ്ഥാനം. പഴയനിയമം നിഴലായി നാം കാണുമ്പോൾ പുതിയ നിയമം പൊരുളായി നമ്മുടെ മുൻപിൽ അവതരിക്കുകയാണ്. " ക്രിസ്തു " എന്ന നിർദ്ദോഷിയായ കുഞ്ഞാടിന്റെ എന്ന ചിന്തയുടെ സാംഗത്യം നാം പഴയനിയമ ചിന്തകളിലൂടെ വെളിപ്പെടുത്തുന്നത് ഇന്ന് പഠനത്തിനും മനനത്തിനും ഇടയാക്കിയിട്ടുണ്ട്. ക്രിസ്തുവിനെ കുഞ്ഞാടായും ബലി വസ്തുവായും പഴയനിയമം വെളിപ്പെടുത്തുന്നു. വി.യോഹന്നാൻ സ്നാപകനിലൂടെ ഈ ചിന്ത വെളിപ്പെടുത്തുന്നു. " പിറ്റേന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് കണ്ടിട്ട് ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ1:29) എന്നു പറഞ്ഞു." ഈ വെളിപ്പെടുത്തലുകൾ പഴയനിയമത്തിന്റെ പൂർത്തീകരണമാണ്. " ക്രിസ്തു" എന്ന കുഞ്ഞാടിനെ പഴയനിയമത്തിൽ ചിത്രീകരിക്കുന്ന ചില ഭാഗങ്ങളെ നമ്മുടെ മനോമുകുരത്തിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

> **പഴയനിയമം പുതിയനിയമത്തിന്റെ നിഴലായും പുതിയനിയമം പഴയനിയമത്തിന്റെ പൊരുളായും നമുക്ക് വെളിപ്പെടുന്നു.**

ഒന്നാമതായി ലേവ്യ പുസ്തകം 16-ാം അദ്ധ്യായത്തിൽ ഈ വെളിപ്പെടുത്തലിന്റെ ഗഹനമായ ആവിഷ്ക്കാരം നാം ദർശിക്കുന്നു. അഹരോന്റെ രണ്ടു പുത്രൻമാർ ദൈവകോപത്തിന് ഇരയായി. അതിനുശേഷം യഹോവ മോശയോട് അരുളിചെയ്യുന്നത് " അഹരോൻ യിസ്രയേൽ മക്കളുടെ സഭയുടെ പക്കൽ നിന്ന് പാപയാഗത്തിന് രണ്ട് കോലാട്ടുകൊറ്റനെയും ഒരു ആട്ടുകൊറ്റനേയും വാങ്ങണം. (V : 5). ആട്ടുകൊറ്റനെ അഹരോനും കുടുംബത്തിനു വേണ്ടി യാഗം കഴിക്കണം." (ഈ പാപയാഗം അഹരോന്റെ പാപത്തിനും കുടുംബത്തിനും വേണ്ടിയാഗം കഴിക്കുന്നു. ഈ കുഞ്ഞാടിനെ ക്രിസ്തുവുമായി ബന്ധപ്പെടുത്തുവാൻ കഴിയില്ല കാരണം ക്രിസ്തുവിന് പാപ പരിഹാരത്തിനായുള്ള യാഗം ആവശ്യമില്ല.)

പിന്നെ യഹോവ മോശയോട് അഹരോൻ രണ്ടുകോലാട്ടുകൊറ്റനെ കൊണ്ടുവന്നു സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ യഹോവയുടെ സന്നിധിയിൽ നിർത്തണം. പിന്നെ അഹരോൻ യഹോവയ്ക്ക് എന്ന് ഒരു ചീട്ടും, അസസ്സേലിന് എന്ന് മറ്റൊരു ചീട്ടും ഇങ്ങനെ രണ്ടു കോലാട്ടുകൊറ്റനും ചീട്ടിടേണം. യഹോവയ്ക്കുള്ള ആടിനെ അഹരോൻ പാപയാഗമായി അർപ്പിക്കണം. അസസ്സേലിന് ചീട്ടു വീണ ആടിനെ മരുഭൂമിയിലേക്ക് വിടേണ്ടതിന് യഹോവയുടെ സന്നിധിയിൽ ജീവനോടെ നിർത്തണം. പിന്നീട് ഈ കോലാട്ടുകൊറ്റന്റെ തലയിൽ അഹരോൻ കൈ രണ്ടും വച്ച് യിസ്രയേൽ മക്കളുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളുമായ് ലംഘനങ്ങളൊക്കയും ഏറ്റുപറഞ്ഞു കോലാട്ടുകൊറ്റന്റെ തലയിൽ ചുമത്തി നിയമിക്കപ്പെട്ട ഒരു ആൾ വശം അതിനെ മരുഭൂമിയിലേക്ക് അയക്കേണം. കോലാട്ടുകൊറ്റൻ അവരുടെ കുറ്റങ്ങളെ ഒക്കെയും ശൂന്യപ്രദേശത്ത് ചുമന്നു കൊണ്ടു പോകേണം. അവൻ കോലാട്ടു കൊറ്റനെ മരുഭൂമിയിൽ വിടേണം (V: 20-22)

യഹൂദരുടെ പാപപരിഹാരത്തിനുള്ള ഈ യാഗം അവരുടെ പ്രധാന യാഗങ്ങളിൽ ഒന്നായിരുന്നു.ഇവിടെ അഹരോൻ ചീട്ടിട്ടപ്പോൾ അസസ്സേലിന് നറുക്കുവീണ കോലാട്ടുകൊറ്റൻ ക്രിസ്തുവിന്റെ പഴയനിയമ നിഴലാണ്. അഹരോൻ യിസ്രയേൽ മക്കളുടെ സകല പാപങ്ങളും ഈ ആടിന്റെ തലയിൽ ചുമത്തിയതുപോലെ മനുഷ്യപുത്രന്റെ തലയിൽ സകല ജാതികളുടേയും പാപങ്ങളെ ചുമത്തി; ആ നിർദ്ദോഷിയായ കുഞ്ഞാടിനെ മാരകമായ മുറിവേൽപ്പിച്ച്,പീഢിപ്പിച്ച് മരുഭൂമിയിലേക്ക് മരണത്തിന് വിട്ടതുപോലെ ക്രിസ്തുവാകുന്ന പുതിയനിയമ കുഞ്ഞാടിനെ പീഢിപ്പിച്ച്, തുപ്പി, ആക്ഷേപിച്ച് കാൽ വറിയിലേക്ക് മരണത്തിനായി വിട്ടു; പാപത്തെ വഹിക്കുന്ന ആട് ത്യാഗം സഹിച്ച് മരുഭൂമിയിലേക്ക് പോയി വിശന്നു തളർന്നു നിൽക്കുന്നതുപോലെ മനുഷ്യപുത്രൻ കുരിശിന് സമീപം. "എനിക്ക് ദാഹിക്കുന്നു "എന്ന് ഉരുവിടുന്നു; നിയമിക്കപ്പെട്ട ആളിന്റെ അകമ്പടിയോടെ കോലാട്ടുകൊറ്റൻ പോകുന്നതുപോലെ ജനം മുഴുവനും യഹൂദരും കൂടി അവനെ മരണത്തിലേക്ക് കൊണ്ടുപോ



കുന്നു. ഇവിടെ അസസ്സേൽ എന്നത് സാത്താന്റെ അഥവാ തിന്മയുടെ പ്രതീകമാണ്: ഇവിടെ സാത്താനേയും അവന്റെ സൈന്യത്തേയും തോല്പിക്കുന്ന വലിയ പോരാട്ടം നടക്കുകയാണ്; പഴയനിയമത്തിലെ കുഞ്ഞാട് മരുഭൂമിയിൽ വിശന്നു ചാകുമെങ്കിൽ, പുതിയനിയമ കുഞ്ഞാട് അസസ്സേലിനെ തോല്പിച്ച് മരണത്തെ ജയിച്ച് വിജയിക്കുന്ന ചിത്രമാണ് നാം ദർശിക്കുന്നത്. പഴയനിയമത്തിന്റെ നിഴലായ കുഞ്ഞാട് പുതിയനിയമ പൊരുളായി അവതരിക്കുമ്പോൾ സകലരുടെയും പാപങ്ങൾ പരിഹരിച്ച് മരുഭൂമിയിലെ മരണത്തിൽ നിന്ന് വിജയത്തിലേക്കുള്ള അനുഭവം നൽകുന്നു.

ഈ സകല പാപവും വഹിച്ച് പോകുന്ന കുഞ്ഞാടിനെപ്പോലെ ക്രിസ്തുവാകുന്ന കുഞ്ഞാട് സകലപാപവും വഹിച്ച് തന്റെ അടുക്കലേക്ക് വരുന്നതു കണ്ടുകൊണ്ടാണ് വി. യോഹന്നാൻ സ്നാപകൻ ''ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ''എന്ന് സാക്ഷിക്കുന്നത്. പഴയനിയമത്തിൽ യഹൂദർ കോലാട്ടുകൊറ്റനെ പാപത്തെ ചുമക്കുന്നവനായി കാണുന്നെങ്കിൽ പുതിയനിയമത്തിൽ ക്രിസ്തു എന്ന കുഞ്ഞാട് സകല പാപത്തിൽ നിന്നും വേദനയിൽ നിന്നും മനുഷ്യജാതിയെ വീണ്ടെടുത്തു എന്നതു ശ്രദ്ധേയമാണ് (1 പത്രോ. 2:24).

രണ്ടാമതായി ഉല്പത്തി പുസ്തകം 22:13 ൽ കാണുന്ന ആട്ടുകൊറ്റനെ ക്രിസ്തുവിന്റെ നിഴലായി വരച്ചു കാട്ടുന്നു. ഗോത്രപിതാവായിരുന്ന അബ്രഹാമിന് ദൈവ വാഗ്ദത്ത പ്രകാരം ലഭിച്ച ഏകജാതനായിരുന്നു യിസ്ഹാക്ക്. '' തന്റെ ഏകജാതനായ പുത്രനെ'' ബലി കഴിക്കണം എന്ന ദൈവ കല്പന അനുസരിച്ച് മോറിയാ മലയിലേക്ക് പോകുന്ന മകൻ അബ്രഹാമിനോട് ചോദിക്കുന്നു. '' തീയും വിറകുമുണ്ട്, എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെവിടെ''എന്നതിന് '' ദൈവം കരുതിക്കൊള്ളും'' എന്ന് മറുപടി നൽകുന്നു. മോറിയാമലയിൽ സ്വപുത്രനെ ബലി അർപ്പിക്കുവാൻ തയ്യാറാകുന്ന അബ്രഹാമിനോട് യഹോവയുടെ ദൂതൻ പറഞ്ഞു '' ബാലന്റെ മേൽ കൈ വയ്ക്കരുത്.'' പിന്നീട് നാം കാണുന്നത് അബ്രഹാം തല പൊക്കി നോക്കിയപ്പോൾ ഒരു ആട്ടുകൊറ്റൻ കൊമ്പുകാട്ടിൽ പിടിപെട്ടു കിടക്കുന്നതുകണ്ട്, അതിനെപിടിച്ച് തന്റെ മകനു പകരം യാഗം കഴിച്ചു.( v:13).

ഇവിടെ യിസ്ഹാക്ക് എന്ന തന്റെ മകനെ രക്ഷിക്കാൻ അബ്രഹാമിനെ ദൈവം സഹായിച്ചത് അത്ഭുതകരമാണ്. യിസ്ഹാക്ക് എല്ലാ ജനതയുടെയും പ്രതിനിധി ആണെങ്കിൽ ദൈവം അയച്ച കോലാട്ടുകൊറ്റൻ ക്രിസ്തുവിന്റെ നിഴലാണ്.(യിസ്ഹാക്ക് മറ്റൊരു വിധത്തിൽ കാൽവറിയിലേക്ക് പോകുന്ന ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നതായി കാണാം.) അവിടെ എങ്ങനെ കുഞ്ഞാട് വന്നു എന്നത് ദൈവനിയോഗമാണ്. '' കുഞ്ഞാടിനെ വൃക്ഷം നൽകി ''എന്നത് കേട്ടുകേൾവിയില്ലാത്തകാര്യമാണ്. ഈ കുഞ്ഞാടിനെപ്പോലെ നിർദ്ദോഷിയായവനായ ക്രിസ്തു മറ്റുള്ളവർക്കു വേണ്ടി ബലിയായി തീരുന്നത് പൊരുളായി തീരുമ്പോഴാണ്. ഈ കുഞ്ഞാട് ക്രിസ്തു തന്നെ. പഴയനിയമ നിഴലായത് പുതിയനിയമത്തിൽ പൊരുളായി തീരുന്നത് നിർദ്ദോഷിയായ കുഞ്ഞാടിന്റെ മരണത്തോടെയാണ്. '' നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ'' (1 പത്രോസ് 1:18,19). സർവ്വരുടേയും പ്രതിനിധിയായി ക്രിസ്തു എന്ന കുഞ്ഞാട് യാഗമായി തീർന്നു.

മൂന്നാമതായി, പുറപ്പാട് പുസ്തകം 12–ാം അദ്ധ്യായത്തിൽ നാം മറ്റൊരു കുഞ്ഞാടിനെ കാണുന്നു. യിസ്രയേൽ ജനതയെ മിസ്രയീം അടിമത്വത്തിൽ നിന്ന് സ്വതന്ത്രരാക്കുവാൻ ദൈവം അഗ്രഹിച്ചു. പക്ഷേ ഫറവോന്റെ മനസ്സ് കഠിനമാകയാൽ പത്താമത്തെ ബാധയായി കടിഞ്ഞൂൽ സംഹാരം അയച്ചു. ഈ ബാധയിൽ നിന്ന് രക്ഷപ്പെടാൻ ദൈവം യിസ്രയേൽ മക്കൾക്ക് ചില നിർദ്ദേശങ്ങൾ നൽകുന്നത് ശ്രദ്ധിക്കുക. ''ഊനമില്ലാത്ത ഒരാട്ടിൻ കുട്ടിയെ കൊണ്ടുവന്ന് അറുത്ത് അതിന്റെ രക്തം കുറെ എടുത്തു തങ്ങൾ തിന്നുന്ന വീടുകളുടെ 'വാതിലിന്റെ കട്ടിളക്കാൽ രണ്ടിന്മേലും പുരട്ടേണം....... നിങ്ങൾ പാർക്കുന്ന വീടുകളിൻ മേൽ രക്തം അടയാളമായിരിക്കും'. ഞാൻ മിസ്രയിം ദേശത്ത് ബാധിയ്ക്കുന്ന ബാധ നിങ്ങൾക്ക് നാശഹേതുവായി തീരുകയില്ല.'' ദൈവം കല്പിച്ചതുപോലെ മിസ്രയീമിലെ ആദ്യജാതൻമാർ എല്ലാവരും മരിച്ചു,പക്ഷേ കുഞ്ഞാടിന്റെ രക്തം പുരണ്ട കട്ടിളയുള്ള വീട്ടിൽ ആദ്യജാതന്റെ സംഹാരം നടത്തില്ല. ഈ വലിയ ദിനത്തിന്റെ ഓർമ്മയ്ക്കായ് പെസഹാ പെരുന്നാൾ യഹൂദർ ഉത്സവമായി ആചരിച്ചിരുന്നു.

ഇവിടെ പെസഹാദിനത്തിൽ അറക്കപ്പെട്ട കുഞ്ഞാടിന്റെ ചിത്രം പുതിയനിയമത്തിലെ ക്രിസ്തുവിന്റെ നിഴലാണ്. കുഞ്ഞാടിന്റെ രക്തം യിസ്രായേൽ മക്കളെ മരണത്തിൽ നിന്ന് രക്ഷിച്ചു. ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുന്നവർക്ക് നിത്യജീവൻ അവൻ വാഗ്ദാനം ചെയ്തു. ക്രിസ്തു തന്റെ ജീവൻ യാഗമാക്കിയതും, അവന്റെ രക്തത്താൽ സാത്താന്റെ അടിമയിൽ നിന്ന് മനുഷ്യനെ വീണ്ടെടുക്കുകയും ചെയ്തു. പെസഹാ ദിനത്തിൽ പെസഹാ കുഞ്ഞാട് അറുക്കപ്പെടുന്ന നാഴികയിൽ പുതിയനിയമ പെസഹായിൽ ക്രിസ്തുവാകുന്ന കുഞ്ഞാട് അറുക്കപ്പെട്ടു. കാൽവറിയിലെ യാഗം പഴയനിയമ കുഞ്ഞാടിന്റെ അറുക്കൽ സമയത്തായിരുന്നു. കുഞ്ഞാടിന്റെ രക്തം കണ്ട് സാത്താൻ മനുഷ്യജാതിയെ വിട്ട് ഓടിപ്പോകുന്നു എന്നതാണ് പുതിയനിയമ ചിന്തയുടെ അടിസ്ഥാനം. ഈ പെസഹാ കുഞ്ഞാട് ക്രിസ്തുവിന്റെ നിഴലാണ്. ''നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്നെ''(1 കൊരി 5:8). ഊനമില്ലാത്ത ഈ കുഞ്ഞാടിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുകയും, തിന്മയിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്തു.

ക്രിസ്തു എന്ന കുഞ്ഞാടിന്റെ ചിത്രം, പഴയനിയമ ചിന്തയുടെ നിഴലായും പുതിയനിയമത്തിൽ പൊരുളായും അവതരിക്കുമ്പോൾ കുഞ്ഞാട് എന്ന ചിന്ത ക്രിസ്തുവിനെ നമ്മുടെ മുമ്പിൽ അനുഭവവേദ്യമാക്കുന്നു. മരുഭൂമിയിലേക്ക് എല്ലാ ശാപവും പേറി യാത്രയാകുന്ന ആടും, മോറിയാ മലയിൽ അറുക്കപ്പെട്ട കുഞ്ഞാടും പെസഹായിൽ അറുക്കപ്പെട്ട കുഞ്ഞാടും ക്രിസ്തുവിന്റെ നിഴലായി നാം പഴയ നിയമത്തിൽ ദർശിക്കുന്നു ''ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാടായ'' ക്രിസ്തുവിനെപ്പറ്റി പുസ്തകചുരുളിൽ എഴുതിയിരിക്കുന്നത് ഈ ചിന്തയിലൂടെ പൊരുളായി നാം കാണുന്നു. ഈ ചിന്തയുടെ വെളിപ്പെടുത്തലാണ് യോഹന്നാൻ സ്നാപകനിലൂടെ ദൈവം ചെയ്യുന്നത്. ''കുഞ്ഞാടിന്റെ'' യാഗവും രക്തവും നമ്മെ ശുദ്ധീകരിക്കുന്നതോടൊപ്പം പഴയനിയമത്തിന്റെ ദൃശ്യാവിഷ്ക്കാരമായി നമ്മുടെ മുമ്പിൽ വെളിപ്പെടുന്നു. പഴയനിയമം പുതിയനിയമത്തിന്റെ നിഴലായും പുതിയനിയമം പഴയനിയമത്തിന്റെ പൊരുളായും നമുക്ക് വെളിപ്പെടുമ്പോൾ ''കുഞ്ഞാടായ ലോക രക്ഷകൻ'' നമ്മുടെ വഴികാട്ടിയായി എന്നും നിലനിൽക്കുന്നു. ആ സത്യവെളിച്ചം എന്നും വഴികാട്ടിയായിരിക്കട്ടെ. ■

8-ാം പേജിൽ നിന്നു തുടർച്ച...

ദുപുത്രാ പാപിയായ എന്നോടു കരുണതോന്നേണമേ," "ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി എനിക്ക്......" പ്രാർത്ഥന ഉരുവിട്ടുള്ള നടപ്പായിരുന്നതുകൊണ്ട് കൂടെ ആരും ചെല്ലുന്നത് ഇഷ്ടമ.ല്ലായിരുന്നു. അവസാനഘട്ടത്തിൽ മാത്രമാണ് ആൾസഹായം തേടിയത്. തന്റെ വ്യക്തിജീവിതത്തിൽ ദൈവം പരമാനന്ദമായിരുന്നതിനാൽ പ്രാർത്ഥനയും പരമാനന്ദമായിരുന്നു. പരാതിയും പരിഭവവുമായി ചെന്നാൽ പ്രാർത്ഥിച്ച് സമാധാനപ്പെടുത്തി പറഞ്ഞയയ്ക്കും. മറ്റുള്ളവരെക്കുറിച്ച് പറയുവാനാണ് ചെല്ലുന്നതെങ്കിൽ ചെല്ലുന്ന ആളിനെക്കൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിപ്പിക്കും. പാതിരാത്രിക്കും മറ്റും ഉണർന്നിരുന്നു പ്രാർത്ഥിക്കും. മറ്റുള്ളവർ ശ്രദ്ധിക്കുന്നു എന്നു കണ്ടാലുടൻ പ്രാർത്ഥന നിർത്തും. പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ. സ്തോത്രത്തോടെ അതിൽ ജാഗരിപ്പീൻ (കൊലോസ്സ്യർ 4:2), "ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചു.... " (എഫെ. 6:18) എന്നതൊക്കെ തിരുമേനിക്ക് അന്വർത്ഥമാണ്. തന്റെ ജീവന്റെ ജീവനായ ക്രിസ്തു കേന്ദ്രമാക്കി ദൈവസ്നേഹത്തിന്റെ റേഡിയസിൽ വരയ്ക്കുന്ന വൃത്തമാണ് തിരുമേനിയുടെ പ്രാർത്ഥന.

**2. തിരുവചനാഭിമുഖ്യം**

സഭാപിതാക്കന്മാരെക്കുറിച്ച് പൊതുവെ പറയാവുന്ന ഒരനുഭവമാണ് "They soaked in the ocean of the world of God"(ദൈവവചനമാകുന്ന ആഴക്കടലിൽ നുരഞ്ഞുപൊങ്ങി കിടന്നു). തിരുമേനിയുടെ ജീവിതത്തിലെ ആവേശകരമായ രണ്ടാം തലം തിരുവചനമായിരുന്നു. വളരെ കുഞ്ഞുനാൾ മുതലേ പല ആവർത്തി വായിച്ച് അതിന്റെ ചുരുക്കം എഴുതി മിക്ക ഭാഗങ്ങളും ഹൃദിസ്ഥമാക്കിയ തിരുമേനിക്ക് തിരുവചനം വായിച്ചാലും വായിച്ചാലും മതിവരില്ലായിരുന്നു. ഓരോ വായന കഴിയുമ്പോഴും പുതിയ പുതിയ ചിന്തകളുമായിട്ടാണ് തിരുമേനി പുറത്തുവരുന്നത്. എവിടെ പോയാലും വിശുദ്ധ വേദപുസ്തകവും നമസ്കാരപുസ്തകവുമില്ലാതെ യാത്ര ചെയ്യുകയില്ലായിരുന്നു. അവ തിരുമേനിക്ക് 'ഭാര'ക്കൂടുതലല്ലായിരുന്നു. മറിച്ച് അവയുടെ അഭാവം നഷ്ടബോധമായിരുന്നു. യാമപ്രാർത്ഥനകൾക്ക് മുമ്പും പിമ്പും തിരുവചന വായന നടത്തിക്കും. ഇടവേളകളിലും സമയത്തിന്റെ ലഭ്യത അനുസരിച്ച് വായിക്കും. രാത്രിയിൽ ഉണരുന്ന വേളകളിലും വായിച്ചിരുന്നു. കിടയ്ക്കയോട് ചേർത്ത് ഈ രണ്ട് വി. ഗ്രന്ഥങ്ങളും സൂക്ഷിച്ചിരുന്നു. തന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും തിരുവചനാടിസ്ഥാനത്തിലൂടെയായിരുന്നു തിരുമേനി കൈകാര്യം ചെയ്തിരുന്നത്. തന്നിലെ പ്രവാചക ശബ്ദത്തിലെ ഊർജ്ജവും സ്രോതസ്സും തിരുവചനമായിരുന്നു.

**3. പ്രബോധനാഭിമുഖ്യം**

സഭയുടെ ജീവനും ചൈതന്യവും നിലനിർത്തുന്നതിൽ പ്രബോധനശുശ്രൂഷയ്ക്കുള്ള സ്ഥാനം വേണ്ടവണ്ണം മനസ്സിലാക്കിയിരുന്ന ഒരു പിതാവായിരുന്നു ഒസ്താത്തിയോസ് തിരുമേനി. "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു" (ഹോശയാ 4:16) എന്നത് തിരുമേനിയെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. അതുകൊണ്ട് എവിടെയും "രണ്ടു വാക്കു" പറയുക എന്നത് നിർബന്ധമായിരുന്നു. 'ഇടകുർബ്ബാന'യ്ക്കു പോലും അതൊഴിവാക്കിയിരുന്നില്ല. യാമപ്രാർത്ഥനകളോടനുബന്ധിച്ച് പ്രത്യേകിച്ച് സന്ധ്യയിലും പ്രഭാതത്തിലും ശ്രോതാക്കളുടെ എണ്ണം നോക്കാതെയും നടത്തിയിരുന്നു. പ്രബോധന/പ്രസംഗ ശുശ്രൂഷ തിരുമേനിക്ക് ഒരു ഹരമായിരുന്നു, ആവേശമായിരുന്നു. പരുമല പെരുന്നാളിന് പ. ബാവാ തിരുമേനി പ്രസംഗിച്ചാലും അതോടുചേർന്ന് "രണ്ടു വാക്കു" പറയുവാൻ തിരുമേനി തിടുക്കം കാട്ടിയിരുന്നു. സന്ദർഭത്തിനും സാഹചര്യത്തിനും അനുസരിച്ച് ആനുകാലിക പ്രസക്തിയോടെ തിരുവചനാടിസ്ഥാനത്തിൽ പ്രസംഗിക്കുവാനുള്ള വലിയ കൃപ അദ്ദേഹത്തിനുണ്ടായിരുന്നു. ആ കൃപ ദൈവമഹത്വത്തിനു, അലംഭാവമില്ലാതെ പരമാവധി പ്രയോജനപ്പെടുത്തിയിരുന്നു. "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലാ എങ്കിൽ എനിക്കു അയ്യോ കഷ്ടം" (1 കൊരിന്ത്യർ 9:16) എന്ന പ. പൗലോസിന്റെ ദർശനം തിരുമേനിയുടെ മനസ്സിനെയും നിരന്തരം മഥിച്ചിരുന്നു. "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാവുന്നവനായി നിൽപ്പാൻ ശ്രമിക്ക" (1 തിമോ. 2:15) എന്ന അപ്പോസ്തോലിക പ്രമാണത്തെ പരമാവധി പാലിക്കുവാൻ ശ്രമിച്ചു. "... വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്ന ഗുണദോഷവും അക്ഷരംപ്രതി പാലിക്കുന്നതിൽ പ്രതിബദ്ധനായിരുന്നു.

**4. മൗന-മനനാഭിമുഖ്യം**

എല്ലാ ദിവസവും യാമപ്രാർത്ഥനയോടൊപ്പം മൗനത്തിനും മനനത്തിനും നിശ്ചിത സമയം വേർതിരിച്ചിരുന്നു. "എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു" എന്ന് സങ്കീർത്തനക്കാരന്റെ സാക്ഷ്യപ്പെടുത്തലിനെ തിരുമേനി തന്റെ വ്യക്തിജീവിതത്തിൽ സാക്ഷാത്ക്കരിച്ചു. എത്ര തിരക്കിനിടയിലും പ്രശ്നങ്ങളുടെ നടുവിലും ഇതിനായി സമയം കണ്ടെത്തിയിരുന്നു. പല സന്ദർഭങ്ങളിൽ ആരും അറിയാതെ വിശുദ്ധ മദ്ബഹായിൽ ത്രോണോസിന്റെ മുമ്പിൽ ദർഗായിൽ മുട്ടുകുത്തി നിൽക്കുന്ന തിരുമേനിയെ കണ്ടിട്ടുണ്ട്. തന്റെ പ്രശ്നങ്ങളുടെ പരിഹാരം അവിടെനിന്നായിരുന്നു. കൺവൻഷൻ പ്രസംഗങ്ങൾക്കു മുമ്പ് ഈ കർമ്മം കൃത്യമായി നടത്തിയിരുന്നു. ഇടയ്ക്കിടെ ചില ദിവസങ്ങൾ പരിപൂർണ്ണ മൗനത്തിനായി വേർതിരിച്ചിരുന്നു. കഷ്ടാനുഭവ ആഴ്ച കഴിഞ്ഞാലുടൻ ഒരാഴ്ച മൗനത്തിന്റെയും മനനത്തിന്റെയും കാലമായിരുന്നു. അതിനായി ചില പ്രത്യേക സ്ഥലങ്ങളും ഉണ്ടായിരുന്നു. അവിടെനിന്നും വരുന്നത് പുതിയ സുവിശേഷഗാനങ്ങൾക്കും, ഗ്രന്ഥങ്ങൾക്കും, പ്രസംഗങ്ങൾക്കുമുള്ള കുറുപ്പടിയോ ആയിട്ടായിരിക്കും.

"ആടുന്ന കൊമ്പിലെ പാടുന്ന പക്ഷി" ആയിരിക്കുവാൻ കഴിഞ്ഞത് ഇതിലൂടെ ആർജ്ജിച്ച ശക്തികൊണ്ടായിരുന്നു. "ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും; യൗവ്വനക്കാരും ഇടറിവീഴും; എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും" (യെശയ്യാ 40:30-31) എന്ന പ്രവാചക സന്ദേശം തിരുമേനി സ്വജീവിതത്തിലൂടെ തെളിയിച്ചു.

**5. വായനാ-പഠനാഭിമുഖ്യം**

എത്ര തിരക്കിലും ബഹളത്തിന്റെ നടുവിലും തിരുമേനി മുടക്കാതെ കാത്ത ഒരു കാര്യമാണ് വായനയും പഠ

നവും. അഞ്ചാറു പത്രങ്ങൾ അരിച്ചു പെറുക്കി വായിക്കും. 'എഡിറ്റോറി'യലുകളും, എഡിറ്റർക്കുള്ള എഴുത്തും എടുത്തു വായിക്കും. പലതിനും മറുപടിയും, പ്രതികരണവും എഴുതും. ശ്രദ്ധേയമായ പലതും, ചില സ്ഥിതി വിവര കണക്കുകളും 'പേപ്പർ കട്ടിങ്ങായി' ഫയലിൽ സൂക്ഷിക്കും. അല്ലാ എങ്കിൽ അവ ഡയറിയിൽ കുറിച്ചു വെയ്ക്കും. പിന്നീട് അവ പ്രസംഗങ്ങൾക്കോ, ലേഖനങ്ങൾക്കോ പ്രയോജനപ്പെടുത്തും. പരന്ന വായനാനുഭവത്തിന്റെ ഉടമയായിരുന്നതിനാൽ 'വിഷയദാരിദ്ര്യ'മുണ്ടായിരുന്നില്ല. തന്നേക്കാൾ പ്രായവും പരിജ്ഞാനവും കുറഞ്ഞവരാണ് പ്രസംഗിക്കുന്നതെങ്കിലും അതു ശ്രദ്ധിച്ചു കേൾക്കുന്നതിലും ഒപ്പം നോട്ടെഴുതുന്നതിലും ശ്രദ്ധിച്ചിരുന്നു. ''മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവീൻ" (ഫിലി. 2:3) എന്ന മനോഭാവമുള്ള വർക്കേ അതിനുള്ള വിശാലഹൃദയമുണ്ടാകൂ. മറ്റുള്ളവർ തിരുവചനം പ്രസംഗിക്കുമ്പോൾ അതു ശ്രദ്ധിക്കാതെ പലകാര്യങ്ങളിൽ വ്യാപൃതരാകുന്നത് ദൈവവചനത്തോടുള്ള അനാദരവും നിന്ദയുമാണെന്ന് പ്രബോധിപ്പിച്ചതു സഭാപിതാവായ സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് ആണ്. തിരുമേനിയെ കാണുവാൻ ചെന്നാൽ താൻ വായിച്ച പ്രധാന വാർത്തകൾ വായിച്ചോ എന്ന് ചോദിക്കും. വായിച്ചില്ലെങ്കിൽ വായിക്കണമെന്നുപദേശിക്കും. വായിച്ചുകഴിഞ്ഞ പ്രസിദ്ധീകരണങ്ങൾ വായിക്കുവാൻ തന്നു വിടും. ദീർഘകാലം പ്രമേഹരോഗിയായിരുന്നതിനാൽ കണ്ണിന്റെ കാഴ്ചയെ അതു ബാധിച്ചിരുന്നു. അതിനെ അതിജീവിക്കുവാൻ പ്രത്യേക ലൈറ്റും ഉപയോഗിച്ചു വായിച്ചു. അതും പരാജയപ്പെട്ടപ്പോൾ മറ്റുള്ളവരെക്കൊണ്ട് വേദപുസ്തകവും, പത്രങ്ങളും വായിപ്പിച്ചു കേൾക്കുമായിരുന്നു. എന്നിട്ടും പഠനം ഒഴിവാക്കിയില്ല. അതു തന്നെ അല്പം അസ്വസ്ഥനാക്കിയിരുന്നു. എന്നാൽ പിന്നീട് നടത്തിയ ചികിത്സയിലൂടെ കണ്ണിന്റെ കാഴ്ച പൂർണ്ണമായി ദൈവം തിരികെ കൊടുത്തു. പഴയപടി വായനയും പഠനവും തുടർന്നു.

**6. സാമ്പത്തിക-സുതാര്യതാഭിമുഖ്യം**

സാമ്പത്തികമുൾപ്പെടെ എല്ലാ കാര്യങ്ങളിലും സുതാര്യതയുടെ ആത്മാവിനെ നിലനിർത്തി. കാര്യവിചാരകത്വബോധം തന്റെ ജീവിതത്തിലെ പ്രധാന ഘടകമായിരുന്നു. കൈമുത്തുൾപ്പെടെ എല്ലാറ്റിനും രസീത് കൊടുക്കുക, വർഷാവസാനം കണക്കുകൾ ഓഡിറ്ററെക്കൊണ്ട് ഓഡിറ്റു ചെയ്യിപ്പിക്കുക, എന്നു തന്നെയല്ല വാർഷിക റിപ്പോർട്ട് അച്ചടിച്ച് സംഭാവന തന്നവർക്കും അഭ്യുദയകാംക്ഷികൾക്കും യഥാസമയം അയച്ചുകൊടുത്തിരിക്കണം. അന്നന്നു എഴുതേണ്ട രസീതുകൾ അന്നന്നു തന്നെ എഴുതിയിട്ടേ എത്ര ഇരുട്ടിയാലും കിടക്കാവൂ എന്നുള്ളതും tomorrow is not your's എന്ന ഓർമ്മപ്പെടുത്തലും സഹപ്രവർത്തകർക്കും സ്ഥാപനപ്രവർത്തകർക്കും നല്കിയിട്ടുള്ള 'കല്പന' ആയിരുന്നു. സാമ്പത്തികകാര്യങ്ങളിൽ ഒരു 'പോസ്റ്റുമാന്റെ' ജോലി മാത്രമാണ് തന്റേതെന്ന് തിരുമേനി ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നു. സ്വീകരിച്ചു വിതരണം ചെയ്യുന്ന ഒരു കേവല 'വിതരണക്കാരൻ' എന്ന സ്വയം വിശേഷണം. 'ശർക്കരക്കലത്തിൽ കൈയിട്ടാലും തൊട്ടു നക്കാത്ത' കാർക്കശ്യഭാവം. ഒന്നിനു പിരിച്ചതോ ലഭിച്ചതോ അതിനല്ലാതെ മറ്റൊന്നിനും മാറ്റിമറിക്കരുതെന്ന് നിർബന്ധബുദ്ധി നിറഞ്ഞിരുന്നു. മുഷിഞ്ഞവേഷം ധരിക്കരുതെന്നതൊഴിച്ചാൽ ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയും ഒരു നിർബന്ധവുമില്ലായിരുന്നു. എന്തു കൊടുത്താലും ഒരു ശാഠ്യവുമില്ലാതെ അമൃതു പോലനുഭവിച്ചു.

**7. ലളിതജീവിതാഭിമുഖ്യം**

എന്നും എളിമയും താഴ്മയും വിനയവുമുള്ളവനായി ലളിതജീവിതശൈലിയെ മുറുകെപിടിച്ചു ജീവിച്ചു. ദരിദ്രലോകത്ത് സമ്പന്നനായിരിക്കുന്നത് പാപമാണെന്ന് പൂർണ്ണമായി വിശ്വസിച്ചിരുന്നു. പ്രൗഢിയും പത്രാസും തിരുമേനിക്ക് പറഞ്ഞിട്ടുള്ളതല്ലായിരുന്നു. പുറമേയുള്ള ലാളിത്യം പരിവേഷമോ പരീശത്വപ്രകടനമോ അല്ല. അതുകൊണ്ടു തന്നെ മനുഷ്യബന്ധങ്ങൾ താഴ്മയിലും എളിമയിലുമധിഷ്ഠിതമായിരുന്നു. അതുകൊണ്ടാണ് ആരോടും വലിപ്പചെറുപ്പമില്ലാതെ സമഭാവത്തിൽ ഇടപെടാൻ ഈ പിതാവിന് കഴിഞ്ഞത്. ആരോടും വാശിയോ ദേഷ്യമോ ശത്രുതാമനോഭാവമോ ഇല്ലാതെ ഇടപെട്ടു.

ഏതു പരിമിതമായ സാഹചര്യത്തിലും ചേർന്നുപോകുവാൻ ഒരു പ്രയാസവുമില്ലായിരുന്നു. മാവേലിക്കര സെന്റ് പോൾസിലും തിരുവല്ലാ ബഥനി അരമനയിലും തിരുമേനിയുടെ മുറിയിൽ 'ടൈൽസി'ടുവാനുള്ള അനുവാദം കിട്ടിയതിന്റെ പ്രയാസം ചുമതലക്കാർക്ക് അറിയാം. ചിതലിന്റെ ശല്യം ഏറിവന്നപ്പോൾ മറ്റുവഴിയില്ല എന്ന് ബോധ്യമായതിനു ശേഷമാണ് അനുവദിച്ചത്. ഒപ്പം ഒരു കമന്റും കൂടി പാസ്സാക്കി; "നിങ്ങൾ എന്നെ ബൂർഷ്വാ ആക്കിയേ അടങ്ങുകയുള്ളായിരിക്കും."

ഏവരേയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വിശാലഹൃദയത്തിന്റെ ഉടമയായിരുന്നു. മറ്റുള്ളവരെ നിസ്സാരമായി കണ്ടിട്ടില്ല.

ഒരുപാടു കാര്യങ്ങൾ ഒരു മൂന്നര പതിറ്റാണ്ടു കാലത്തെ അനുഭവത്തിൽ നിന്നും അക്കമിട്ടു നിരത്തുവാനുണ്ട്. വിസ്തരഭയത്താൽ നീട്ടുന്നില്ല. ഏഴു കാര്യങ്ങൾ എഴുതണമെന്നാവശ്യപ്പെട്ടു. അതിനാൽ നിർത്തുന്നു. സഭയെക്കുറിച്ചും മിഷനെക്കുറിച്ചുമുള്ള അടങ്ങാത്ത ആവേശം (സ്വപ്നം) അദ്ദേഹത്തെ സ്നേഹിക്കുന്ന ഏവരിലൂടെയും യാഥാർത്ഥ്യമാക്കുവാൻ പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

■

## നോമ്പ്....

*15-ാം പേജിൽ നിന്നു തുടർച്ച...*

പിശാച് അവനെ പരീക്ഷിച്ചുകൊണ്ടിരുന്നു" (ലൂക്കോസ് 4:1).

അരുമനാഥന്റെ ഉടലിനോട് പോരാടുവാൻ ധൈര്യം കാട്ടിയവൻ ഈ മൺപാത്രങ്ങളോട് എത്രയധികമായി പോരാടും...? ഭയപ്പെടേണ്ടാ! മാലാഖമാരുടെ കാവലിലാണ് നാം ഈ പരീക്ഷകൾ ഒക്കെയും ഏൽക്കുന്നത്... "പിശാച് അവനെ വിട്ടുപോയി മാലാഖമാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു" (മത്തായി 4:11). ഇവിടെയും, ഇനിയങ്ങോട്ട് പ്രകാശമണവറയോളവും ഈ മാലാഖമാരുടെ സൈന്യങ്ങൾ നമുക്കൊപ്പമുണ്ട്. അവർ നമ്മെ ശുശ്രൂഷിക്കുന്നുണ്ട്.... കരങ്ങളിൽ താങ്ങുന്നുണ്ട്...

ഇനി.....അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രലോഭനങ്ങളോട്.... അധികാരത്തിന്റെ രൂപത്തിൽ കടന്നുവരുന്ന പ്രലോഭനങ്ങളോട് .... ആത്മപ്രശംസയുടെ ആവരണങ്ങളിലെത്തുന്ന പ്രലോഭനങ്ങളോട്... ഒരു അവധി ചൊല്ലിയിട്ട് യാത്രയാകാം

> 'നോമ്പാകുന്ന മൃദുലനുകവും പേറി' അരുമനാഥന്റെ തിരുസന്നിധിയിലേക്ക്.....
> 'രക്ഷകനാം നാഥൻ ഞങ്ങൾക്കായ് നോറ്റ
> നോമ്പേ വന്നാലും-അവനെ വണങ്ങിൻ സാഷ്ടാംഗം"

* *നോമ്പ് നമസ്ക്കാരം - തിങ്കൾ സന്ധ്യ എനിയോനോ)*

■

പഠനം

ഫാ. ജോർജ് കോശി

# ബാറക്മോർ

**"മൊ**റിയൊ"എന്ന സുറിയാനി പദത്തിന്റെ കൂടെ" എന്റെ "എന്ന സുറിയാനി വാക്കുകൂടി ചേർക്കുന്നതാണ് "മോർ".മൊറിയൊ എന്നതിനു പ്രഭു, നായകൻ, കർത്താവ്, നേതാവ്,ഗുരുശ്രേഷ്ഠൻ എന്നെല്ലാം അർത്ഥമുണ്ട്. "മോർ" എന്നതിന്റെ അർത്ഥം എന്റെ പ്രഭു, എന്റെ നായകൻ, എന്റെ കർത്താവ്, എന്റെ നേതാവ് (My master, My sir)എന്നെല്ലാമാണ്.

യേശു ക്രസ്തുവിന്റെ പ്രതീകമായി പുരോഹിതസ്ഥാനികളെ വീക്ഷിക്കാറുണ്ടെങ്കിലും അവരെ ആരെയും തന്നെ യേശുക്രിസ്തു എന്ന അർത്ഥത്തിൽ " കർത്താവെ" എന്നു വിളിക്കാറില്ല. ബാറെക്മോർ കൊണ്ടു ഉദ്ദേശിക്കുന്നതും കർത്താവ് (ദൈവം) അനുഗ്രഹിക്കണം/ വാഴ്ത്തണം എന്നല്ല, ആരാധനയിലെ കാർമ്മികൻ അനുഗ്രഹിക്കണം/ വാഴ്ത്തണം എന്നാണ്.

ആരാധനാമദ്ധ്യേ വിശ്വാസപ്രമാണം ചൊല്ലുന്നതിനുമുമ്പായും മറ്റു ചില അവസരങ്ങളിലും ശുശ്രൂഷക്കാർ ബഹുമാനപ്പെട്ട പട്ടക്കാരൻ, വന്ദ്യപിതാവ് എന്നെല്ലാം കാർമ്മികന്റെ സ്ഥാനമനുസരിച്ച് അഭിസംബോധന ചെയ്യാറുണ്ട്. അതുതന്നെയാണു മോർ എന്ന വാക്കുകൊണ്ടും ലക്ഷ്യമിടുന്നത്. മേല്പ്പട്ടക്കാരുടെ പേരോടുകൂടി ബഹുമാനപുരസ്സരം മോർ ചേർത്താണെല്ലൊ അഭിസംബോധന ചെയ്യുക. (മോർ എന്ന വാക്കു സുറിയാനിയിൽ തന്നെക്കാൾ പ്രായമൊ സ്ഥാനമൊയുള്ള ആർക്കും ഉപയോഗിക്കാവുന്നതാണ്. അതു പുരോഹിത ഗണത്തിൽപ്പെട്ടവരാകണമെന്നില്ല.)

കൗമ്മാ പ്രാർത്ഥനയിൽ കർത്തൃപ്രാർത്ഥന ചൊല്ലുന്നതിനുമുമ്പു ആരാധനാസമൂഹം ബാറെക്മോർ പറയും. കാർമ്മികൻ അതിപ്രധാനമായ കർത്തൃപ്രാർത്ഥനയ്ക്കു ആരംഭമിട്ടു അനുഗ്രഹിക്കണമെന്നു അഭ്യർത്ഥിക്കുകയാണു ബാറെക്മോറിലൂടെ.വി. കുർബ്ബാനവേളയിലും മറ്റും ഇടവായനകൾ ശുശ്രൂഷക്കാർ ബാറെക്മോർ പറഞ്ഞാണു ചൊല്ലുക. അവിടെ കാർമ്മികന്റെ അനുവാദവും അനുഗ്രഹവും ലഭിക്കുവാനാണ് ബാറെക്മോർ പറയുന്നത്.

ദൈവമാതാവിന്റയും പരിശുദ്ധന്മാരുടെയും മറ്റും കുക്കിലിയോൻ പ്രാർത്ഥനകൾ ചൊല്ലുമ്പോൾ ത്രീത്വസ്തുതിയായ "ശുബഹൊലാബൊ..." എന്ന സുപ്രധാനമായ സ്തുതിപ്പു ചൊല്ലുവാൻ കാർമ്മികനെ അനുസ്മരിക്കുവാനും അദ്ദേഹത്തോടു അഭ്യർത്ഥിക്കുവാനുമാണു വിശ്വാസികൾ ബാറെക്മോർ പറയുക. കുക്കിലിയോനിലെ മർമ്മ പ്രധാനമായ ഭാഗമാണ് ത്രിത്വസ്തുതി. ദൈവത്തെ സദാസ്തുതിക്കുന്ന ദൈവമാതാവുൾപ്പെടെയുള്ള പരിശുദ്ധ പൂർവ്വികരെപ്പോലെ ആരാധകസമൂഹം ത്രീയേകദൈവത്തെ സ്തുതിച്ചുപുകഴ്ത്തുന്നതിനും ആ ദിവ്യഗണങ്ങളുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നതിനുമാണു ആ പ്രാർത്ഥനകൾ ഉരുവിടുന്നത്.

ത്രിത്വസ്തുതിയോടെയാണു പ്രാർത്ഥനകൾ ആരംഭിക്കുക. കുടുംബപ്രാർത്ഥനകളും അപ്രകാരം തന്നെ. അവിടെ നേതൃത്വം നല്കുന്നതു ഭവനത്തിലെ നായകനാണ്. കൗമ്മാ പ്രാർത്ഥനയുടെ മദ്ധ്യത്തിൽ ബാറെക്മോർ എന്നു സന്നിഹിതരായവർ പറയും.നേതൃസ്ഥാനിയാണു കർത്തൃ പ്രാർത്ഥനയ്ക്കു ആരംഭമിടുക. നായകനെ കർത്തൃ പ്രാർത്ഥനയ്ക്കു ആരംഭമിടാൻ ആദരപൂർവ്വം അറിയിക്കുന്നതു ബാറെക്മോർ എന്നുരചെയ്തുകൊണ്ടാണ്.

പൗരസ്ത്യസഭകളിൽ യാമപ്രാർത്ഥനകൾ പള്ളിയിൽ വച്ചായിരുന്നു മുമ്പു സഭാംഗങ്ങൾ നടത്തിയിരുന്നത്.യഹൂദാപാരമ്പര്യത്തിലെ സുനഗോഗുകൾ പോലെ തൊട്ടടുത്തുതന്നെ പള്ളികൾ ഉണ്ടായിരുന്നു.ശ്ഹീമാ (common) കാനോനാ നമസ്കാരത്തിന്റെ ഘടനയും ഭാഷാരീതികളും പ്രാർത്ഥനകളും പരിശോധിച്ചാൽ അതു പള്ളിയിൽ വച്ചു നടത്തുവാനുള്ളതാണെന്നു വ്യക്തമാകും. ആ പാരമ്പര്യം പതുക്കെ അപ്രത്യക്ഷമായപ്പോളാണു യാമപ്രാർത്ഥനകൾ, പ്രത്യേകിച്ചും സന്ധ്യയും പ്രഭാതവും, ഭവനങ്ങളിൽ വച്ചു നടത്തുന്ന പതിവുണ്ടായത്. ചുരുക്കത്തിൽ,മുമ്പു കൗമ്മാപ്രാർത്ഥനകൾക്കും നേതൃത്വം നല്കിയിരുന്നതു പുരോഹിതരായിരിക്കണം.

ബാറെക്മോർ എന്നതിനു കർത്താവെ (ദൈവമെ) അനുഗ്രഹിക്കണമെ/വാഴ്ത്തണമെ എന്ന അർത്ഥമാണെങ്കിൽ ആരാധകഗണത്തോടൊപ്പം ആദ്ധ്യക്ഷനായ കാർമ്മികനും അതു പറയേണ്ടതാണ്. ദൈവാനുഗ്രഹം ഒരുപോലെ ഏവർക്കും ആവശ്യമാണല്ലൊ. എന്നാൽ പട്ടക്കാരും മേല്ചട്ടക്കാരും ഒറ്റയ്ക്കു ആരാധനയ്ക്കു നേതൃത്വം

*ശേഷം 34-ാം പേജിൽ*

**7-ാം ചരമ വാർഷികം, 07-02-2013**



*"നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*

**സാറാമ്മ ഏബ്രഹാം**
**(കുഞ്ഞമ്മ)**
**പുത്തൻപുരയ്ക്കൽ,**
**ചിങ്ങവനം**

*എന്ന്,*
*സന്തപ്ത കുടുംബാംഗങ്ങൾ*

In Ever Loving Memory of



**K.G. JOSEPH**
Kayyalaparambil,
Othera, Kerala

*Inserted By:-*
Raju and Family, Sagwara,
Rajastan






# ഭാസുര തേജസ്സായ പ. വട്ടശ്ശേരിൽ തിരുമേനി



ഡോ. അലക്സാണ്ടർ ജേക്കബ് I.P.S
(ജയിൽ ഡി.ജി.പി. തിരുവനന്തപുരം)

വട്ടശ്ശേരിൽ തിരുമേനിയുടെ ജീവചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത് സഭാസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള കാഴ്ചപ്പാടാണ് . ഒരു സഭയിലെ ജനങ്ങൾക്ക് അവരുടേതായ രീതിയിൽ വിശ്വസിക്കാനും , വിശ്വാസം കെട്ടിപ്പടുക്കുവാനുമുള്ള അവകാശമുണ്ട്. ഇത് സാർവ്വത്രിക സഭയുമായി വിഘടിച്ചു നിൽക്കുന്ന ഒരു തത്വമല്ല. 1928 ലാണ് ലോകത്തിലുള്ള സഭകളുടെ കൗൺസിൽ തുടങ്ങിയത്. 1928 ൽ തന്നെ മെമ്പർഷിപ്പ് എടുക്കാൻ തിരുമേനി ശ്രമിച്ചു എന്ന് മനസ്സിലാക്കാം. 1938 ൽ രണ്ടാം തവണ കൗൺസിൽ കൂടിയപ്പോൾ സഭയിൽ നിന്ന് ഒരു പ്രതിനിധി പോയി. 1948 ൽ ഇവിടുന്നൊരു ബിഷപ്പ് പോയിരുന്നു. 1928 ൽ തന്നെ ആദ്യ ലോകകൗൺസിൽ കൂടിയപ്പോൾ തന്നെ മെമ്പർഷിപ്പ് എടുക്കുകയും അതിനു വേണ്ടി ശ്രമിക്കുകയും ചെയ്തുവെന്നു പറയുമ്പോഴാണ് സാർവ്വത്രിക സഭയുടെ അകത്തുനിന്നു ഭാരത സഭയുടെ തനതായ സ്വാതന്ത്ര്യം കാത്തു രക്ഷിക്കാൻ ശ്രമിച്ചു എന്ന് മനസ്സിലാക്കാവുന്നതാണ്. അത് ജനങ്ങളുടെ ഇടയിലേക്ക് സംക്രമിക്കാനുള്ള അത്ഭുതകരമായ ശക്തി തിരുമേനിക്കുണ്ടായിരുന്നു. ഒരാശയത്തിൽ വിശ്വസിക്കുമ്പോൾ അതിൽ നിന്ന് വ്യതിചലിക്കുവാനുള്ള Tendancy നിയന്ത്രിക്കുക എന്നുള്ളത്. വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. വിശ്വാസ ധാർഷ്ട്യം ഉറപ്പിക്കണമെങ്കിൽ അത് വിശ്വാസികൾ മാത്രം ശ്രമിച്ചാൽ നടക്കുന്ന ഒരു കാര്യമല്ല. അതിനു വേണ്ടി സഭാ നേതൃത്വംകൂടിശ്രമിക്കണം. അതിനു വേണ്ടി വട്ടശ്ശേരിൽ തിരുമേനി ശ്രമിച്ചിരുന്നു.

'മലങ്കര സിംഹ'മെന്നും തിരുമേനിയെ വിളിക്കാറുണ്ട്.

തിരുമേനിയുടെ ആദർശങ്ങളിൽ അദ്ദേഹം ദീർഘ വീക്ഷണത്തോടെ രചിച്ച ഭരണഘടനയാണ് ഏറ്റവും പ്രധാനപ്പെട്ടത്. വായിക്കുംതോറും അത്ഭുതമുണർത്തുന്നതാണ് ഈ ഭരണഘടന 1934 ൽ ഇലക്ഷൻ വരുന്നതിന് മുമ്പ് വട്ടശ്ശേരിൽ തിരുമേനി ജനാധിപത്യത്തെക്കുറിച്ച് ചിന്തിച്ചിരുന്നു . ഈ ഭരണഘടന ഒരു അത്ഭുതകരമായ സംഗതിയാണ് . അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഇത് Councilകൂടി അംഗീകരിക്കാൻകഴിഞ്ഞില്ല . 1995 ൽ Supreme Court പറയുന്ന ഈ ഭരണഘടന അഭിനന്ദനീയമാണ്. സ്വാതന്ത്ര്യത്തിനുമുൻപ് സഭയുടേതായ ഒരു ഭരണഘടനയുണ്ടാക്കി അതിനെ കാനോനികമായ സ്ട്രക്ച്ചറിൽ ഉറപ്പിച്ച് എപ്പിസ്ക്കോപ്പൽ സ്ട്രക്ച്ചറുമായി മെർജ് ചെയ്തു എന്നുള്ളതാണ് ഇന്ത്യൻ സുപ്രീംകോർട്ടിൽ അഞ്ചംഗ ബഞ്ച് പറയുന്നു. It is a wonderful thing സുപ്രീംകോർട്ടിന്റെ അംഗീകാരം ലഭിക്കുന്നതിന് അറുപത് വർഷങ്ങൾക്ക് മുൻപ് തന്നെ വട്ടശ്ശേരിൽ തിരുമേനി ഡ്രാഫ്റ്റ് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഈ ദീർഘ വീക്ഷണം അത്ഭുതാവഹം എന്നേ പറയാൻ പറ്റുകയുള്ളൂ. വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണഘടന വൻ നേട്ടമാണ്. പറയാൻ വാക്കുകളില്ലാതെ അത്ഭുതകരമായ ഒരു സൃഷ്ടിയാണ്. തിരുമേനിയുടെ ജീവിതകാലത്ത് അത് അംഗീകരിക്കുവാൻ കഴിഞ്ഞില്ല . അദ്ദേഹം കാലം ചെയ്തു എട്ടു മാസങ്ങൾക്കു ശേഷമാണ് കൗൺസിൽ കൂടി അംഗീകരിച്ചത് .

തിരുമേനിയുടെ ആദർശങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഭൂമിയിൽ നിലനിൽക്കുന്ന നിയമത്തെ ബഹുമാനിച്ചുകൊണ്ടുവേണം സഭ മുന്നോട്ടുപോകുന്നത് എന്ന തിരുമേനിയുടെ തീരുമാനം. തിരുമേനിയെ മുടക്കിക്കഴിഞ്ഞ് നീണ്ട 26 കൊല്ലം ജീവിച്ചിരുന്നു. 25 കൊല്ലം മെത്രാപ്പോലീത്തയായി സഭയെ നയിച്ചു. ഒരൊറ്റ തവണയെങ്കിലും തന്റെ അനുയായികളെ കൊണ്ട് പോലീസിനെ ആക്രമിക്കാനോ ഒരു രക്തപ്പുഴയൊഴുക്കാനോ തിരുമേനി ശ്രമിച്ചില്ല. തിരുമേനിയുടെ ജീവിതകാലത്ത് തിരുവിതാംകൂറിന്റെ റോയൽ കോർട്ട് ഉണ്ടായിരുന്നു. തിരുമേനി അവിടെ കേസ് പറഞ്ഞു. ഹൈക്കോടതിയിൽ കേസ് പറഞ്ഞു. തിരുമേനിക്കെതിരേയും കേസ് വിധിയുണ്ടായി. പക്ഷേ തിരുമേനി സംയമനത്തോടെ നേരിട്ടു 1928 ൽ തിരുമേനിക്കു അനുകൂലമായി വട്ടിപ്പണക്കേസു വിധിച്ചു. പക്ഷേ രണ്ടിടത്തും തിരുമേനി സംയമനം പാലി

ച്ചുകൊണ്ട് മുന്നോട്ട് പോയി . നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുതന്നെ വിശ്വാസം സംരക്ഷിക്കാൻ തിരുമേനിക്കു കഴിഞ്ഞുവെന്നത് തിരുമേനി കാത്തുസംരക്ഷിച്ച ഒരു വലിയ ആദർശമാണ്.

1934 ൽ കാലം ചെയ്യുമ്പോൾ തിരുമേനിക്ക് 76 വയസ്സായിരുന്നു. ആ കാലഘട്ടത്തിൽ വളരെ ക്രാന്തദർശനത്തോടെ ചെയ്ത കുറച്ചു കാര്യങ്ങളുണ്ട്. അതിലൊന്ന് തിരുമേനി തന്റെ പിൻഗാമിയെ കണ്ടെത്തിയിരുന്നു എന്നുള്ളതാണ്. സെമിനാരിയിൽ നിന്ന് ഓരോ ബാച്ചിൽ നിന്നും പ്രഗല്ഭനായ വ്യക്തിയെ Identify ചെയ്തിരുന്നു. പിന്നീട് മലങ്കര സഭയ്ക്കു ലഭിച്ച മെത്രാൻമാരിൽ 14 പേര് തിരുമേനിയുടെ ശിഷ്യൻമാരായിരുന്നു. 1928 ൽ കേസ് ജയിച്ച ശേഷം 36 വർഷം സഭയെ നയിക്കുവാനായി കരുത്തനായ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായെ കാതോലിക്കയായി വാഴിക്കുമ്പോൾ വളരെ ദീർഘമായ ഒരു വിഷൻ തിരുമേനിക്കുണ്ടായിരുന്നു. തിരുമേനിക്കു വേണമെങ്കിൽ മെത്രാപ്പൊലീത്ത സ്ഥാനവും, കാതോലിക്ക സ്ഥാനവും യോജിപ്പിക്കാമായിരുന്നു. വേണമെങ്കിൽ കാതോലിക്ക ആകാമായിരുന്നു. എന്നാൽ രണ്ട് സ്ഥാനവും രണ്ടായി നിലനിർത്തി. രണ്ടിന്റെയും പ്രാധാന്യം മനസ്സിലാക്കി തിരുമേനി മുമ്പോട്ടു പോയി. 1934 ൽ തിരുമേനി കാലം ചെയ്യുന്നതിനുമുമ്പ് ഭരണഘടന സുരക്ഷിതമായ കൈകളിൽ ഏൽപ്പിച്ചു. തിരുമേനിക്ക് നീതിമാന്റെ മരണം ലഭിക്കുകയും നല്ല കബറടക്കത്തോടെ യാത്രയാവുകയും ചെയ്തു.


തിരുമേനിയെ 'മലങ്കര സഭാ ഭാസുരൻ' എന്ന് വിളിക്കാറുണ്ട്. ഭാസുരൻ എന്നാൽ സൂര്യൻ എന്നാണർത്ഥം. സൂര്യന് നന്നായിട്ട് ശോഭിക്കാനുള്ള കഴിവുണ്ട്. പിന്നെ സൂര്യന് ചന്ദ്രനിൽ തട്ടി പ്രതിഫലിക്കാനുള്ള കഴിവുമുണ്ട്. സൂര്യനെപ്പോലെ വട്ടശ്ശേരിൽ തിരുമേനി പ്രകാശം പരത്തി നമുക്ക് മുൻപായി ജീവിച്ചിരുന്നു. ആ പ്രകാശം പ്രതിഫലിക്കുന്ന ചന്ദ്രനു തുല്യമായ മെത്രാപ്പോലീത്തന്മാരെ സൃഷ്ടിക്കുകയും ചെയ്തിരുന്നു. 'മലങ്കര സിംഹ'മെന്നും തിരുമേനിയെ വിളിക്കാറുണ്ട്. സിംഹത്തിന്റേതായ ക്വാളിറ്റി തിരുമേനി പ്രകടിപ്പിച്ചിരുന്നു. മലങ്കര സഭയെ മുഴുവൻ ഒരുപോലെ നയിച്ചുകൊണ്ടുപോകുവാനും ഗർജ്ജനം മുഴക്കുവാനും തിരുമേനിക്ക് കഴിഞ്ഞിരുന്നു. ■



## കാതോലിക്കാ ദിനം മാർച്ച് 17

ആലുവ തൃക്കുന്നത്ത് സെമിനാരിയിലെ പ. പിതാക്കൻമാരുടെ ഓർമ്മപ്പെരുന്നാളിനെക്കുറിച്ച് യുവജന പ്രസ്ഥാനത്തിന്റെ കേന്ദ്ര സെക്രട്ടറി അലക്സ് കുര്യാക്കോസ് അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുമായി നടത്തിയ അഭിമുഖം.

# തൃക്കുന്നത്തു നിന്നും...



***ഈ വർഷത്തെ പെരുന്നാൾ വളരെയധികം ഭംഗിയായി നടന്നു. കഴിഞ്ഞ വർഷത്തെ പെരുന്നാളിനേയും ഈ വർഷത്തെ പെരുന്നാളിനെയും എങ്ങനെ വിലയിരുത്തുന്നു?***

സങ്കടവും സന്തോഷവും നിറഞ്ഞതായിരുന്നു രണ്ട് പെരുന്നാളുകളും. അത് ആര് ജയിച്ചു, തോറ്റു എന്നതിനെ ആസ്പദമാക്കിയല്ല. നമ്മുടെ പ്രതിഷേധം വകവയ്ക്കാതെ സർക്കാരിന്റെ പ്രതിനിധികൾ, കളക്ടറുടെ നേതൃത്വത്തിൽ പത്ത് മിനിറ്റ് വീതം, പത്ത് പേർ അടങ്ങുന്ന സംഘങ്ങൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് നാല് മണിക്കൂർ അനുവാദം നൽകുകയുണ്ടായി. അതിന് നമ്മൾ വഴങ്ങുകയും ചെയ്തു. കഴിഞ്ഞ വർഷം ഇതേ തീരുമാനം തന്നെയായിരുന്നു.

കുർബാന വസ്ത്രങ്ങളോ, കുർബാനക്കുള്ള സാധനങ്ങളോ കൊണ്ടുവരുകയില്ലാ എന്ന് പറഞ്ഞിട്ട് കഴിഞ്ഞ വർഷം അത് കൊണ്ടുവരികയും കുർബ്ബാന അർപ്പിച്ചു എന്ന് എതിർ പക്ഷം വ്യാജ പ്രചരണം നടത്തുകയും ചെയ്തു.

ഈ സമയത്ത് എന്റെ മനസ്സിലേക്ക് വരുന്നത് ആവർത്തന പുസ്തകം 12 ന്റെ 13-ാം വാക്യമാണ്. അവിടെ മോശയോട് ദൈവം അരുളി ചെയ്യുന്നു. 'നിനക്ക് ബോധിച്ചിടത്തൊക്കെയും ഹോമയാഗങ്ങൾ അർപ്പിക്കാതിരിക്കാൻ നീ സൂക്ഷിച്ചുകൊൾക'. കഴിഞ്ഞ വർഷം അദ്ദേഹം ബലി അർപ്പിച്ചു എന്ന് പറയുന്നത്, പരിശുദ്ധ പിതാക്കന്മാർ കബറടങ്ങിയിരിക്കുന്ന സ്ഥലത്താണ്. എന്താണ് വി.കുർബാന എന്നും അത് എങ്ങനെ അർപ്പിക്കണമെന്നും

## അഭിമുഖം

### അലക്സ് കുര്യാക്കോസ്



യഹോവയുടെ വചനങ്ങൾ അനുശാസിക്കുന്നതെന്തെന്നും അറിയാവുന്ന നാല് പിതാക്കന്മാരുടെ തിരുസാന്നിദ്ധ്യത്തിന്റെ മുൻപിൽ വച്ചാണ് അദ്ദേഹം അങ്ങനെ ഒരു 'നാടകം' അഭിനയിച്ചത്. തീർച്ചയായും അതിന്റെ പ്രിഫലനം ആയിരിക്കണം ഈ വർഷം അദ്ദേഹത്തിന് അവിടെ പ്രാർത്ഥിപ്പാൻ പോലും കഴിയാതെ പോയത്. അന്നു മുതൽ മനസ്സിന് വേദനയായിരുന്നു. വി.കുർബ്ബാനയെ അവഹേളിച്ചതിനെക്കുറിച്ചും, നമ്മുടെ പ്രതിഷേധം ഉണ്ടായിട്ടും കളക്ടറുടെ മദ്ധ്യസ്ഥതയിൽ എടുത്ത ധാരണ തെറ്റിച്ചതിലും. ദൈവം തമ്പുരാൻ നല്ലൊരു പരിസമാപ്തി ഈ പെരുന്നാളിന് നൽകി എന്ന് പൂർണ്ണമായി വിശ്വസിക്കുന്നു.

***ഈ വർഷത്തെ പെരുന്നാളിനെ സംബന്ധിച്ച്, മറ്റുള്ളവരുടെ ആരാധനാ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായി ചിലർ ആക്ഷേപം ഉന്നയിക്കുന്നു. അതിനോട് തിരുമേനിയുടെ പ്രതികരണം എന്താണ് ?***

ഒന്നു നാം അറിഞ്ഞിരിക്കണം. 2003 ലെ ജില്ലാ കോടതി വിധി അനുസരിച്ച് ഈ ചാപ്പൽ അരമനയോട് ബന്ധപ്പെട്ട ഒരു സ്ഥാപനം എന്നാണ് (അവർ നൽകിയ കേസിന്റെ വിധിയാണിത്); ഇംഗ്ലീഷിൽ അതിന് പറഞ്ഞിരിക്കുന്ന വാക്ക് 'Appentage' എന്നാണ്. (ഈ വിധിക്ക് ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടില്ല. വാദം കേട്ട് തീരുമാനം എടുത്തിട്ടുമില്ല). സെമിനാരി 1934 ലെ ഭരണഘടന പ്രകാരം ഭരിക്കുന്ന ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തയുടെ ചാപ്പലാണ്. അവിടെ ഏതെങ്കിലും സ്ഥാനിക്ക് പ്രാർത്ഥിക്കണമെങ്കിൽ അത് മെത്രാപ്പോലീത്തയോട് ആവശ്യപ്പെടാവുന്നതും, അനുവദിക്കുന്നതിന് കുഴപ്പമില്ലാത്തതുമാകുന്നു. പക്ഷെ, ഇവിടെ അങ്ങനെ അല്ല. എന്റേതാണെന്ന് സ്ഥാപിക്കുവാനും ചാനലുകാരേയും പത്രക്കാരേയും വിളിച്ച് കൂട്ടി ബഹളം കാണിക്കുവാനുമാണ് ഒരുങ്ങുന്നത്.

കുറവിലങ്ങാട്ട് കത്തോലിക്ക സഭയുടെ അധീനതയിലുള്ള അർക്കദിയോക്കൻമാരുടെ കബറിടം ഞാൻ പലപ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്. അവിടെ എഴുതി വച്ചിട്ടുണ്ട്, 'പൊതു പൈതൃകം' എന്ന്. മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ എല്ലാം പൊതുപൈതൃകമെന്നാണ് അവർ ഉദ്ദേശിക്കുന്നത്. അങ്ങനെ കരുതുന്നതുകൊണ്ട് അവരുടെ അനുവാദം കൂടാതെ എനിക്ക് വി. കുർബാന അർപ്പിക്കുവാനും, തോന്നുന്നത് ചെയ്യുവാനും കഴിയുമോ?

ഞാൻ ആഗ്രഹം അറിയിച്ചാൽ ഒരുപക്ഷെ അവർ അനുവദിച്ച് തരുമായിരിക്കും. തൃക്കുന്നത്ത് എന്ത് ചെയ്യണമെന്ന്, ഇവിടെ താമസിക്കുന്ന മെത്രാപ്പോലീത്തയാണ് തീരുമാനിക്കുന്നത് (സഭയ്ക്കുവേണ്ടി). 2002 ൽ ഉണ്ടായ ഒരു സഭയുടെ തലവനാണ് തൃക്കുന്നത്തു വരുന്നു എന്നു പറയുന്നത്. ഒരു സഭയുടെ സ്ഥാപനത്തിലേക്ക് മറ്റൊരു സഭയുടെ അധിപന് പിടിച്ചെടുക്കും എന്ന് പറഞ്ഞ് കയറിച്ചെല്ലുക നാട്ടുനടപ്പുള്ള കാര്യമല്ല. അത് തെറ്റിദ്ധരിപ്പിക്കലാണ്. അത് നമ്മൾ പ്രത്യേകം അറിയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ, സമൂഹത്തിന്റെ സ്വസ്ഥത കെടുത്തുന്ന ബഹളങ്ങൾക്ക് കൂട്ടുനിൽക്കലല്ല ആരാധനാ സ്വാതന്ത്ര്യം.

***സഭാ തർക്കത്തിൽ ഓർത്തഡോക്സ് സഭാ മദ്ധ്യസ്ഥത ശ്രമങ്ങളോട് സഹകരിക്കുന്നില്ല എന്നുള്ള ആരോപണത്തോട് തിരുമേനിയുടെ അഭിപ്രായം?***

മദ്ധ്യസ്ഥ തീരുമാനങ്ങൾക്ക് അനുസരിക്കുന്നില്ല എന്ന് ജനത്തെ തെറ്റിദ്ധരിപ്പിക്കുന്നു. ചാനലുകളെ കബളിപ്പിക്കുവാനും പത്രക്കാരെ കള്ളം പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുവാനും അവർ ശ്രമിക്കുന്നു. സുപ്രീം കോടതിയിൽ സഭാ കേസ് വാദം നടക്കുന്ന സമയത്ത് എന്തുകൊണ്ട് 'മീഡിയേഷനെ വച്ചുകൂടാ എന്ന് ' കോടതി ആരാഞ്ഞപ്പോൾ ഞങ്ങൾക്ക് കോടതി വിധിയാണ് ആവശ്യം എന്ന് പറഞ്ഞ കൂട്ടരാണ് ഇപ്പോൾ 'മീഡിയേഷൻ' പറയുന്നത്.

2002 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇടപെട്ട് ബഹുമാന്യനായ ജസ്റ്റിസ് മളിമഠിന്റെ നിരീക്ഷണത്തിൽ ഒരു അസ്സോസിയേഷൻ വിളിച്ചുകൂട്ടി. അന്ന് അതിൽ പങ്കെടുക്കാതെ വേറൊരു മീറ്റിംഗ് വിളിച്ചുകൂട്ടി പുതിയ ഭരണഘടന പാസ്സാക്കി. അതൊരു വഞ്ചനയല്ലേ? അവരാണ് ഭൂരിപക്ഷമെന്ന് അവർ പറഞ്ഞ് നടക്കുന്നു. എന്തുകൊണ്ട് അന്ന് പരുമല അസോസിയേഷനിൽ പങ്കെടുത്ത് ഭൂരിപക്ഷം തെളിയിച്ചില്ല?

1995 ൽ വിധി വന്ന് കഴിഞ്ഞപ്പോൾ പരി.മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഇരുവിഭാഗത്തിൽ നിന്നും ഓരോ മെത്രാച്ചനെ സമാധാന ആലോചനയ്ക്കായി കൺവീനറന്മാരായി നിയമിച്ചു. നമ്മുടെ ഭാഗത്ത് നിന്ന് ഡോ.പൗലോസ് മാർ ഗ്രിഗോറിയോസും, മറുഭാഗത്ത് തോമസ് മാർ ദിവന്ന്യാസോസും. ആലോചനകൾ തകൃതിയായി നടന്നു. ആയിടയ്ക്ക് ഗ്രിഗോ

*ശേഷം 35-ാം പേജിൽ*

ചരിത്രം

വർഗീസ് ജോൺ തോട്ടപ്പുഴ

# പഴയ സെമിനാരി 200ന്റെ നിറവിലേക്ക്

**1815** മാർച്ചിൽ പ്രവർത്തനമാരംഭിച്ച കോട്ടയം പഴയ സെമിനാരി അനേകം ചരിത്രസംഭവങ്ങൾക്ക് വേദിയുണ്ടായിട്ടുണ്ട്. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം എന്ന നിലയിൽ മലങ്കര സഭാകേന്ദ്രം ഒരുകാലത്ത് ഇവിടെയാണ് പ്രവർത്തിച്ചിരുന്നത്. ഇവിടെ നടന്നിട്ടുള്ള ചില പ്രധാന സംഭവങ്ങൾ താഴെ ചേർക്കുന്നു.

1975 ഒക്ടോബർ 27 തിങ്കളാഴ്ച പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ സ്ഥാനാരോഹണം ചെയ്തത് ഇവിടെ വച്ചാണ്. ഇവിടെ വച്ച് രണ്ടുപ്രാവശ്യം മേൽപട്ട സ്ഥാനാഭിഷേകങ്ങൾ നടന്നിട്ടുണ്ട്. 1868 മെയ് 31 പെന്തിക്കോസ്തി ഞായറാഴ്ച പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ്, ആലത്തൂർ ജോസഫ് മാർ കൂറിലോസ് (തൊഴിയൂർ) എന്നീ മെത്രാപ്പോലീത്താമാർ ചേർന്ന് പാലക്കുന്നത്ത് തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പായെ വാഴിച്ചു. (ഇതിന്റെ തീയതി 1868 ജൂൺ 1 എന്നും കാണുന്നുണ്ട്). 1889 ജൂലൈ 29 തിങ്കളാഴ്ച കടവിൽ പൗലോസ് മാർ അത്താനാസിയോസ്, ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരുമല), മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസ് (പിന്നീട് പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ) എന്നീ മെത്രാപ്പോലീത്താമാർ ചേർന്ന് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു.

മലങ്കരസഭയിൽ ഈ നൂറ്റാണ്ടിൽ ഒൻപതു പ്രാവശ്യം നടന്നിട്ടുള്ള 'മെത്രാപ്പോലീത്തായായി ഉയർത്തൽ' ശുശ്രൂഷകളിൽ ആറും ഇവിടെവച്ചാണു നടന്നത്. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ 1934 ജൂൺ 1 സ്വർണ്ണ വെള്ളിയാഴ്ച മൂന്നും 1959 ജൂലൈ 12 ഞായറാഴ്ച അഞ്ചും എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്താമാരായി ഉയർത്തി. 1981 ഫെബ്രുവരി 28 ശനിയാഴ്ച പ. മാത്യൂസ് പ്രഥമൻ ബാവാ നാല് എപ്പിസ്ക്കോപ്പാമാരെ മെത്രാപ്പോലീത്താമാരായി ഉയർത്തിയതും ഇവിടെ വച്ചുതന്നെ. പ. മാത്യൂസ് ദ്വിതീയൻ ബാവാ ഇവിടെ വച്ച് 1991 ഒക്ടോബർ 25 വെള്ളിയാഴ്ച ഏഴ് എപ്പിസ്കോപ്പാമാരെയും 1993 സെപ്റ്റംബർ 22 ബുധനാഴ്ച ഒരു എപ്പിസ്കോപ്പായെ (മാത്യൂസ് മാർ സേവേറിയോസ്) യും മെത്രാപ്പോലീത്താമാരായി ഉയർത്തി. ഇവിടെ വച്ച് പ. ദിദിമോസ് ബാവാ 2006 ഫെബ്രുവരി 23 വ്യാഴാഴ്ച നാല് എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്താമാരായി ഉയർത്തി.

നാല് മെത്രാപ്പോലീത്താമാരുടെ കബറിടങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു. പുലിക്കോട്ടിൽ ഒന്നാമൻ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ മെത്രാപ്പോലീത്താ ഇവിടെ വച്ച് 1816 നവംബർ 24നും പുലിക്കോട്ടിൽ രണ്ടാമൻ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിയിൽ വച്ച് 1909 ജൂലൈ 11 ഞായറാഴ്ച രാവിലെ 11.45നും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് ആറാമൻ മെത്രാപ്പോലീത്താ ഇവിടെ വച്ച് 1934 ഫെബ്രുവരി 23 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.15നും കാലം ചെയ്തു. ഇവർ മൂവരും മലങ്കര മെത്രാപ്പോലീത്താമാരാണ്. സെമിനാരി പ്രിൻസിപ്പലും ഡൽഹി ഭദ്രാസനാധിപനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1996 നവംബർ 24 ഞായറാഴ്ച വെളുപ്പിന് ഡൽഹിയിൽ വച്ച് കാലം ചെയ്തു. എല്ലാവരും അടുത്തദിവസങ്ങളിൽ ഇവിടെ കബറടക്കപ്പെട്ടു.

മലങ്കരയിൽ ഒൻപതു പ്രാവശ്യം നടന്നിട്ടുള്ള വി. മൂറോൻ കൂദാശകളിൽ നാലും ഇവിടെയാണ് നടന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ 1932 ഏപ്രിൽ 22 (നാൽപതാം വെള്ളിയാഴ്ച) നും 1951 ഏപ്രിൽ 20 (നാൽപതാം വെള്ളിയാഴ്ച) നും പ. ഔഗേൻ ബാവാ 1967 ഡിസംബർ 21 വ്യാഴാഴ്ചയും പ. മാത്യൂസ് പ്രഥമൻ ബാവാ 1977 ഏപ്രിൽ ഒന്നിനും (നാൽപതാം വെള്ളിയാഴ്ച) ഇവിടെ വച്ച് വി. മൂറോൻ കൂദാശ ചെയ്തു.

മുളന്തുരുത്തി സുന്നഹദോസിനു (1876 ജൂൺ 27–30) മുമ്പ് 1853 ഫെബ്രുവരി 14 (1028 കുംഭം 2) നും 1869 ഒക്ടോബർ 21 വ്യാഴാഴ്ചയും 1870 ഫെബ്രുവരി 7 തിങ്കളാഴ്ചയും ഇവിടെ പള്ളി പ്രതിപുരുഷയോഗം കൂടിയിട്ടുണ്ട്. പുലിക്കോട്ടിൽ രണ്ടാമൻ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ 1886 സെപ്റ്റംബർ 11–13 (ശനി–തിങ്കൾ), 1892 മാർച്ച് 30, 31 (ബുധൻ, വ്യാഴം), 1895 നവംബർ 21–23 (വ്യാഴം–ശനി), 1901 ഏപ്രിൽ 24, 25 (ബുധൻ, വ്യാഴം), 1908 ഫെബ്രുവരി 27 (വ്യാഴം) എന്നീ തീയതികളിലും പ. ഇഗ്നാത്തിയോസ് അബ്ദള്ളാ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ 1909 നവംബർ 25–27 (വ്യാഴം–ശനി) നും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് ആറാമൻ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ 1930 സെപ്റ്റംബർ 4 (വ്യാഴം) നും ഇവിടെവച്ച് മലങ്കര അസോസിയേഷൻ യോഗങ്ങൾ കൂടിയിട്ടുണ്ട്. കൂടാതെ 1909 ഓഗസ്റ്റ് 10 ചൊവ്വാഴ്ച സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഒരു പള്ളിപ്രതിപുരുഷയോഗം കൂടിയിട്ടുണ്ട്. വട്ടശ്ശേരിൽ തിരുമേനിക്ക് മലങ്കര മെത്രാപ്പോലീത്തായായി സുന്ത്രോണീസാ നടത്താനാണ് ഈ യോഗം കൂടിയത്.


പഴയ സെമിനാരി

# ഒബാമയുടെ രണ്ടാമൂഴം : ചരിത്രം ചരിച്ച് കിങ് ബൈബിൾ

**അ**മേരിക്കൻ പ്രസിഡന്റായി രണ്ടാം പ്രാവശ്യം സത്യപ്രതിജ്ഞ ചെയ്ത ബാറാക് ഒബാമ ബൈബിൾ തൊട്ട് പ്രതിജ്ഞ എടുത്തു. അമേരിക്കൻ പ്രസിഡന്റുമാർ ബൈബിളിൽ തൊട്ടാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്. പരമ്പരാഗതമായി തുടരുന്ന കീഴ്‌വഴക്കമാണിത്. എന്നാൽ ഇതു നിർബന്ധവുമല്ല.

ജനുവരി 21-ന് നടന്ന സ്ഥാനാരോഹണ ചടങ്ങിൽ ഒബാമ രണ്ട് ബൈബിൾ തൊട്ടാണ് സത്യപ്രതിജ്ഞ എടുത്തത്. ഒന്ന് അടിമകളുടെ വിമോചകൻ എബ്രഹാം ലിങ്കൺ പ്രസിഡന്റായി പ്രതിജ്ഞ എടുത്തപ്പോൾ ഉപയോഗിച്ച ബൈബിൾ. രണ്ടാമത്തേത് കറുത്ത വർഗ്ഗക്കാരുടെ നായകൻ മാർട്ടിൻ ലൂഥർ കിങ് ജൂണിയർ പ്രതിജ്ഞയ്ക്ക് ഉപയോഗിച്ച ബൈബിൾ.

എബ്രഹാം ലിങ്കണും മാർട്ടിൻ ലൂഥർ കിങ്ങും രചിച്ച അമേരിക്കൻ ചരിത്രത്തിന്റെ പിന്തുടർച്ചയാണ് കറുത്ത വർഗ്ഗക്കാരുടെ നായകനായ ഒബാമ എഴുതിച്ചേർത്തത്.

1861 മാർച്ച് നാലിന് എബ്രഹാം ലിങ്കൺ ആദ്യമായി പ്രതിജ്ഞ ചെയ്ത ബൈബിൾ തൊട്ടാണ് 2009 ജനുവരി 20 -ന് ഒബാമ പ്രസിഡന്റായി പ്രതിജ്ഞ എടുത്തത്. മുൻ പ്രസിഡന്റുമാർ ഉപയോഗിച്ച ബൈബിൾ തൊട്ട് പിന്നീട് വന്ന പലരും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. എന്നാൽ മാർട്ടിൻ ലൂഥർ കിങ്ങിന്റെ ബൈബിൾ ഇതുവരെ ആരും ഉപയോഗിച്ചില്ല. 2013-ൽ ഒബാമ ചരിത്രം തിരുത്തി. രണ്ട് മുൻ പ്രസിഡന്റുമാർ പ്രതിജ്ഞയ്ക്ക് ഉപയോഗിച്ച ബൈബിളിൽ തൊട്ട് ഒബാമ രണ്ടാമൂഴത്തിനായി പ്രതിജ്ഞ ചൊല്ലി.

ഇന്ത്യ - അമേരിക്ക ബന്ധത്തിൽ പ്രതീക്ഷ നൽകിയാണ് ഒബാമയുടെ രണ്ടാം വരവ്. സാമ്പത്തിക പ്രതിസന്ധി, ഇറാൻ, ആണവ വിഷയം, ഇമിഗ്രേഷൻ, തോക്ക് നിയന്ത്രണം ആരോഗ്യ ഇൻഷുറൻസ് തുടങ്ങി നിരവധി വിഷയങ്ങൾ ഒബാമയ്ക്കു മുമ്പിലുണ്ട്. എങ്കിലും പ്രതീക്ഷകൾ നൽകി ഒബാമ തിരിച്ചെത്തിയിരിക്കുന്നു.

കഴിഞ്ഞ 236 വർഷ ചരിത്രത്തിൽ 57 ടേമുകളിലൂടെ 44 പ്രസിഡന്റുമാർ രചിച്ചതാണ് അമേരിക്കൻ ജനാധിപത്യം. ഒന്നാമത്തെ പ്രസിഡന്റ് ജോർജ് വാഷിങ്ടൺ മുതൽ പ്രസിഡന്റ് ബാറാക് ഒബാമ വരെ വളർത്തിയെടുത്ത ജനാധിപത്യം...???

നീതിപൂർവ്വമായ
ജനാധിപത്യത്തിനായി
കാത്തിരിക്കാം....?
ഹൃദയപൂർവ്വമായ ആശംസകൾ....
എല്ലാ മലയാളികളുടെയും
മലങ്കരസഭയുടെയും.

*- jtk*







സഭാ മാനേജിംഗ് കമ്മറ്റിയംഗം **അഡ്വ. മത്തായി മാമ്പള്ളിയുടെയും** (മാമ്പള്ളിൽ, ഓമല്ലൂർ) ആനി മത്തായിയുടെയും (അകമുറ്റത്ത്, പത്തനാപുരം), മകൻ ആർക്കിടെക്റ്റ് **തോമസ് എം. മത്തായിയും,** മൈലപ്രാ തുണ്ടിയിൽ റ്റി. പി. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകൾ **അനു തോമസും,** അഹമ്മദബാദ് ഭദ്രാസനാസ്ഥാന ദേവാലയമായ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ **07 – 01 – 2013 ന് അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വിവാഹിതരായി.** ആർച്ചുബിഷപ്പ് സ്റ്റാനിസ്ളോഡ് ഫെർണാണ്ടസ്, അഹമ്ദബാദ് കാതലിക് ബിഷോപ്പ് തോമസ് മക്‌വാൻ, സി.എൻ.ഐ. ഗുജറാത്ത് ബിഷപ്പ് സിലവാൻ ക്രിസ്ത്യൻ, റവ. കെ.ഐ. ഫിലിപ്പ് റമ്പാൻ, കോർ എപ്പിസ്ക്കോപ്പാമാരായ പി. എം. മാത്യു, യൗനാൻ മുളമൂട്ടിൽ, കോശി പ്ലാമൂട്ടിൽ, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. ഡോ. എം. ഒ. ജോൺ എന്നിവരും സഹകാർമ്മികരായിരുന്നു. പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുഗ്രഹാശിസ്സുകളും, കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ എന്നിവരുടെ ആശംസകളും നേർന്നു.

നർമ്മം

# ഒരു പ്രസവത്തിന്റെ പിന്നാമ്പുറം

പതിനഞ്ചുവർഷക്കാലത്തെ അഭിനയ ജീവിതം കൊണ്ട് ലഭിക്കാത്ത പ്രശസ്തിയാണ് ഒറ്റ പ്രസവം കൊണ്ട് ഒരു മലയാള സിനിമാനടിക്ക് ലഭിച്ചത്?



**അജി വർഗീസ് ബത്തേരി**

പുരുഷനെ 'അറിയാതെ' പ്രസവിച്ച കന്യകമറിയാമ്മിന്റെ പ്രസവം എക്കാലത്തും മനുഷ്യരുടെ സംശയങ്ങൾക്കും ചോദ്യം ചെയ്യലിനും ഇടയാക്കിയിട്ടുണ്ട്. എന്നാലിതാ ഈ ഭൂമി മലയാളത്തിൽ പുരുഷനെ അറിഞ്ഞു പ്രസവിച്ച ഒരു പ്രസവം വാർത്താ പ്രാധാന്യം നേടിയിരിക്കുന്നു. പതിനഞ്ചുവർഷക്കാലത്തെ അഭിനയ ജീവിതം കൊണ്ട് ലഭിക്കാത്ത പ്രശസ്തിയാണ് ഒറ്റ പ്രസവം കൊണ്ട് ഒരു മലയാള സിനിമാനടിക്ക് ലഭിച്ചത്? പ്രസവം പോലും വിറ്റ് കാശാക്കാമെന്ന് വെളിപ്പാടു കിട്ടിയ അനുഗ്രഹിക്കപ്പെട്ട സംവിധായകനും, ഭാര്യയുടെ പ്രസവം ലോകം കാണുന്നത് മഹാകാര്യമാണെന്നു മനസിലാക്കിയ മഹാഭാഗ്യവാനായ ആ ഭർത്താവിനും ആഗോളവത്ക്കരണ സ്തുതിയർപ്പിക്കുന്നു. പുരുഷനായാൽ ഇങ്ങനെ വേണം. ഇതു മനസിലാക്കുന്നതിനു മുൻപ് പ്രസവം നിറുത്തിയവരും, പ്രസവിച്ചവരുമായ അമ്മമാരേ നിങ്ങൾക്കു ഹാ കഷ്ടം. പ്രസവമുറിയുടെ പുറത്തെ കസേരയിലിരുന്ന് ടെൻഷനടിച്ച സകല ഭർത്താക്കന്മാരുമെ പോയ്പോയ സൗഭാഗ്യത്തെയോർത്ത് വിലപിച്ചു കൊള്ളുക. നടിയുടെ ഭർത്താവേ നീ ഭാഗ്യവാൻ; നിനക്ക് നന്മവരും. നിന്റെ ഭാര്യ പ്രസവമുറിയിൽ ഫലപ്രദമായ മുന്തിരിവള്ളി പോലെയും, നിന്റെ മകൾ സംവിധായകന്റെ മേശക്കു ചുറ്റും ഫലപ്രദമായ ഒലിവുതൈ പോലെയും ഇരിക്കും. സിനിമാ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

'കളിമണ്ണ്' എന്ന സിനിമ പുറത്തുവരുന്നതോടുകൂടി എന്തെല്ലാം നേട്ടങ്ങളാണ്, മലയാളിയെ കാത്തിരിക്കുന്നത്? ഇപ്പോൾ ഗർഭിണികളായിരിക്കുന്നവരും, ഭാവിയിൽ ആകാൻ സാധ്യതയുള്ളവരുമായ സകലരും ആ സിനിമകാണുന്നതോടുകൂടി പ്രസവസാക്ഷരത കൈവരിക്കുമെന്നുറപ്പ്. തീർന്നിട്ടില്ല, തങ്ങളുടെ അമ്മമാർ അനുഭവിച്ച പ്രസവവേദന നേരിട്ടുകണ്ട് കരയാൻ നമ്മുടെ യുവാക്കൾ പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ തിയറ്ററുകളിൽ ഇരുന്ന് വിലപിക്കും. ഇവരുടെ കണ്ണുനീരുകൊണ്ട് കേരളക്കരയാകെ കുളിരണിയും. ഇറങ്ങുന്നതിനുമുൻപു തന്നെ ഹിറ്റായ ഈ സിനിമ മലയാള സിനിമയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കും. ഇന്നലവരെ നമ്മൾ വളരെ സ്വകാര്യമായി അനുഷ്ഠിച്ചുവന്ന പല കാര്യങ്ങളും ഭാവിയിൽ സ്ക്രീനിൽ കണ്ട് പുളകിതരാകാനുള്ള സൗഭാഗ്യം ഭാവിതലമുറയെ കാത്തിരിക്കുന്നു. ഇപ്പോഴല്ലേ സിനിമാ പ്രവർത്തകരുടെ അതിമനോഹരമായ സംഘടനയ്ക്ക് അമ്മയെന്ന പേരു കൊടുത്തതിന്റെ പൊരുൾ മലയാളിക്ക് മനസിലായത്.

ഞങ്ങൾ പാവം മലയാളികൾ ബഹുമാനപ്പെട്ട നടിയോടും ഭാഗ്യവാനായ ആ ഭർത്താവിനോടും ഒരപേക്ഷമാത്രം സമർപ്പിക്കുന്നു. ദയവായി ഒന്നുകൊണ്ട് ഇത് നിറുത്തരുത്. കഴിയുന്നത്ര ഈ പ്രസവപദ്ധതി തുടരുക.... ഞങ്ങൾ മലയാളികൾ കുറെക്കൂടി സാക്ഷരരാകട്ടെ, മലയാള സിനിമ പ്രതിസന്ധിയിൽ നിന്നും കരകയറട്ടെ, ഞങ്ങളുടെ രാഷ്ട്രീയക്കാർ ഐക്യത്തിന്റെ പാതകൾ വെട്ടിതെളിക്കട്ടെ. ഞങ്ങൾ മലയാളികളെ പ്രസവങ്ങൾക്കൊണ്ട് അനുഗ്രഹിക്കുക.. ■

## വചന പരിമളം



# ഹൃദയത്തിലെ എഴുത്ത്

**റവ. ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ**

"**ഞ**ങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ. " 2 കൊരി. 3:2

ബൈബിളിൽ പരാമർശിക്കുന്ന ചില എഴുത്തുകൾ നമ്മുടെ സുവിശേഷ ശ്രദ്ധ അർഹിക്കുന്നു. ഒരു വിശ്വാസി യുടെ ഹൃദയത്തിൽ ഇവ ആഴത്തിൽ പതിയുന്നു.

**1. സ്വയപരിശോധനയുടെ എഴുത്ത്:** മണ്ണിലെഴുതിയ എഴുത്താണിത്. യോഹ. 8:6 "യേശുവോ കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു". സ്വയപരി ശോധന ഒരു തരം ശുദ്ധീകരണമാണ്. കതാർസിസ് എന്നു ഗ്രീക്ക് ഭാഷയിൽ പറയുന്ന ശുദ്ധീകരണ പ്രക്രീയ പല അർത്ഥത്തിൽ ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. അകവും പുറവും വൃത്തിയായി സൂക്ഷിക്കുക, കലർപ്പില്ലാത്തതാവു ക, അക്ഷരത്തെറ്റുകൾ തിരുത്തി രേഖകളും പ്രമാണങ്ങളും ശരിയാക്കുക, പാറ്റി വൃത്തിയാക്കിയ ധന്യമാവുക, ആചാ രാനുഷ്ഠാനങ്ങളാൽ ശുദ്ധീകരിക്കപ്പെടുക, കടബാദ്ധ്യതയി ല്ലാത്തവരാവുക എന്നീ അർത്ഥതലങ്ങളിൽ ഈ പദം ഉപ യോഗിച്ചിരിക്കുന്നു.

കുറ്റബോധവും അനുതാപവും നവീകരണവും സ്വയ പരിശോധനയ്ക്കാവശ്യമാണ്. ഭൂതകാലത്തെപ്പറ്റിയുള്ള സങ്ക ടവും ഭാവിയെപ്പറ്റിയുള്ള പ്രത്യാശയും ദൈവിക പാതയി ലേക്കുള്ള മനം തിരിയലുമാണത്. വസ്തുക്കളെ താഴോട്ടു വലിക്കുന്ന ആകർഷകശക്തി ഭൂമിയ്ക്കുള്ളതുപോലെ മനു ഷ്യാത്മാക്കളെ അധഃപതിപ്പിക്കുന്ന ശക്തികളുമുണ്ട്. ജീവി കളുടെ ക്ഷയോന്മുഖത (corruptibility) അഥവാ ദ്രവത്വം പോലെ ആത്മാക്കളുടെ ദ്രവത്വ സൃഷ്ടിയുടെ പ്രത്യേകത തന്നെ, ഇതിനെ അതിജീവിക്കാനുള്ള ശക്തി ക്രിസ്തു പകർന്നു തരുന്നു. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദ യത്തെ യഹോവ നിരസിക്കുന്നില്ല. സങ്കീ. 51:17.

**2. ഉടമ്പടിയുടെ എഴുത്ത്:** കല്പലകയിലെഴുതിയ എഴുത്താണിത്. പുറ. 34:1 "യഹോവ പിന്നെയും മോശയോടു കല്പിച്ചത്; എന്നാൽ മുമ്പിലത്തേവ പോലെ രണ്ടു കല്പ ലക ചെത്തിക്കൊൾക; എന്നാൽ നീ പൊട്ടിച്ചു കളഞ്ഞ മുമ്പി ലത്തെ പലകയിൽ ഉണ്ടായിരുന്ന വചനങ്ങളെ ഞാൻ ആ പലകയിൽ എഴുതും" ഇന്ന് മനുഷ്യർ തമ്മിലുള്ള ഉടമ്പടി യിലും ദൈവവുമായുള്ള ഉടമ്പടയിലും സഭയുമായുള്ള ഉടമ്പടിയിലും വഞ്ചന കാണിക്കുന്നവരുണ്ട്. ഗിബയോൻ നിവാസികൽ യോശുവയുമായി ഉടമ്പടി ചെയ്തത് കള്ളം പറഞ്ഞാണ്. യോശുവ 9:6. തങ്ങൾ ദൂരദേശത്തു നിന്ന് വന്ന രിക്കുന്നു എന്നു കള്ളം പറഞ്ഞു. തൊട്ടടുത്ത ദേശക്കാരാ യിരുന്നു അവർ യിസ്രായേല്യർ കനാന്യരുമായി ചെയ്ത ഉടമ്പടിയെപ്പറ്റി ന്യായാ. 2:2-ൽ പറയുന്നു. കനാന്യരുടെ ബലിപീഠങ്ങൾ ഇടിച്ചു കളയണം എന്ന ദൈവകല്പന അവർ അനുസരിച്ചില്ല. അനീതിയുടെ ഘടനകളു മായി പൊരുത്തപ്പെടുന്നു ഇന്നത്തെ തലമുറ.

ആത്മാർത്ഥമായ ഉടമ്പടിക്ക് ഉദാഹരണമാണ് ദാവീദും യോനാഥാനും. 1 ശമു. 23:18. വിശ്വസ്തത യുടെ ഉടമ്പടിക്ക് ജലപ്രളയത്തനുശേഷം ദൈവം മനുഷ്യനോട് ചെയ്ത ഉടമ്പടി ഉദാഹരണം. ഉല്പ. 12: 17. ദൈവം അബ്രഹാമുമായി കരാർ ചെയ്തു. ഉല്പ. 17:4-9. ദൈവം യിസ്രായേൽ ജനവുമായി ഉടമ്പടി ചെയ്തു. ആവ. 4:13. പത്തു കല്പനകൾ രണ്ടു കല്പലക കളിൽ എഴുതിക്കൊടുക്കുകയും ചെയ്തു. നിയമം നമ്മുടെ കടപ്പാടും കടമയും സൂചിപ്പിക്കുന്നു. പദവി ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുവാൻ നമ്മെ ബാദ്ധ്യസ്ഥ രാക്കുന്നു. ക്രിസ്തീയ ജീവിതം സ്നേഹത്തിന്റെയും വിശ്വാ സത്തിന്റെയും അനുസരണത്തിന്റെയും ഉടമ്പടിയാണ്. ദൈവ കല്പന അനുസരിച്ചാൽ ദൈവം നമ്മെ ഉദ്ധരിക്കും, വീണ്ടെ ടുക്കും, വിടുവിക്കും, സ്വന്തം ജനമാക്കും. പുറ. 6:6,7.

**3. ന്യായവിധിയുടെ എഴുത്ത്:** ഭിത്തിയിലെ എഴുത്താ ണിത്. ദാനി. 5:5 "തൽക്ഷണം ഒരു മനുഷ്യൻ കൈവിരലു കൾ പുറപ്പെട്ടു വിളക്കിനു നേരേ രാജധാനിയുടെ ചുവ രിന്റെ വെള്ളമേൽ എഴുതി. എഴുതിയ കൈപ്പത്തി രാജാവു കണ്ടു".

മേനേ മേനേ തെക്കൽ ഊഫർസീൻ എന്നാണ് ആ എഴു ത്ത്. ദൈവം നിന്റെ രാജത്വം എണ്ണി. തുലാസിൽ നിന്നെ തൂക്കി. കുറവുള്ളവനായി കണ്ടിരിക്കുന്നു. ഇതാണ് അർത്ഥം. തെറ്റിനു ശിക്ഷയുണ്ട്. ന്യായവിധിയിൽ മനുഷ്യന്റെ മാനദ ണ്ഡമല്ല ദൈവത്തിന്റേത്. യോഹ. 7:24. കാഴ്ചപ്രകാരം വിധി ക്കരുത്. നീതിയുള്ള വിധി വിധിപ്പീൻ. അ. പ്ര. 17:31, 2 കൊരി. 5:10, റോമ. 2:7,8 തുടങ്ങിയ ഭാഗങ്ങളിലും ന്യായവി ധിയുടെ ക്രിസ്തീയ വീക്ഷണം കാണാം. ശിക്ഷയെക്കുറിച്ച് ഭയമില്ലാത്ത ഇന്നത്തെ സുഖാസ്വാദന സമൂഹത്തിൽ ന്യായ വിധിയെക്കുറിച്ചുള്ള ഭയമുണ്ടാകണം. ദൈവം രക്ഷിക്കുന്ന വനും ശിക്ഷിക്കുന്നവനുമാകുന്നു. സ്നേഹമാകുന്നു.

**4. വീണ്ടെടുപ്പിന്റെ എഴുത്ത്:** കുരിശിലെ മേലെ ഴുത്താണിത്. മത്താ. 27:37 "യഹൂദന്മാരുടെ രാജാവായ യേശു എന്ന് അവന്റെ കുറ്റസംഗതി എഴുതി അവന്റെ തല യ്ക്കുമീതേ വച്ചു". കുരിശിലെ യാഗം വഴിയുള്ള വീണ്ടെ ടുപ്പാണല്ലോ ക്രിസ്തീയ ചരിത്രം. Jesus Nazarenes Rex Jeudeorum (INCI) എന്ന മേലെഴുത്തിന് നസറായനായ യേശു യഹൂദന്മാരുടെ രാജാവ് എന്നർത്ഥം. ക്രിസ്തു അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുത്തു എന്ന് (മർക്കൊ. 10:45) ഈ മേലെഴുത്ത് ഓർമ്മിപ്പിക്കുന്നു.

**5. സാക്ഷ്യത്തിന്റെ എഴുത്ത്:** ഹൃദയത്തിലെ എഴു ത്താണിത്. 2 കൊരി. 3:2. താനും സഹപ്രവർത്തകരും കൊരി ന്തിൽ നടത്തിയ സുവിശേഷ പ്രവർത്തനം മൂലം വിശ്വാസ ത്തിലേക്കു വന്ന് സഭാംഗങ്ങളായവർ ദൈവം തങ്ങളുടെ ഹൃദ യത്തിൽ എഴുതിയ എഴുത്തുകളാണെന്ന് വി. പൗലോസ് പറ യുന്നു. ഹൃദയരക്തം ഊറ്റിയെടുത്തുള്ള പ്രവർത്തന ശൈലി യായിരുന്നു പൗലോസിന്റെ മിഷനറിയാത്രകൾ. കഷ്ടം സഹിച്ച് അനേകം ആത്മാക്കളെ താൻ നേടി. ഹൃദയം കൊടുക്കാതെ യേശുവിനായി ഹൃദയങ്ങളെ നേടാനാവില്ല. നാം അനുഭവി ക്കുന്ന പ്രത്യേകാവകാശങ്ങൾ (Privileges) നഷ്ടപ്പെടുത്തിക്കൊ ണ്ടുള്ള സഹനമാണ് (Voluntary suffering) യഥാർത്ഥ സാക്ഷ്യം.

■

## വിജയികൾ





2013-ലെ സൺഡേസ്ക്കൂൾ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട സ്നേഹാ മേരി മാത്യു. അഖില കേരള ബാല ജനസഖ്യം സംസ്ഥാന പ്രസംഗ മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

ബാലസമാജം അഖില മലങ്കര കഥാ പ്രസംഗത്തിന് രണ്ടാം സ്ഥാനവും പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ സ്മാരക പ്രസംഗ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനവും ലഭിച്ച എബിൻ ഏബ്രഹാം മാത്യു.

മാവേലിക്കര ഭദ്രാസനം ചേപ്പാട് സെന്റ് ജോർജ് വലിയ പള്ളിയിൽ ആപ്പേത്ത് മാത്യു ജേക്കബിന്റെയും, ഷേർളി മാത്യുവിന്റെയും മക്കളാണ്.



യുവജന പ്രസ്ഥാനം കേന്ദ്ര കലാ മത്സരത്തിൽ പ്രസംഗത്തിന് ഒന്നാം സ്ഥാനം നേടിയ പ്രവീൺ മാത്യു കുര്യൻ. തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവകാംഗവും പുറത്തും മുറിയിൽ കുര്യൻ മാത്യുവിന്റെയും മേരി കുര്യന്റെയും മകൻ. 2009-ൽ സൺഡേസ്ക്കൂൾ പ്രതിഭയായിരുന്നു.


6TH DEATH ANNIVERSARY
07.03.2013



MRS. MARIAMMA GEORGE
AKAMUTTATHU, PATHANAPURAM

*Inserted by:*
Adv. Mathai Mampally & Family, Ahmedabad


Call... 9447564824




# സ്നേഹസന്ദേശം 20ന്റെ നിറവിൽ

**ഫാ. കെ. കെ. ഗീവർഗീസ്, നല്ലില**

മലങ്കരസഭയിൽ എന്തുകൊണ്ട് ഇടവകകൾ കേന്ദ്രീകരിച്ച് ക്രമീകൃതമായി സുവിശേഷ പ്രവർത്തനം നടത്തിക്കൂടാ? 1993-ൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോട് വിമാനത്തിൽ വച്ച് ഒരു വിദേശ മിഷണറി ചോദിച്ചു. അധികം താമസിച്ചില്ല മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാര സുവിശേഷ സംഘമായ സ്നേഹ സന്ദേശത്തിന് 1993 ഫെബ്രുവരി 13-ന് പ്രാരംഭമിട്ടു.

സ്നേഹസന്ദേശം മിഷൻ പ്രവർത്തന രംഗത്ത് ഇപ്പോൾ 20 വർഷം പൂർത്തീകരിക്കുന്നു.

പ. ബാവാ തിരുമേനി പേട്രണും ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പ്രസിഡന്റും, ഡോ. യൂഹാനോൻ മാർ തോവോദോറോസ് വൈസ് പ്രസിഡന്റും, ഫാ. ഡോ. ഓ. തോമസ്, ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ, ഫാ. ജേക്കബ് മാത്യു തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളും ആയി വൈദികരും അൽമായരും ഉൾപ്പെട്ട ഒരു ടീമാണ് സ്നേഹസന്ദേശത്തിൽ പ്രവർത്തിക്കുന്നത്.

മിഷൻ ബോർഡിന്റെ പ്രസിഡന്റായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി സ്നേഹസന്ദേശത്തെക്കുറിച്ച് പറയുന്നു: "സഭാ വിശ്വാസികളിൽ ആത്മീയമായ ചൈതന്യവും സാമൂഹ്യാവബോധവും കൂടുതലായി വളർത്തിയെടുക്കുവാൻ അഭിവന്ദ്യനായ വലിയതിരുമേനിയുടെ മനസിലുദിച്ച ഒരാശയമാണ് സ്നേഹസന്ദേശം എന്ന സഞ്ചാര സുവിശേഷ വിഭാഗം. സഭാ വിശ്വാസികളുടെയും വരും തലമുറകളുടെയും ദൈവോന്മുഖമായ ജീവിതത്തെ കരുപ്പിടിപ്പിച്ച് ദൈവനാമമഹത്വത്തിനായി ഈ ശുശ്രൂഷകൾ പ്രയോജനപ്പെടുത്തുവാൻ വൈദികരും സഭാ വിശ്വാസികളും ശ്രദ്ധിക്കണം."

**മുഖ്യ ലക്ഷ്യങ്ങൾ**

ദൈവീകരണം, ഭാരതസുവിശേഷീകരണം, സഭാവിശ്വാസികളുടെ ആത്മീയ ഉണർവ്, യുവതീ-യുവാക്കളെ ക്രിസ്തുവിനായ് നേടുക, സാമൂഹിക സേവന പ്രവർത്തനങ്ങൾ, വി.വേദപുസ്തകവും വിശ്വാസവും വളർന്നു വരുന്ന തലമുറയിലേക്ക് അനുകാലികമായി കൈമാറുക, സ്കൂൾ, കോളേജ് വിദ്യാർത്ഥി


*സ്നേഹസന്ദേശ ടീം*

കളെ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണം, യുവജനങ്ങളെ ജീവിതത്തിൽ ലക്ഷ്യബോധമുള്ളവരാക്കി മാറ്റുക, മതസൗഹാർദ്ദ സന്ദേശങ്ങൾ കൈമാറുക, പുതിയ വിശ്വാസങ്ങളിലേക്ക് പുതിയ തലമുറ പോകുന്നത് തടയിടുക...

**സന്ദർശിച്ച സ്ഥലങ്ങൾ**

ഭാരതത്തിലെ 22 സംസ്ഥാനങ്ങളിലെ നൂറ് കണക്കിന് പള്ളികളിലും, കുവൈറ്റ്, ബഹ്റിൻ, ഒമാൻ, ഖത്തർ, ദുബായ്, അബുദാബി, അൽ-ഐൻ തുടങ്ങിയ വിദേശ രാജ്യങ്ങളിലെ ദേവാലയങ്ങളിലും കേരളത്തിലെ അനേകം പള്ളികളിലും ശുശ്രൂഷകൾ വിജയകരമായി പൂർത്തീകരിച്ചു. ശുശ്രൂഷ നടത്തിയ പള്ളികളിൽ വീണ്ടും ക്ഷണിയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന അംഗീകാരണമാണ്.

**ഇടവകതല പ്രവർത്തനങ്ങൾ**

പാട്ടുകളുടെ ആശയം വിശദീകരിച്ചുകൊണ്ട് സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ സുവിശേഷ ഗാനങ്ങളും ആരാധാനാ ഗീതങ്ങളും അടങ്ങിയ ഗാനശുശ്രൂഷ, ദൈവവചന പ്രഘോഷണം, സഭയുടെ സത്യവിശ്വാസങ്ങൾ വിശദീകരിക്കുന്ന ക്ലാസ്സുകൾ, മാതൃകാ കുടുംബജീവിതം നയിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ കുടുംബസംഗമം, സാമൂഹിക തിന്മകൾ, വർഗ്ഗീയത, മദ്യപാനം, മയക്കുമരുന്ന്, ദാരിദ്രം, ഇവയ്ക്കെതിരെയുള്ള പ്രബോദനങ്ങളടങ്ങിയ പരസ്യസുവിശേഷയോഗം, ഭവന സന്ദർശനം, മദ്ധ്യസ്ഥ പ്രാർത്ഥന, സമർപ്പണ ശുശ്രൂഷ, കൗൺസലിംഗ് തുടങ്ങിയവ ക്രമീകരിച്ചിരുന്നു. വൈദികരും, ശെമ്മാശൻമാരും, സുവിശേഷകരും ഇടവകയിൽ മൂന്ന് -നാല് ദിവസങ്ങൾ താമസിച്ചു ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**മൂന്നുദിന ശുശ്രൂഷകൾ**

ഇടവകതലത്തിൽ മൂന്ന് ദിവസത്തെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഗാനശുശ്രൂഷ, വചനപ്രഘോഷണം, വിശ്വാസപ്രബോധനം, ബാല-യുവജന കൺവൻഷൻ, പരസ്യസുവിശേഷയോഗം, ഭവനസന്ദർശനം, കൗൺസലിംഗ്, കുടുംബസംഗമം, ലഘുലേഖ വിതരണം, മദ്ധ്യസ്ഥ പ്രാർത്ഥന, കാൻഡിൽ പ്രയർ, സമർപ്പണ ശുശ്രൂഷ.

**സ്നേഹസന്ദേശം പ്രത്യേകതകൾ:**

സ്വയം തിരിച്ചറിയാൻ വേദപുസ്തകം എങ്ങനെ സഹായിക്കുന്നു. ക്രിയാത്മക ചിന്തകൾ വി. വേദപുസ്തകത്തിൽ, ആശയവിനിമയ നിപുണതയും വി. വേദപുസ്തകവും, ആധുനിക രക്ഷാകർത്തൃത്തിലെ വെല്ലുവിളികൽക്ക് വേദപുസ്തകം നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ, കൗമാരത്തിന്റെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും, ആകുലതകളുടെ അതിജീവിതവും പരിഹാരമാർഗ്ഗങ്ങളും, വിവാഹപൂർവ്വ - വിവാഹാനന്തര കൗൺസിലിംഗ് ക്ലാസുകൾ.

വിലാസം:

**ഡയറക്ടർ/കൺവീനർ,**
**സ്നേഹസന്ദേശം**
**സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ**
**പുളിമൂട്, മാവേലിക്കര-3, കേരളം**
**ഫോൺ: 0479-2302473, 2342709, 9447564824**




**B R I D E   G R O O M   W A N T E D**

Orthodox Parents seeks proposal for their daughter (B/B outside kerala) (26/5'3'') B.Com, NIIT Diploma, MSc (Computer Science) Employed in Delhi, from God fearing Christian boys, outside Kerala/Abroad.

*Contact:*

91-9891521557, 91-9871075807
email-valsammavse@gmail.com

**B R I D E   G R O O M   W A N T E D**

Alliance invited from tall academically brilliant boys studying/working in USA for orthodox girl 23/170cm, BTech (NIT), MS(USA), PhD (studying in USA).

*Contact:*
0474-2524086//9446107544.
*email;*
thiruvamkottu@gmail.com

## ശുശ്രൂഷകനെ ആവശ്യമുണ്ട്

തുമ്പമൺ ഭദ്രാസനത്തിലെ
മൈലപ്രാ സെന്റ് ജോർജ് ഓർത്തഡോക്സ്
വലിയപള്ളിയിലേക്ക് മുഴുവൻ സമയ
ശുശ്രൂഷകനെ ആവശ്യമുണ്ട്
**വികാരി**
**ഫാ. ഗബ്രിയേൽ ജോസഫ്**
**94472 68368**

## ആവശ്യമുണ്ട്

**ദേവലോകം:** സൺഡേസ്ക്കൂൾ കേന്ദ്ര ഓഫീസിലേക്ക് നിയമിക്കപ്പെടുന്നതിനായി ഇംഗ്ലീഷ്, മലയാളം ഡി.റ്റി.പി. പ്രാവീണ്യമുള്ള ബുക്ക് വർക്കുകൾ ചെയ്തു മുൻ പരിചയമുള്ളവരുമായ സഭാംഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ +2 എങ്കിലും പാസായവരായിരിക്കണം. സൺഡേസ്ക്കൂൾ പത്താം ക്ലാസ് പാസായവർക്ക് മുൻഗണന നല്കുന്നതാണ്.

*ഡയറക്ടർ ജനറൽ*



സഖേർ

# പുനർനവം-3

" വെളിച്ചമുണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു. വെളിച്ചമുണ്ടായി. വെളിച്ചം നല്ലത് എന്ന് ദൈവം കണ്ടു"

ഒന്നാം ദിവസം വെളിച്ചമുണ്ടാകുന്നു. നാലാം ദിവസമാണ് സൂര്യനും നക്ഷത്രങ്ങളുമെല്ലാം ഉണ്ടാകുന്നത്. ഈ രണ്ട് തരം വെളിച്ചങ്ങളെക്കുറിച്ച് മുൻപ് എഴുതിയിട്ടുള്ളത് ഇവിടെ ചേർക്കാതിരിക്കാൻ നിർവ്വാഹമില്ല. ക്ഷമിക്കണം. ഒന്നാമത്തേത് സകല സൃഷ്ടിക്കും മുമ്പേ പിറന്ന ആദ്യവെളിച്ചം. സകലരൂപങ്ങൾക്കും 'ഉള്ളിലുള്ളത്' ഈ വെളിച്ചമാണ്. സത്യത്തിൽ 'ഉള്ളിലിരുപ്പ്' മാറുമ്പോഴാണ് നാം ഉൾവെളിച്ചം നഷ്ടപ്പെട്ടവരെപ്പോലെ പെരുമാറുന്നത്.

നാലാം ദിനം നല്കുന്ന പ്രകാശത്തിൽ നിനക്ക് എന്നെ പുറമേ കാണാം. സൂര്യന്റെയും ചന്ദ്രന്റെയും വെളിച്ചത്തിന്റെ കാര്യമാണ് പറയുന്നത്. എന്റെ ആകൃതി നിന്റെ കണ്ണിൽപ്പെടുന്നുണ്ട്. പക്ഷെ, എന്റെ പ്രകൃതം കാണാനാവില്ല. അത് വെളിപ്പെടുക മനോവാക് കർമ്മങ്ങളിലാണ്. എന്റെ കൃത്യങ്ങളുടെ സുതാര്യതയാണ് പ്രധാനം. ഉൾവെളിച്ചം നിറഞ്ഞ കൃതികളാണത്രെ സുകൃതങ്ങൾ

പൗരസ്ത്യക്രൈസ്തവ സൗന്ദര്യശാസ്ത്രവിചാരങ്ങൾ ഇവിടെ പ്രസക്തമാണ്. Paul Evdokimov ന്റെ ഒരു ഗ്രന്ഥമുണ്ട്, " The Art of the Icon: a Theology of Beauty ". അതിലെ നിരീക്ഷണങ്ങൾ ചിന്തകൾക്ക് ചിറക് നൽകുന്നവയാണ്. അതിൽ ചിലത് ഇങ്ങനെയാണ്, " നമ്മുടെ വീക്ഷണങ്ങൾ പലപ്പോഴും ഏതെങ്കിലും ഒരു കോണിൽ നിന്നുള്ളതാവും. അതിനാൽ അതു ഭാഗികവുമായിരിക്കും. സമ്പൂർണ്ണമായ ഒരു കാഴ്ചപ്പാടാണ് മനുഷ്യനെ തികവുള്ളവനാക്കുക. വി. മാക്സിമസിന്റെ ഭാഷയിൽ, 'ദൈവത്തിന്റെ കണ്ണ്' കൊണ്ട് നോക്കാനാവണം. മറ്റുപിതാക്കന്മാരും ഈ 'കാഴ്ച'യ്ക്ക് വേറിട്ട പേരുകൾ നൽകുന്നുണ്ട്. തേജോനയനം (അപ്രേം), പ്രാവിൻകണ്ണ് (ഗ്രിഗറി നിസ്സ), ദിവ്യതേജസ്സ് ചൂഴുന്ന ഒറ്റക്കണ്ണ് (വി. മക്കാറിയോസ്) എന്നിങ്ങനെ. എല്ലാം നല്ലത് എന്ന് കാണുന്ന ദൈവത്തിന്റെ കണ്ണാണ് പൗരസ്ത്യ ക്രൈസ്തവ സൗന്ദര്യ ശാസ്ത്രത്തിന്റെ ഉറവിടം, ഭാരതീയരുടെ 'മൂന്നാം കണ്ണ്' ഇവിടെ ഒന്ന് ചേർത്ത് പിടിക്കാമെന്ന് തോന്നുന്നു. സാമാന്യത്തിനപ്പുറുത്തുള്ളതാണല്ലോ അസാമാന്യമായ കാഴ്ച. രണ്ട് സാധാരണമാണ്: മൂന്നാമത്തേത് അസാധാരണവും

കണ്ണുകൾ വസ്തുക്കളിൽ പ്രതിഫലിക്കുന്ന വെളിച്ചമാണ് കാണുക. വെളിച്ചം വസ്തുവിന് രൂപവും ഭാവവും നല്കുന്നു. വെളിച്ചം കടക്കുന്നതനുസരിച്ച് അത് ശോഭയുള്ളതാകുന്നു. മറുവശത്ത് നരകത്തെയാണ് അന്ധകാരസ്ഥലമെന്ന് പറയുക. ഇരുട്ടിൽ പരസ്പരം കാണാനാവില്ല. സ്വയം കാണാനുമാവില്ല. ഇതിനെയാണല്ലോ നരകമെന്ന് വിളിക്കേണ്ടത്. പുറത്തെ ഇരുട്ടിൽ കരച്ചിലും പല്ലുകടിയുമാണ് ഉള്ളത്. തിരുവെഴുത്തിന്റെ ഒന്നാം പുസ്തകത്തിലും അവസാന പുസ്തകത്തിലും രാത്രിയില്ല. 'ഏദൻ തോട്ടത്തിൽ സന്ധ്യയും ഉഷസ്സും' മാത്രമാണ്. (ഉല്പത്തി : 1). 'സ്വർഗ്ഗീയ യരുശലേമിൽ ഇനി രാത്രി ഉണ്ടാവുകയില്ല' (വെളിപാട് 22:5) എന്നാണ് പറയുക. ഈ ഇരുട്ട് അസ്തിത്വമില്ലായ്മയെ (Non-existence) സൂചിപ്പിക്കുന്നു. നാലാം ദിവസം സൂര്യനും ചന്ദ്രനും അടങ്ങുന്ന പ്രാപഞ്ചികവെളിച്ചങ്ങൾ സൃഷ്ടിക്കുന്നതിന് മുമ്പ് ഒന്നാം ദിവസം ദൈവം വെളിച്ചമുണ്ടാകട്ടെ എന്നു കല്പിച്ചു. ഈ ആദിവെളിച്ചം (Primal Light) സാമാന്യനേത്രങ്ങൾക്ക് അഗോചരമാണ്. ആദിവെളിച്ചം ദൈവമുഖ പ്രകാശനമാണ്. മുൾപടർപ്പിൽ അവാച്യമായ ദിവ്യതേജസ്സ് മറഞ്ഞിരുന്നത് പോലെ ദൈവികലാവണ്യത്തിന്റെ മഹിമയും ചൈതന്യവും സകലത്തിലും നിഹിതമാണ്. ധ്യാനത്തിങ്കലാണ് തീ കത്തുക ധ്യാനമാണ് കണ്ണുകളെ പ്രകാശിപ്പിക്കുന്നത് ചൈതന്യമുണർത്തുന്നു. എല്ലാ വസ്തുക്കൾക്കും അവയുടേതായ logos ഉണ്ടെന്നാണ് iconosophy പ്രതിപാദിക്കുക. അതായത് ഒരു ആന്തരിക ലോകം (Entelechy). ഓരോന്നിനേയും ഘടിപ്പിച്ചിരിക്കുന്ന ചൈതന്യം അതാണ്. ഉൾവെളിച്ചം കെട്ടുപോയാൽ പിന്നെ വിഘടനമാണ്.

നനയനാനന്ദകരമായതിനെയാണ് ലോകം സൗന്ദര്യമെന്ന് വിളിക്കുക. എന്നാൽ വേദപുസ്തകം അങ്ങനെയല്ല പറയുക ഉള്ളിലുള്ള വെളിച്ചം അണഞ്ഞുപോയാലുള്ള ഇരുളിനെക്കുറിച്ചും നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശമായിത്തീരുന്നതിനെക്കുറിച്ചുമാണ് തിരുവചനം ഭാരപ്പെടുന്നത്. വി. പത്രോസിന്റെ കത്തിൽ, "നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല, സൗമതയും സാവധാനതയുമുള്ളമനസ്സ് (3:3) എന്നാണ് പറയുക ആന്തരിക സൗന്ദര്യമാണ് ധ്യാനവിഷയം. ഒരു 'ദാസവേഷം' കൊണ്ടാണ് ക്രിസ്തുവിന്റെ ലാവണ്യം മറയ്ക്കപ്പെട്ടിരുന്നത്. "അവന് രൂപഗുണമില്ല, കോമളത്തമില്ല: കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല" (യെശ.53:2). പുറമെയുള്ളതിനെ മറന്ന് ഉള്ളിലേക്ക് കാതങ്ങൾ പിന്നിട്ട 'വിശുദ്ധ വിഡ്ഢി'കളുടെ (Holy Fools) സന്ന്യാസചര്യകളെ ഓർമ്മിക്കുക. ഉള്ളടരുകളിലെ നിധിതേടിയുള്ള പ്രയാണങ്ങളാണ് ഇവ ആവശ്യപ്പെടുന്നത്. ഉൾവെളിച്ചത്തിന്റെ ഉത്സവം താബോറിലാണ്. ക്രിസ്തുവിന്റെ രൂപാന്തരം വാസ്തവത്തിൽ ശിഷ്യന്മാരുടെ രൂപാന്തരമായിരുന്നു. ദാസവേഷം പൂണ്ടവനിൽ ഗുപ്തമായിരുന്ന ആന്തരിക തേജസ്സ് ദർശിക്കുവാൻ ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കപ്പെട്ടു. ഈ തുറവി തുടർച്ചയായി യേശുവിന്റെ ഒപ്പം നടന്നതിലൂടെയാണ്

ശേഷം 34-ാം പേജിൽ

ഡോ. സാറാമ്മ വർഗ്ഗീസ്

# എന്തുകൊണ്ട് ഇരയാക്കൽ?

കഴിഞ്ഞ കുറെ നാളുകളായി സ്ത്രീയോടു ചെയ്യുന്ന അക്രമത്തിന്റെയും ക്രൂരതയുടെയും ഇരയാക്കലിന്റെയും വാർത്തകളാണ്. ഡൽഹിയിലെ പെൺകുട്ടി അനുഭവിച്ച അതികഠിനമായ പീഡനാനുഭവം രാജ്യത്തെയാകെ ഞെട്ടിച്ചു. ദാരുണമായ അവളുടെ അന്ത്യം ഇത്തരം അനുഭവം ഒരു പെൺകുട്ടിയ്ക്കും ഉണ്ടാകരുതെന്ന് ഏവരെക്കൊണ്ടും വിളിച്ചുപറയിച്ചു. എന്തുകൊണ്ട് സ്ത്രീക്കു നേരേയുള്ള ബലാൽക്കാരം വർദ്ധിക്കുന്നു?

ഡൽഹിയിലെ കൂട്ടബലാത്സംഗ കൊലപാതകത്തിനുശേഷം സ്ത്രീകളെ സംരക്ഷിക്കാനുള്ള പുതുനിയമങ്ങളെക്കുറിച്ചും, സ്ത്രീപീഡകർക്കു നൽകേണ്ട ശിക്ഷയെക്കുറിച്ചുപുതിയ ഓർഡിനൻസ് നിലവിൽ വന്നു.

മാതൃഭൂമി ദിനപത്രത്തിൽ "ബലാൽക്കാരത്തിന്റെ രാഷ്ട്രീയം " എന്ന തലക്കെട്ടിൽ ഡോ. എം. ഗംഗാധരൻ എഴുതിയ ലേഖനം ഏറെ ശ്രദ്ധേയമാണ്. " പുരുഷന്റെ കാമാസക്തിയാണ് ബലാൽക്കാരങ്ങൾക്ക് കാരണമാകുന്നത് എന്ന ധാരണ തികഞ്ഞ ഭോഷ്കാണ്. പുരുഷാധിപത്യവ്യവസ്ഥയിലെ സ്ത്രീകളെ ഒതുക്കാനുള്ള ബലപ്രയോഗമാണ് ബലാത്സംഗമെന്ന് പല അനുഭവങ്ങളെയും പരിശോധിച്ച് ഫെമിനിസ്റ്റുകൾ കണ്ടെത്തിയിട്ട് കാലം കുറച്ചായി ... ഒരു ക്രൂരമായ ബലാൽക്കാരം സ്ത്രീ സമൂഹത്തെ മുഴുവൻ ഭയപ്പെടുത്തുന്നു. പുരുഷന് വഴങ്ങി ജീവിക്കാൻ പ്രേരിപ്പിക്കുന്നു". സാമൂഹ്യമായും സാമ്പത്തികമായും സ്ത്രീപുരുഷസമത്വം നിലനിർത്തുക, സമൂഹത്തിലെ അധികാരസ്ഥാനങ്ങൾ സ്ത്രീയും പുരുഷനും സമമായി പങ്കിടാൻ അനുവദിക്കുക തുടങ്ങിയ കാര്യങ്ങളിലൂടെ ഇന്ന് ഏറെ ശക്തമായി തുടരുന്ന പുരുഷാധിപത്യഘടന മാറ്റിത്തീർക്കലാണ് ഇതിനുള്ള ശരിയായ പോംവഴി എന്ന് ഡോ. ഗംഗാധരൻ സമർത്ഥിക്കുന്നു.

സ്ത്രീയുടെ അന്തസും അഭിമാനവും ജീവൻതന്നെയും നിലനിർത്താൻ സ്ത്രീകൾ അക്ഷീണം ശ്രമിക്കേണ്ടതുണ്ട് വിദ്യാഭ്യാസത്തിലൂടെയും സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെയും മാത്രമേ സ്ത്രീയ്ക്കു അതു നേടിയെടുക്കാൻ കഴിയൂ. പെൺകുട്ടി ഒരു ബാദ്ധ്യതയാകുമെന്ന് ഭയന്ന് ഗർഭത്തിൽ വെച്ചു തന്നെ പെൺഭ്രൂണഹത്യ ഈ നാട്ടിൽ പണക്കാർക്കിടയിൽപ്പോലും നടക്കുന്നു. ജനിച്ച് വീണത് പെൺകുഞ്ഞാണെങ്കിൽ അത് ഒരു ഭാരമാകുമെന്ന് വിചാരിച്ച് അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന പാവപ്പെട്ട ഗ്രാമീണരെപ്പറ്റി നാം കേട്ടിട്ടുണ്ട്.

ഇന്നത്തെ കമ്പോള സംസ്കാരത്തിൽ സ്ത്രീ ഒരു ഉപഭോഗവസ്തുവായി ചിത്രീകരിക്കപ്പെടുന്നു. ഷൂസും സോക്സും വില്ക്കുന്നതിനുള്ള പരസ്യങ്ങളിൽപ്പോലും സ്ത്രീ ശരീരമാണ് കാട്ടുന്നത്. അങ്ങനെ സ്ത്രീ ശരീരത്തെ കച്ചവടച്ചരക്കാക്കി മാറ്റുന്നു. ഇക്കാലത്തെ ടിവി സീരിയലുകളിൽ കാട്ടുന്ന സ്ത്രീയുടെ സ്വഭാവം ശക്തയായ ഒരു സ്ത്രീയുടെതല്ല, മറിച്ച് പലപ്പോഴും ചൂഷണം ചെയ്യപ്പെടുന്നവളുടേതോ വില്ലത്തിയുടേതോ ആണ്. പെൺകുട്ടികൾ പലപ്പോഴും കുടുംബത്തിനകത്തുപോലും സ്നേഹവും സംരക്ഷണവും കിട്ടാതെ ഉറ്റവരാൽപോലും പീഡിപ്പിക്കപ്പെടുന്നു. ധർമ്മാധർമ്മങ്ങളെപ്പറ്റി ഓർമ്മിപ്പിച്ച് നേരായ വഴികാട്ടികൊടുക്കാൻ കുടുംബത്തിനകത്തുതന്നെ സാധിക്കാതെ പോകുന്നു. ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും വിശേഷങ്ങൾ പങ്കിടുകയും ചെയ്യുന്ന അനുഭവം പോലും പലർക്കും ഇന്നത്തെ തിരക്കു നിറഞ്ഞ ജീവിതത്തിനിടയിൽ ഇല്ലാതെ പോകുന്നു. ഇതെല്ലാം സ്ത്രീയുടെയും പുരുഷന്റെയും ജീവിതം ദു:ഖം നിറഞ്ഞതാക്കുന്നു. കുഞ്ഞുങ്ങൾ സിനിമയിലും ഇന്റർനെറ്റിലും കാണുന്നത് ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നു. സമൂഹത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. ഇതിനൊക്കെ ഇരയാകുന്നത് കൂടുതലും സ്ത്രീകൾ തന്നെ.

സ്ത്രീസ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നു പറഞ്ഞ മനുസ്മൃതി ഇന്നും കൊട്ടിഘോഷിക്കപ്പെടുന്നു. സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ എന്നു പറഞ്ഞ പൗലോസ് അപ്പോസ്തലന്റെ വാക്കാണ് ക്രിസ്ത്യാനികൾ ഉദ്ഘോഷിക്കുക. അത്തരം ഒരു അഭിപ്രായം പറഞ്ഞതിന്റെ ചരിത്രപശ്ചാത്തലമോ, യേശുക്രിസ്തുവിൽ സ്ത്രീയും പുരുഷനും യഹൂദനുയവനനും, അടിമയും ഉടമയും എന്നിങ്ങനെയുള്ള വേർതിരിവില്ലെന്ന് പറഞ്ഞ അതേ അപ്പോസ്തോലന്റെ വാക്യമോ മറക്കുന്നു. യഹൂദന്മാരുടെ സാമൂഹ്യരീതി അനുസരിച്ച് സഞ്ചാര സാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീകൾ ക്രിസ്തുവിനൊപ്പം നടക്കുകയും, ശിഷ്യന്മാരെല്ലാം ഭയന്നു മാറിയപ്പോൾ ക്രൂശിന്റെ ചുവട്ടിൽ യേശുവിനോടൊപ്പം നില്ക്കുകയും ചെയ്തു. ആദിമസഭയിൽ അപ്പോസ്തോലന്മാരോടൊപ്പം സുവിശേഷം അറിയിച്ച സ്ത്രീകൾക്ക് നൽകിയിരുന്ന സ്ഥാനം സഭയിൽ ഇന്ന് സ്ത്രീകൾ ക്കുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്.

സ്ത്രീ സ്വാതന്ത്ര്യവും സമത്വവും പുരുഷൻ കൂടെ ഉൾപ്പെടുന്ന സമൂഹത്തിന്റെ തന്നെ ശ്രമഫലമായുണ്ടാവേണ്ടതാണ്. അതേ സമയം സ്വയം പ്രതിരോധത്തിനുള്ള വഴികൾ പെൺകുട്ടികളും സ്ത്രീകളും ആർജ്ജിക്കേണ്ടതാണ്. ചുറ്റും നോക്കിയാൽ കാണാവുന്ന കാഴ്ചകളാണ്, സ്ത്രീപുരുഷഭേദമെന്യെ ദേവീചൈതന്യത്തിനു മുന്നിൽ തൊഴുകയ്യുമായി നില്ക്കുന്നതും, ദൈവമാതാവിനു സ്തുതിചൊല്ലുന്നതും സ്നേഹവാത്സല്യം നിറഞ്ഞമാതൃസ്മരണയിൽ കണ്ണുകളീറനണിയുന്നതും. എന്നാൽ വ്യക്തി എന്ന നിലയിൽ ഏതൊരു സ്ത്രീയും പുരുഷനൊപ്പം ആദരവും അംഗീകാരവും അർഹിക്കുന്നു എന്നും പീഡിപ്പിക്കപ്പെടേണ്ടവളല്ല എന്നും മനസ്സിലാക്കി പെരുമാറാത്തിടത്തോളം കാലം സ്ത്രീയ്ക്ക് സമൂഹത്തിൽ രക്ഷയുണ്ടാവില്ല. ■

സംഭവിക്കുക. നിരന്തരമായ ദൈവ സംസർഗ്ഗമാണ് ഇത്തരമൊരു ഓപ്പണിംഗ് നല്കുക. ആരാധനദൈവത്തിന്റെ കൂടെ നടക്കലാണ്. ആരാധനയാണ് നമ്മെ വിമലീകരിക്കുക എബ്രായർ 5:14, ൽ ആരാധനയിലുള്ള തഴക്കം ഇന്ദ്രിയങ്ങൾക്ക് സമ്മാനിക്കുന്നത് ദൈവിക പരിജ്ഞാനമാണെന്ന് പറയുന്നു. നന്മയും തിന്മയും വെളിച്ചവും ഇരുളും അസ്തിത്വവും അസ്തിത്വമില്ലായ്മയും തിരിച്ചറിയുന്ന വിവേചനത്തിന്റെ ആത്മാവ്. വെളിച്ചത്തിൽ നടക്കുന്നതിൽ നിന്നും തെറ്റിപ്പോയ ആദമിന് നഷ്ടമായ ആത്മീയ പരിപാകതയാണ് ആരാധന/ദൈവസംസർഗ്ഗം വീണ്ടെടുക്കുന്നത്.

പൗരസ്ത്യക്രൈസ്തവരുടെ ചിത്രകലാസമ്പ്രദായമായ iconography യുടെ രചനാ സങ്കേതത്തെ 'progressive enlightenment' എന്നാണ് പറയുക ചിത്രമെഴുത്തിന്റെ പ്രാരംഭത്തിൽ കടു നിറങ്ങൾ ചാലിക്കുന്നു. തുടർന്ന് ഇളം നിറങ്ങൾ നല്കി നേർപ്പിച്ച് പ്രകാശിതമാക്കുന്ന ശൈലിയാണ് ഇത്. ദൈവിക തേജസ്സിലേക്ക്/ മഹത്വത്തിലേക്ക്/ ദൈവഹിതത്തിലേക്കുള്ള (Energia) മനുഷ്യന്റെ വളർച്ചയെയാണ് ഐക്കണുകളും ആത്യന്തികമായി ഓർമ്മിപ്പിക്കുന്നത്.

വ്യക്തികളും സമുദായങ്ങളും പരസ്പരം വല്ലാതെ കലഹിക്കുന്ന ഈ കാലത്ത് അകവെട്ടം തേടാനാവണം സുഹൃത്തേ, ജീവിതത്തിൽ ഇനിയുള്ള നിമിഷങ്ങൾ! കാരണം, "ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളത് ഞങ്ങൾ അവനോട് കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. അവനോട് കൂട്ടായ്മ ഉണ്ട് എന്ന് പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മയുണ്ട് (1 യോഹ 1:5,6,7). ഇങ്ങനെയൊരു പ്രാർത്ഥനയുണ്ട് നമുക്ക്, " ആ കുരുടനായ മനുഷ്യന് പുതിയ കൃഷ്ണമണികളെ സൃഷ്ടിച്ചതുപോലെ എന്നിൽ പുതിയകണ്ണുകളെ സൃഷ്ടിക്കേണമെ. ദൈവമെ, എന്നേക്കും എന്റെ പുറമെയുള്ള ചെവികളെ നീ അടയ്ക്കുകയും അകമെയുള്ള ചെവികളെ തുറക്കുകയും ചെയ്യണമെ". ബോധത്തെ പ്രകാശിപ്പിക്കണമെയെന്ന് ആവർത്തിച്ച് പ്രാർത്ഥിക്കാം അവരോടൊപ്പം. ■



നല്കുമ്പോൾ അവർ ബാറെക്മോർ പറയുകയില്ല. ഒന്നിലേറെ സ്ഥാനികളുണ്ടെങ്കിൽ നേതൃത്വം നല്കുന്ന സീനിയർ സ്ഥാനിയോടുള്ള ആദരവിന്റെ പ്രതീകമായി ബാറെക്മോർ പറഞ്ഞിട്ടാണു ഇതര പ്രാർത്ഥനകൾ ആരംഭിക്കുക. ഉദാഹരണത്തിനു ഇപ്പോഴത്തെ വലിയ ബാവാ ആരാധനയിൽ ബാറെക്മോർ ചൊല്ലി ഒരു പ്രാർത്ഥനയും ആരംഭിക്കുകയില്ല. അദ്ദേഹത്തിനു കർത്താവിന്റെ(യേശുക്രിസ്തുവിന്റെ)അനുഗ്രഹം വേണ്ടാഞ്ഞിട്ടല്ല, മറിച്ചു സീനിയർ ഇടയൻ എന്നുള്ള നിലയിൽ ബാറെക്മോർ പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടാണ്.

വലിയബാവായുടെ സാന്നിദ്ധ്യത്തിൽ സഭയിൽ ഇന്നുള്ള ഏതു പൗരോഹിത്യസ്ഥാനിയും അദ്ദേഹത്തോടുള്ള ആദരവിന്റെ അടയാളമായി ബാറെക്മോറൊടെയാണു പ്രാർത്ഥനകൾ ചൊല്ലുക.ബാവായുടെ അനുവാദവും അനുഗ്രഹവും അപേക്ഷിച്ചാണു ബാറെക്മോർ പറയുന്നത്. അതിൽ നിന്നുതന്നെ വ്യക്തമാണല്ലൊ നേതൃത്വം നല്കുന്ന സ്ഥാനിയോടുള്ള ബഹുമാനസൂചകമായാണ് ആ വാക്കു ഉപയോഗിക്കുന്നതെന്ന്. പൗരസ്ത്യ സഭകളിൽ ബാറെക്മോർ എന്ന പദത്തിനും അതിനു സമാനമായ ഗ്രീക്ക്, സ്ലവോനിക്ക് പദങ്ങൾക്കും Engish ൽ ആരാധനയ്ക്കു ഉപയോഗിക്കുക " Master bless "എന്നാണ്. മേൽപറഞ്ഞ ആശയം ആ വാക്കുകൾ സംവേദിക്കുന്നു.

ബാറെക്മോർ എന്നതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി കുറിക്കുന്നു.

(1) കുക്കിലിയോനുകളുടെ വേളകളിൽ ബാറെക്മോർ വിശ്വാസികൾ പാടുന്നതും പറയുന്നതും പ്രാർത്ഥനകളുടെ സത്തും സാരംശവുമായ " ശുബഹോലാബൊ......... "എന്ന ത്രിത്വസ്തുതി ചൊല്ലാനാണെന്നു സൂചിപ്പിച്ചുവല്ലൊ. പക്ഷേ, പല കാർമ്മികരും അതുവിട്ടു കളയാറുണ്ട്.

(2) ഒന്നിലേറെ മേല്പ്പട്ടക്കാർ ആരാധനയിൽ സംബന്ധിക്കുമ്പോൾ നേതൃത്വം നല്കുക അവരിൽ സീനിയറായിരിക്കും. അദ്ദേഹത്തോടും അങ്ങനെയുള്ളവരോടുമുള്ള ബഹുമാനാർത്ഥം ഒരു മേല്പ്പട്ടക്കാരനെയുള്ളുവെങ്കിൽ " തൽമീദോക്ക " എന്നും ഒന്നിലേരെയുണ്ടെങ്കിൽ " തൽമീദുകുൻ " എന്നും Junior bishops പറഞ്ഞാണ് " ശുബഹോലാബൊ...... " ചൊല്ലുക. ആ വാക്കുകളുടെ അർത്ഥം Your Disciple (ഏക വചനത്തിലും ബഹുവചനത്തിലും) എന്നാണ്. സന്നിഹിതരായ എല്ലാമേല്ചട്ടക്കാരും ചൊല്ലേണ്ടതല്ലത്. അഥവാ നേതൃത്വം നല്കുന്നതു പങ്കെടുക്കുന്ന മറ്റു മേല്ചട്ടക്കാരുടെ ഗുരുവോ, ഗുരൂസ്ഥാനീയനാണെങ്കിൽ അദ്ദേഹം ശിഷ്യനാണെന്നു ചൊല്ലുക പന്തികേടാണെന്നു പറയേണ്ടതില്ലല്ലോ. പട്ടക്കാരിൽ ചിലരും അവ ചേർത്തു "ശുബഹൊ..." ചൊല്ലാറുണ്ട്. ശിഷ്യത്വം മേൽപ്പട്ടക്കാർക്കായി വേർതിരിച്ച ഒന്നല്ലാത്തതുകൊണ്ടു അതിൽ അപാകതയില്ല. പക്ഷെ, അവർത്തിച്ച അവ ആരു ചൊല്ലിയാലും ത്രിത്വസ്തുതിയെക്കാൾ അതിപ്രാധാന്യമുള്ള അല്ലെങ്കിൽ ഒപ്പം നില്ക്കുന്ന ഒന്നാണെന്നു കരുതാനിടയുണ്ട്. അവ എന്താണെന്നു അറിയാത്തവർ കാര്യമായ, കേമമായ എന്തോ ആണെന്നു കരുതിയാൽ കുറ്റം പറയാനാവില്ലല്ലൊ. " ശുബഹൊ" ആദ്യം ചൊല്ലുമ്പോൾ മാത്രം പറയുന്ന ഒന്നായിട്ടാണു അവയെ മനസ്സിലാക്കിയിട്ടുള്ളത്. അഥവാ ആവർത്തിക്കേണ്ട ഒന്നല്ലത്. ആവർത്തിക്കുന്നതു അരോചകമായും അനാവശ്യമായും തോന്നാം. മാത്രമല്ല, അത്യന്തം പ്രാധാന്യമേറിയ ത്രിത്വസ്തുതിയെ അത്ര വലിയ പ്രസക്തിയില്ലാത്ത ആ വാക്കുകൾ അപ്രധാനമാക്കുന്നതിനു ഇടയാക്കുകയും ചെയ്യും.

(3) ആവശ്യമില്ലാത്ത അവസരങ്ങളിൽ അർത്ഥം തെറ്റി മനസ്സിലാക്കിയിരിക്കുന്നതുകൊണ്ടു ബാറെക്മോർ പറയുന്നതും പതിവാണ്. അതിനൊരുദാഹരണമാണ് വി.കുർബ്ബാനയിൽ സ്ഥാപകവചനങ്ങൾ (Words of Institution) ചൊല്ലുമ്പോൾ ആരാധകസംഘം പറയുന്ന ബാറെക്മോർ. സീനിയർ വൈദിക സ്ഥാനികൾ ഉണ്ടെങ്കിൽ അവരോടുള്ള ആദരവിനും അവരുടെ അനുവാദത്തിനും കാർമ്മികനാണു ബാറെക്മോർ പറയേണ്ടത് മറിച്ചു അവിടെ ബാറെക്മോർ മറ്റാർക്കുമുള്ളതല്ല പല കാർമ്മികരും ബാറെക്മോർ വിശ്വാസികളെ കൊണ്ടു പറയിപ്പിക്കുന്നതിനു വേണ്ടി നിർത്തുന്നതും സാധാരണമാണ്. ബാറെക്മോർ കേട്ടില്ലെങ്കിൽ അരിശപ്പെടുന്നവരുമുണ്ട്.

അനുഗ്രഹിക്കാൻ അനുഗ്രഹം ലഭിച്ചവരോടു അപേക്ഷിക്കുന്നു, ബാറെക്മോർ.

(1) katz, mordechai, UNDERSTANDING JUDAISM, Art Scroll Mesorah Publications, NewYork,2000, P. 237

■

## തൃക്കുന്നത്തു നിന്നും...

*24-ാം പേജിൽ നിന്നു തുടർച്ച...*

റിയോസ് തിരുമേനി കോലഞ്ചേരി ആശുപത്രിയിൽ ചികിത്സക്കായി വന്ന് താമസിച്ചു. അദ്ദേഹത്തോട് ഞാൻ യോജിപ്പിന്റെ കാര്യം തിരക്കി. അതിന് തിരുമേനി വിഷമത്തോടെ മറുപടി പറഞ്ഞത്, 'അദ്ദേഹം പ്രാർത്ഥിക്കാമെന്ന് പറഞ്ഞ് പോയിട്ട് നാളുകൾ കുറച്ചായി'. ഇങ്ങനെ പലപ്രാവശ്യം പല മദ്ധ്യസ്ഥൻമാർ ഇടപെട്ടിട്ടും അവസാനം പ്രാർത്ഥനയിൽ ചെന്ന് മുട്ടി നിൽക്കുകയാണ്.

ശാരീരികമായി നമ്മിൽ നിന്ന് വേർപെട്ടുപോയ മന്ത്രി ടി.എം.ജേക്കബും ഇത് എന്നോട് പറഞ്ഞിട്ടുണ്ട്. പ്രാർത്ഥിച്ചിട്ട് പറയാമെന്ന് പറയുകയല്ലാതെ മറുപടി ഉണ്ടാകുകയില്ല. ഒന്നുകിൽ അദ്ദേഹം പ്രാർത്ഥിക്കുന്നില്ല. അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രാർത്ഥന ഇപ്പോൾ സമൂഹത്തിനോ സഭയ്ക്കോ ഗുണകരമല്ല എന്ന് പൂർണ്ണമായി വിശ്വസിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

കോലഞ്ചേരിയിൽ എത്ര നാളായി മദ്ധ്യസ്ഥ ചർച്ച തുടങ്ങിയിട്ട്. ഓർത്തഡോക്സ് സഭ പലതിനും വഴങ്ങി, എന്നിട്ടും എങ്ങും എത്തിയില്ല. ഇപ്പോൾ നാം കേൾക്കാറുണ്ടല്ലോ എന്തോ രേഖകൾ അദ്ദേഹത്തിന്റെ കൈയ്യിൽ ഉണ്ടെന്ന്. ആ രേഖകൾ എത്രയും പെട്ടെന്ന് കോടതിയിൽ ഹാജരാക്കി അദ്ദേഹം വിധി സമ്പാദിക്കട്ടെ. ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കുന്നവനെ ഉണർത്താൻ പറ്റില്ലല്ലോ.

***തൃക്കുന്നത്തെ പെരുന്നാളിൽ പങ്കെടുത്തവരോട് തിരുമേനിക്ക് എന്താണ് പറയുവാനുള്ളത് ?***

പെരുന്നാളിന് ശാരീരികമായി പങ്കെടുത്തവരെക്കാൾ എത്രയോ മടങ്ങ് ആളുകൾ പ്രാർത്ഥനയോടും ആകാംക്ഷയോടും ഈ വർഷം ഇരുന്നു. അവരുടെ കണ്ണുനീർ, മൂന്നു നോമ്പിലെ അവരുടെ പ്രാർത്ഥന, ദൈവീക നീതി നടപ്പാക്കാൻ സഹായിച്ചു.

ഇനിയും കൂടുതലായി എല്ലാവരും പ്രാർത്ഥിക്കുന്നപക്ഷം തൃക്കുന്നത്തു സമാധാനം ഉണ്ടാകും. ഇവിടെ ആവശ്യമില്ലാത്ത ഒരു ബഹളവും അലോഹ്യവും ഇല്ലാതെ നാല് പിതാക്കന്മാരുടെ കബറിടത്തിൽ അടുത്ത പെരുന്നാൾ മുതൽ പ്രാർത്ഥന നടത്താം. ഈ ചാപ്പൽ വൃത്തിയാക്കി അർഹിക്കുന്ന പ്രാധാന്യത്തോടെ അനുഗ്രഹകരമാക്കിത്തീർക്കാം.

2002 ൽ തുടങ്ങിയ പുതിയ സഭയിലെ സ്ഥാനികൾക്ക് അവർ ആഗ്രഹിക്കുന്നപക്ഷം അനുവാദം ചോദിച്ചാൽ അത് കൊടുക്കുന്നതിന് തടസ്സമില്ല. പ്രാർത്ഥനക്ക് വേണ്ട ധൂപകുറ്റിയും, കുന്തിരിക്കവും എല്ലാം കൊടുക്കാം. അവരെ സത്കരിക്കുന്നതിനും തൃപ്തിയേയുള്ളൂ. പക്ഷെ ആദ്യം അവർ ഇങ്ങോട്ട് പറയട്ടെ ഞങ്ങൾക്ക് പ്രാർത്ഥിക്കണമെന്ന്. അത് പ്രാർത്ഥനയ്ക്ക് മാത്രം. പിടിച്ചടക്കലിനും ഗുണ്ടകളുടെ സാന്നിദ്ധ്യത്തിൽ എന്തും കാണിക്കാമെന്നും കരുതാതിരുന്നാൽ മതി.

എനിക്ക് എല്ലാവരോടും പറയുവാനുള്ളത്, വീണ്ടും പ്രാർത്ഥിക്കണമെന്നാണ്. വിഘടിത വിഭാഗത്തിൽ നിൽക്കുന്ന ജനങ്ങൾ പലപ്പോഴും എന്നോട് പറഞ്ഞിട്ടുണ്ട് അവരുടെ നേതൃത്വം കാണിക്കുന്നത് ശരിയല്ല എന്ന്. ഞങ്ങൾപെട്ടുപോയി എന്നവർ പറയുന്നു. അവരോടും എനിക്ക് പറയുവാനുള്ളത്, പ്രാർത്ഥിക്കുവാനാണ്. ■


Blessed **110** th Year of Fond Memmory,

6th Feb. 2013



Late Rev. Dn. Varghese Mathew of Vilayasseril,
Kidangannore, Aranmula, Pathanamthitta
Deacon to the Parumala saint
(Standing behind Saint right side just behind)
Called to be with lord Jesus on
6th Feb. 1902.

*Inserted by :*

**V. Sam Mathews, Vilayasseril**

Mootheril Branch of the Maha Vadekkedath Family,
Kidangannore.

(asklord@gmail.com
+94 96 73 18 95,
kadapra, kumbanad-689547

## വേദച്ചുരുൾ-4




**സഭ ഏകമെന്നുപറഞ്ഞാൽ ശ്ലീഹന്മാരുടെ പഠിപ്പിക്കൽ. വിശ്വാസം-കൈവയ്പ്-ഇവ ഇന്നേയോളം അഭുംഗുരം പരിപാലിക്കുന്ന സഭകൾ ഏകമാണ്-എന്നാൽ ഭരണം പലതായാലും ഏകം തന്നെ...**

യോഹന്നാൻ 15:1-4- എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടില്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതുപോലെ. എന്നിൽ വിശ്വസിച്ചിട്ടില്ലാതെ നിങ്ങൾക്കു കഴികയില്ല.

എഫേസി 4:4-5- നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ-ശരീരം ഒന്ന്- ആത്മാവൊന്ന് കർത്താവൊരുവൻ-വിശ്വാസം ഒന്ന്-സ്നാനം ഒന്ന് എല്ലാവർക്കും മീതെയുള്ളവനും-എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും-എല്ലാവരിലുമായിക്കുന്നവനുമായി-എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ-

നടപ്പുകൾ 2:47- കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതിസഭയോടു ചേർത്തുകൊണ്ടിരിക്കുന്നു.

നടപ്പുകൾ 2:41-42- അവന്റെ വാക്കു കേട്ടവർ സ്നാനമേറ്റു അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും. കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.

നടപ്പുകൾ 9-31.... എന്നീദേശങ്ങളിലൊക്കേയും സഭക്കു സമാധാനമുണ്ടായി...

എഫേസി 5:22-32-ക്രിസ്തുവും സഭയുമായുള്ള ബന്ധം... എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്ന പ്രകാരം... ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ... സഭയെ ശുദ്ധവും....

കൊലോസി 1-18- അവൻ സഭയെന്ന ശരീരത്തിന്റെ തലയാകുന്നു-തലക്കു ഒരു ശരീരം മാത്രമാകുന്നതുപോലെ ക്രിസ്തുവാകുന്ന തലക്കും സഭയാകുന്ന ഒരു ശരീരമെയുള്ളു.

കോരിന്തി 3:11-12- യേശു ക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും കഴികയില്ല-

വെളിപാട് 21:14- നഗരത്തിന്റെ മതിലിന് 12-അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ 12 അപ്പോസ്തോലന്മാരുടെ 12 പേരുമുണ്ട്-

യോഹന്നാൻ 3:29-മണവാട്ടിയുള്ളവൻ മണവാളനാകുന്നു....

യോഹന്നാൻ 10:16-ഈ തൊഴുത്തിൽ പെടാത്ത വേറെ ആളുകൾ എനിക്കുണ്ട്-അവയേയും ഞാൻ നടത്തേണ്ടതാകുന്നു-അവ എന്റെ ശബ്ദം കേൾക്കുന്നു-ഒരാട്ടിൻക്കൂട്ടവും ഒരാടയനുമാകും-

ഈ തോഴുത്തിൽ പെടാത്ത ആടുകൾ മാലാഖമാരും-ന്യായവിധിക്കു ശേഷം മനുഷ്യരും മാലാഖമാരെ പോലെ ആകയും ചെയ്യും എന്നാണ്-ഭരണം ക്രിസ്തുതന്നെ-മുകളിൽ നാം കണ്ട വാക്യങ്ങൾ ഒക്കെയും ഒരു സഭയെയുള്ളുഎന്നും-ശ്ലീഹന്മാരുടെ പഠിപ്പിക്കലും കൈവെയ്പും സ്വീകരിക്കുന്ന സഭകൾ ഭരണത്തിൽ പലതും എന്നാൽ ഏകമാണ്.

**സഭ വിശുദ്ധം**

സഭ വിശുദ്ധം എന്നുപറഞ്ഞാൽ സകല മനുഷ്യരെയും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉള്ളത് എന്നർത്ഥം.

എഫേസി 5:26-27-അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ-ചുളുക്കം മുതലായതൊന്നുമല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി തനിക്കു തന്നെ തേജസ്സോടെ മുൻനിർത്തേണ്ടതിനും തന്നത്താൻ അവൾക്കു വേണ്ടി ഏൽപിച്ചു കൊടുത്തു.

*(പി.ഇ. സ്ക്കറിയ, പുന്നക്കാട്ടിന്റെ കണ്ടെടുക്കപ്പെട്ട പുരാതന ഡയറിക്കുറുപ്പുകളിൽ നിന്നും...)* ■

**19th Death Anniversary**
**18-2-2013**



**P.V. Joseph**
**Vattasseril Poikudiyil**
**Chengaroor**

*Inserted by:*
Mr. Annamma Joseph (Wife)
Sabu Joseph & Mrs. Kunjumol
Shibu Joseph & Mrs. Beena

*കൊച്ചുമക്കൾ:-*
Smera, Swapna, Silpa, Narma

# കല്ലട വലിയപള്ളിയും മാർ അന്ത്രയോസ് ബാവായും

മലങ്കര സഭാചരിത്രത്തിലെ ഒരു വിശിഷ്ട **മാർ അന്ത്രയോസ് ബാവ.**

**"കല്ലട വലിയപ്പൂപ്പൻ"** എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹം A.D1678 ൽ കേരളത്തിൽ മുളന്തുരുത്തിപ്പള്ളിയിൽ എത്തിചേർന്നു. മാർ അന്ത്രയോസിനോടൊപ്പം മൂന്ന് സഹോദരൻമാരും അനുധാവനം ചെയ്തിരുന്നു. അതിൽ ഒരാൾ റമ്പാനും മറ്റുള്ളവർ അയ്മേനികളും ആയിരുന്നു എന്നാണ് ചരിത്രത്തെളിവ്.

മുളന്തുരുത്തിയിൽ ദീർഘകാലം വസിച്ച അദ്ദേഹം ദേശനിവാസികളിൽ ചിലരുടെ നിസ്സഹകരണം മൂലം കിഴക്കോട്ട് യാത്ര ചെയ്തു. കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ സംഗമസ്ഥലവും വ്യാപാരകേന്ദ്രവും ആയ വെട്ടിക്കൽ എത്തി. അവിടെ കണ്ട കുരിശു പള്ളിയോട് ചേർന്ന് കുറച്ച് സ്ഥലം സമ്പാദിക്കുകയും അവിടെ ഭവനം നിർമ്മിച്ച് വാസം ആരംഭിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്ന സഹോദരങ്ങളിൽ ഒരാൾ മുളന്തുരുത്തിയിൽ വിവാഹം കഴിച്ച് താമസിച്ച് പോന്നു. ഈ സഹോദരസന്തതിപരമ്പരയിൽ പ്പെട്ടവരാണ് മുളന്തുരുത്തിയിൽ ജാതരായ പരിശുദ്ധ പരുമലതിരുമേനിയും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരും .വെട്ടിക്കൽ നിന്നും യാത്ര തിരിച്ച മാർ അന്ത്രയോസ് ബാവ കുറുപ്പും പടി പുത്തൻ കാവ് , മണർകാട് തുടങ്ങിയ സ്ഥലങ്ങളിലും താമസിക്കുകയുണ്ടായി അതിനുശേഷം അദ്ദേഹം യാത്രചെയ്തു കല്ലടയിൽ എത്തി. A.D. 9ാം നൂറ്റാണ്ടിലാണ് കല്ലടയിൽ ഒരു ക്രൈസ്തവ ദേവാലായം വിശു.ദൈവമാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായത്. ഈ ദേവാലയത്തിന്റെ പൗരാണികതയും പരിശുദ്ധിയും **മാർ അന്ത്രയോസ് ബാവ**യിൽ താല്പര്യമുളവാക്കിയിരുന്നു. അതുമൂലം അദ്ദേഹത്തിന്റെ അന്ത്യനാളുകൾ കല്ലടയിൽ ആയിരുന്നു. അദ്ദേഹം കാലം ചെയ്തശേഷം കല്ലടയിലെ വി.ദൈവമാതാവിന്റെ നാമധേയത്തിലുള്ള വി.ദേവാലയത്തിലെ മദ്ബഹായിൽ കബറടക്കി.

മതമൈത്രിയുടെ മഹത്തായ പൈതൃകം കല്ലടവലിയപള്ളി ഇന്നും സൂക്ഷിക്കുന്നു. **മാർ അന്ത്രയോസ് ബാവ**യുടെ സാന്നിദ്ധ്യം കല്ലടയിൽ വിശുദ്ധി പരത്തി നിറഞ്ഞു നിൽക്കുന്നു. നാനാജാതി മതസ്ഥർ ഈ ദേവാലയത്തിൽ ഒത്തുചേരുന്നു.

മലങ്കരസഭയിലെ തീർത്ഥാടക കേന്ദ്രങ്ങളിൽ ഒന്നായി മാറിയിരിക്കുന്ന ഈ ദേവാലായം വിശ്വാസികളുടെ ഒരു പ്രാർത്ഥനാകേന്ദ്രമാണ്. ദിവസം തോറും പരിശുദ്ധന്റെ കബറിങ്കലെത്തുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു.**മാർ അന്ത്രയോസ് ബാവ** കാലം ചെയ്തത് കുംഭമാസം 19.ാം തീയതിയാണ്. ഈ ദേവാലയത്തിലെ പ്രധാനപെരുന്നാളിൽ ഈ പരിശുദ്ധന്റെ കബറിങ്കലേയ്ക്ക് പതിനായിരങ്ങൾ പ്രവഹിക്കുന്നു. നേർച്ചകളും കാഴ്ചകളും അർപ്പിച്ച് ആത്മാനന്ദം അനുഭവിക്കുന്നു. ദുഖങ്ങളും ദുരിതങ്ങളും അകലുവാൻ കബറിങ്കൽ മദ്ധ്യസ്ഥപ്രാർത്ഥന അണയ്ക്കുന്നു. കല്ലട പള്ളിയിൽ കബറടങ്ങിയിരിക്കുന്ന **പരി. മാർ അന്ത്രയോസ് ബാവ**യുടെ പ്രാർത്ഥനാമന്ത്രവും പവിത്ര ചൈതന്യവും ഇന്ന് മനുഷ്യമനസ്സുകളിൽ മുഴുവൻ നിറഞ്ഞു നിൽക്കുന്നു.

**മാർ അന്ത്രയോസ് ബാവയുടെ 320.ാം ഓർമ്മപ്പെരുന്നാൾ 2012 ഫെബ്രുവരി മാസം 26 മുതൽ മാർച്ച് 4 വരെ തീയതികളിൽ ആചരിക്കുകയാണ്**. പെരുന്നാളിൽ സംബന്ധിച്ച് പരി. പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുവാൻ ഏവരേയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു.



**റവ. ഫാ. എം.എം .വൈദ്യൻ**
വികാരി

■



# ഉപകാര സ്മരണ

എന്റെ ഭാര്യ കുഞ്ഞന്നം വർഗീസിന്റെയും മൂത്തമകൻ റ്റി.വി. ഗീവർഗ്ഗീസിന്റെയും കൊച്ചുമകൻ ഗ്രിഗറിയുടേയും മനസ്സിലും ഉപബോധ മനസ്സിലും അബോധമനസ്സിലും ചിന്തയിലും വിചാരത്തിലും വികാരത്തിലും ആലോചനയിലും ഓർമ്മയിലും ബുദ്ധിയിലും ബോധത്തിലും ബുദ്ധിസാമർത്ഥ്യത്തിലും സംസാരത്തിലും പരിപൂർണ്ണ സൗഖ്യവും വീഴ്ചയില്ലായ്മയും പരിശുദ്ധാത്മ അഭിഷേകവും ധൈര്യവും ദൃഢ വിശ്വാസവും വിശുദ്ധിയും അന്ത്യശ്വാസം വരെ നിത്യമായി ലഭിച്ചു–ഞങ്ങളെ സഹായിക്കാത്തവരും അവഗണിച്ചവരും പരാജയപ്പെട്ടു.

റ്റി.വി. ഗീവർഗ്ഗീസിന്റെ വിവാഹം പരുമലപള്ളിയിൽ നടന്നു. ഗ്രിഗറിയുടെ മാമോദീസ പരുമലപള്ളിയിൽ നടന്നു. ഗ്രിഗറിക്ക് പൂനയിൽ ജോലി ചെയ്യുവാനും ഭക്ഷണം കഴിക്കുവാനും ഉദ്യോഗത്തിൽ വിജയകരമായി വിജയിക്കുവാനും ബുദ്ധിസാമർത്ഥ്യവും കഴിവും ഓർമ്മ ശക്തിയും അനുകൂല പരിതസ്ഥിതികളും പ്രശ്നങ്ങളുടെ പരിഹാരവും ദൈവകൃപയും ധാരാളമായും നിത്യമായും ലഭിച്ചു.












**T.V. Varghese,** Rtd Deputy Director of Education
**Kunjanam,** Rtd Income Tax Officer
Plot 74, Nehru Nagar, Thrissur-6

# Breaking the Word




### *2013 ഫെബ്രു. 10*
## *വലിയ നോമ്പിലെ ഒന്നാം ഞായർ കൊത്ത്നെ*
*(വി. യോഹ. 2:1– 11)*

**ഫാ. ജോജി കെ. ജോയി, അടൂർ**

അൻപത്ദിവസം നിണ്ടുനിൽക്കുന്ന വിശുദ്ധിയുടെ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുന്നു. പ്രാർത്ഥനയിലൂടെ ആത്മശുദ്ധിയും,നോമ്പ്-ഉപവാസ അനുഷ്ഠാനങ്ങളിലൂടെ ഇന്ദ്രിയജയവും, വി.കുമ്പസാര-പ്രായശ്ചിത്തങ്ങളിലൂടെ ദൈവിക സ്നേഹവും നേടി എടുക്കുന്നതിനുള്ള അവസരമാണ് നോമ്പുകാലം.

**ദുരന്തവഴികളിൽ മറഞ്ഞിരുന്ന് ഇടപെടുന്ന ദൈവം**

ആഘോഷങ്ങളുടെ രാജാവാണ് വിവാഹം. കാനാവിലെ കല്ല്യാണത്തിൽ ക്രിസ്തു ക്ഷണിക്കപ്പെട്ടിരുന്നു. ആഹ്ലാദാവസരങ്ങളിൽ ക്രിസ്തു ക്ഷണിക്കപ്പെട്ടവനായിരുന്നതിനാൽ അവിടെയുണ്ടാകുന്ന പ്രതിസന്ധികളെ അവിടുന്ന് ദൂരീകരിച്ച് തരും.“ നല്ല വീഞ്ഞ് അവസാനം വരെ സൂക്ഷിച്ചുവച്ചല്ലോ” എന്നാണ് വിരുന്നുവാഴി മണവാളനോട് പറയുന്നത്.

അതെ! തകർച്ചകളിലും, പ്രതിസന്ധികളിലുമാണ് ഏറ്റവും മുന്തിയത് ലഭ്യമാകുന്നത്. നമ്മുടെ കണക്കുകൂട്ടലുകൾക്കും, പദ്ധതി തയ്യാറാക്കലുകൾക്കുമൊക്കെ പരിമിതികൾ തീർച്ചയായും ഉണ്ട്. എന്നാൽ ദൈവം അതിൽ ഇടപെടുമ്പോൾ അനന്ത സാധ്യതകളുടെ തീരാത്ത കലവറയായി മാറും. ഇല്ലാതെ പോയത് ഒരു പന്തിക്കുള്ള വീഞ്ഞ് കൊടുത്തപ്പോഴോ എത്രയോ വിവാഹങ്ങൾക്ക് തൃപ്തിവരുത്തുവാൻ കഴിയുന്നത്ര വീഞ്ഞ്. അതെ പൂ ചോദിച്ചാൽ പൂന്തോട്ടം തരുന്നവൻ. കൈക്കുടന്ന ചോദിച്ചാൽ കടലോളം നൽകുന്നവൻ.ദൈവം തരുന്നതങ്ങനെയാണ്,അളന്നു തിട്ടപ്പെടുത്തിയല്ല സമൃദ്ധമായി അവിടുന്ന് നൽകും.

ഇങ്ങനെയൊക്കെ നമ്മുടെ ജീവിതത്തിലും സംഭവിക്കേണ്ടതിന് ഒന്നേയുള്ളു മാർഗ്ഗം. ജീവിതത്തിന്റെ എല്ലാ വഴികളിലും ക്രിസ്തു ക്ഷണിക്കപ്പെട്ടവനായിരിക്കുക. നമ്മുടെ ജീവിതത്തിൽ അപ്രതീക്ഷിതമായിവരുന്ന അപകടങ്ങൾക്ക് അവിടുന്ന് പരിഹാരം ഉണ്ടാക്കിക്കോളും. “Man’s extremity is God’s opportunity.”

**ദൈവമാതാവിന്റെ സഹാനുഭൂതിയോടുള്ള ഇടപെടൽ**

വീടിന്റെ കുറവ് അറിയുന്നതോടൊപ്പം തന്റെ പുത്രന്റെ കഴിവും അവൾക്കറിയാമായിരുന്നു ആ ഭവനത്തിൽ യേശുവിന്റെ അമ്മ ഉണ്ടായിരുന്നു.(വി. യോഹന്നാൻ 2.2) അത് ഒരു വെറും സാന്നിദ്ധ്യമല്ല മറിച്ച് സൂക്ഷ്മമായി കാര്യങ്ങൾ മനസ്സിലാക്കുകയും ക്രിയാത്മകമായി പ്രതികരിക്കാനുള്ള മനസ്സോടെ ആ കുടുംബത്തിന്റെ ഭാഗമായി തീരുന്ന അവസ്ഥ.

വിരുന്നുവാഴിയുടെ (വീട്ടുകാരന്റെ ) ഒരുക്കമില്ലായ്മയോ, വിളമ്പുകാരന്റെ അശ്രദ്ധയോ,ഭക്ഷണം കഴിച്ചവരുടെ ഔചിത്യമില്ലായ്മയോ മൂലം സംഭവിച്ച വീഞ്ഞിന്റെ കുറവ് മറിയം മനസ്സിലാക്കി. ഒരു വീഴ്ച സംഭവിക്കുന്നതിനെ ആഘോഷമാക്കുന്ന ഇന്നിന്റെ പൊതു സ്വഭാവത്തിന് ഘടകവിരുദ്ധമായിട്ടാണ് മറിയം പ്രതികരിക്കുന്നത്. സത്യത്തിൽ മറിയം ആദ്യമായിട്ടല്ല ഇങ്ങനെ ഇടപെടുന്നത്.ചാർച്ചക്കാരിയായ ഏലിസബത്ത് ഗർഭിണിയായി എന്നറിഞ്ഞ സന്ദർഭത്തിലും മറിയയുടെ പ്രതികരണം ഇത്തരത്തിൽ തന്നെയായിരുന്നു.“ ആ നാളുകളിൽ മറിയ എഴുന്നേറ്റു മലനാട്ടിൽ ഒരു യഹൂദ്യപട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു... മറിയ ഏകദേശം മൂന്നുമാസത്തോളം അവളോടുകൂടെ പാർത്തിട്ട് വീട്ടിലേക്ക് മടങ്ങിപ്പോയ (വി. ലൂക്കോ. 1 :39– 56)

**കലർപ്പില്ലാത്ത വിശ്വാസവും : വ്യവസ്ഥയില്ലാത്ത അനുസരണവും : വീട്ടുവേലക്കാരുടെ മുഖമുദ്ര:** ദൈവസാന്നിധ്യവും, പ : മാതാവിന്റെ മദ്ധ്യസ്ഥതയും പ്രതിസന്ധികളുടെ പരിഹാരത്തിന് അനിവാര്യമായിരിക്കുന്നതുപോലെ തന്നെ ദൈവവാക്കനുസരിച്ച് പ്രവർത്തിക്കാനുള്ള മനസ്സും പ്രശ്നപരിഹാരത്തിന് അത്യാവശ്യമാണ്. “യേശു അവരോട് ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ എന്നു പറഞ്ഞു അവർ വക്കോളവും നിറച്ചു. ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്ന് അവൻ പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു” (വി.യോഹ. 2.7,8 ). തികഞ്ഞ അനുസരണ മനോഭാവം പുലർത്തുന്ന ഇവരാണ്. ആ വീട്ടിലെ ശുശ്രൂഷക്കാർ അഥവാ വേലക്കാർ. അവർ ക്രിസ്തുവിന്റെ വാക്കുകളോട് നിഷേധാത്മകമായോ, സംശയാസ്പദമായോ പ്രതികരിച്ചിരുന്നെങ്കിലോ.ഇല്ല! തീർച്ചയായും അവിടെ അത്ഭുതം നടക്കുകയില്ലായിരുന്നു.

പലയിടത്ത് ഒഴുകി പരന്നിരുന്ന വെള്ളം ക്രിസ്തുവിന്റെ ആജ്ഞ നിരുപാധികമായി അനുസരിച്ച വേലക്കാരുടെ സമർപ്പണ മനോഭാവം നമുക്കുണ്ടാകുമ്പോൾ പ്രതിസന്ധികൾ പരിഹരിക്കപ്പെടും. കണക്കുകൂട്ടലുകൾ തെറ്റുന്നിടത്ത് ദൈവികമായ ക്രമീകരണങ്ങളുണ്ടാകും. അബ്ബാ ചെറിയ യോഹന്നാനെ കുറിച്ച് ഇപ്രകാരം ഒരു കഥയുണ്ട്. അദ്ദേഹം ഒരു ഉണക്കച്ചുള്ളി നട്ട ശേഷം അദ്ദേഹത്തിന്റെ കായ് കടന്ന തുവരെ അനുദിനം ഓരോ തൊട്ടി വെള്ളം ഒഴിച്ച് അത് നനക്കമെന്ന് അദ്ദേഹത്തോയ് ആവശ്യപ്പെട്ടു.വെള്ളം കോരാൻ ഏറെ ദൂരം പോകേണ്ടി വന്നു. മൂന്ന് വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ കമ്പ് കിളിർത്ത് ഫലങ്ങൾ കായ്ച്ചു. ഗുരു ഫലം പറിച്ച് ശിഷ്യൻമാർക്ക് കൊടുത്തിട്ടു പറഞ്ഞു. അനുസരണയുടെ ഫലം എടുത്ത് ഭക്ഷിക്കുവിൻ (സഖേർ: കൈക്കുടന്ന.പേജ് 43)അതെ! അനുസരണം ബലിയേക്കാൾ നല്ലത്.അന്നും, ഇന്നും.

## *ഫെബ്രുവരി 17*
## *വലിയ നോമ്പിലെ രണ്ടാം ഞായർ*

ഗർബോ (കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നത്)

***(വി. ലൂക്കോ. 5:12–16)***

**ദൈവികസ്പർശനം: സൗഖ്യസ്പർശനം.**

ആത്മശരീര മനസ്സുകൾക്ക് സമഗ്രമായ സമാശ്വാസവും, സൗഖ്യവും നൽകുന്ന സ്വർഗ്ഗീയ വൈദ്യനായ യേശു തമ്പുരാനോട് യാചിച്ച ഒരു കുഷ്ഠരോഗിക്ക് ക്രിസ്തു സമ്പൂർണ്ണ സൗഖ്യവും നൽകിയത് ധ്യാനവിഷയമാകുന്ന ഞായറാഴ്ച.

ക്രിസ്തുവിനു മുൻപ് തന്നെ ഏറെ വെറുക്കപ്പെട്ടിരുന്നവരാണ് കുഷ്ഠരോഗികൾ. ലേവ്യപുസ്തകം 13,14 അദ്ധ്യായങ്ങൾ അവരെ കുറിച്ചുള്ള വിവരണങ്ങൾ ഉള്ള വേദഭാഗങ്ങളാണ്. സമൂഹ മധ്യത്തിൽ നിന്നു മാറി പാളയത്തിന് പുറത്തുമാത്രമെ പാർക്കാവുകയുള്ളു. കീറ വസ്ത്രം ധരിച്ച്, തല മുണ്ഡനം ചെയ്ത്, ചുണ്ടിൻ മേൽ ഒരാവരണം പതിച്ച് അശുദ്ധൻ, അശുദ്ധൻ എന്ന് സ്വയം വിളിച്ച് നടക്കണം. ചുരുക്കത്തിൽ ശാരീരികാസ്വാസ്ഥ്യങ്ങൾക്കു പുറമെ മാനസ്സികമായും ഏറെ തളർത്തപ്പെട്ടവനാണ് ഒരു കുഷ്ഠരോഗി. സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടാനും ആരുമില്ലാതെ നരക ദുഃഖം അനുഭവിക്കുന്നവൻ ഇതാ! അങ്ങനെയുള്ള മനുഷ്യൻ ക്രിസ്തുവിനെ സമീപിക്കുന്നു. ബാല്യത്തിൽ അമ്മയുടെ സ്പർശം കഴിഞ്ഞ് മറ്റാരുടേയും സ്പർശനം ഏൽക്കാത്ത ഒരുവനെ ക്രിസ്തു സ്പർശിക്കുന്നു. സൗഖ്യം കൊടുക്കുന്നു.

ജീവിതത്തോടുള്ള ക്രിയാത്മകസമീപനം ഏറ്റവും പ്രാധാന്യമുള്ളതാണ്. നഷ്ടങ്ങളിലും ലാഭ ലക്ഷ്യം കാണുന്ന ഒരാൾ തളർന്നു പോകില്ല.“ ഞാനോ യഹോവയിങ്കലേക്ക് നോക്കും; എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും. എന്റെ ശത്രുവായവളെ എന്നെ ചൊല്ലി സന്തോഷിക്കരുത്. വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും”(മീഖാ 7.7,8). ഇത്തരത്തിലുള്ള പ്രതീക്ഷാപൂർവ്വമായ സമീപമാണ് വേണ്ടത്. സമ്പൂർണ്ണ സൗഖ്യം നൽകുന്ന യേശുവിന്റെ സന്നിധിയിൽ പൂർണ്ണബോദ്ധ്യത്തോടും, വിശ്വാസത്തോടും, ആവശ്യബോധത്തോടും, വിനയത്തോടും അണയുക. അതാണ് കുഷ്ഠരോഗി ചെയ്തത്. യേശുവിനെ കണ്ടു കവിണ്ണുവീണു. “കർത്താവേ നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്ന് അപേക്ഷിച്ചു”(യോഹന്നാൻ 5.12). ക്രിസ്തുവിന് വിധേയപ്പെടുകയാണ് കുഷ്ഠരോഗി. സൗഖ്യം ആവശ്യമാണെങ്കിലും അത് ദൈവേഷ്ടത്തിന് വിധേയപ്പെടുത്തുന്നു. പൗരസ്ത്യ സഭയുടെ പ്രാർത്ഥന ഇതാണ് വെളിവാക്കുന്നത്. ‘അവിടുത്തേക്ക് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾക്ക് സൗഖ്യം നൽകേണമെ!’ സ്വന്തം അയോഗ്യതകളെ കുറിച്ചുള്ള ബോധ്യവും, ദൈവം പ്രവർത്തിക്കട്ടെ എന്ന സമർപ്പ ണവും സൗഖ്യത്തിന് നിദാനമായി തീരും. “താഴ്മയുള്ളവരുടെ മനസ്സിനും, മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെയും വസിക്കുന്നു.''(യെശയ്യാവ് 57.15). ഉന്നതനും, ഉയർന്നവനും, ശാശ്വതവാസിയും, പരിശുദ്ധൻ എന്ന നാമമുള്ളവനുമായ ദൈവം മനുഷ്യരോടു കൂടെ വസിക്കാൻ താല്പര്യപ്പെടുന്നു. പക്ഷേ ആരോടുകൂടെയാണ് അവിടുന്ന് വസിക്കുന്നത്?താഴ്മ, അനുതാപം,സമർപ്പണ മനോഭാവം തുടങ്ങിയ നന്മ നിറഞ്ഞ സ്വഭാവത്തോടുകൂടി ഇടപെടുന്നവരോടു കൂടെ.

**ദൈവികസ്പർശനം : സൗഖ്യ സ്പർശനം**

‘Every divine touch is healing touch’ എന്നുപറയാറുണ്ട്.കുഷ്ഠരോഗിയെ തൊടുന്നവനും അശുദ്ധനാകും എന്നാണ് പ്രമാണം. പക്ഷെ ഇവിടെ തൊട്ടവൻ അശുദ്ധനായില്ല എന്നു മാത്രമല്ല സ്പർശനം ഏറ്റവൻ ശുദ്ധനാകുകയും ചെയ്തു. സഹതാപത്തേക്കാൾ (Sympathy) അനുഭാവവും, അനുകമ്പയും (Empathy) നിറഞ്ഞ സമീപനമാണ് ക്രിസ്തുവിന്റേത്. “ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. എല്ലാവരുടെയും രക്ഷ അഥവാ വിടുതൽ. അതിനാലാണ് തന്റെ നസ്രത്ത് മാനിഫെസ്റ്റോയിൽ (വി.ലൂക്കോസ് 4.18–19) ലൂടെയും, യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരോടുള്ള മറുപടിയിലൂടെയും (വി.മത്തായി 11.3–6) ക്രിസ്തു അർത്ഥശങ്കയില്ലാതെ വെളിപ്പെടുന്നത് താൻ ഈ ലോകത്തിന്റെ രക്ഷകനാണെന്ന്. നമ്മുടെ സ്വന്തം കാര്യങ്ങളിൽ നമ്മെക്കാൾ താല്പര്യത്തോടെ, അനുകമ്പയോടെ ഇടപെടുന്ന യേശു ഇന്നും ജീവിക്കുന്നു. അവിടുന്നാണ് സകല കഷ്ടങ്ങളിൽ നിന്നും, ദുരിതങ്ങളിലും നിന്നും നമ്മെ വീണ്ടെടുക്കുന്നത്. കുഷ്ഠരോഗി ആ യേശുവിനെ മനസ്സിലാക്കി, മനസ്സലിയുന്നവനായ ക്രിസ്തുവിനു മുമ്പിൽ സമ്പൂർണ്ണമായി സമർപ്പിച്ചതിലൂടെ അനുഗ്രഹം പ്രാപിച്ചു.

**ഭൗമിക നിയമങ്ങളെ ആദരിക്കുന്ന ക്രിസ്തു:** രോഗസൗഖ്യം കൊടുത്തിട്ട് ക്രിസ്തു കുഷ്ഠരോഗിയോട് പറയുന്നത് “ പോയി നിന്നെത്തന്നെ പുരോഹിതന്നു കാണിച്ചു, അവർക്കു സാക്ഷ്യത്തിനായി മോശ കല്പിച്ചതുപോലെ നിന്റെ ശുദ്ധീകരണത്തിനുള്ള വഴിപാട് അർപ്പിക്ക ”(ലൂക്കോസ് 5.14) ന്യായ പ്രമാണത്തിന്മേലും അധികാരമുള്ളവനായ ക്രിസ്തു പുരോഹിതരുടെ അധികാരത്തിൽ കൈകടത്താതെ അതിനെ ശാക്തീകരിക്കാനാണ് ശ്രമിക്കുന്നത്. സൃഷ്ടാവായദൈവം സൃഷ്ടിയിലെ നിയമങ്ങൾ പാലിച്ചിരുന്നു. അത് പാലിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ മനുഷ്യാവതാര ദൗത്യത്തിൽ അനേകം പ്രാവശ്യം ലോകനിയമങ്ങൾ പാലിക്കാൻ അവിടുന്ന് ആവശ്യപ്പെടുന്നുണ്ട് (വി.മത്തായി 23.2,3; മത്തായി 17.24–27.) എന്നാൽ അധികാരസ്ഥാനങ്ങളിലെ അശുദ്ധിയേയും,അഴിമതിയേയും നിശിതമായി വിമർശിക്കുന്നുമുണ്ട്. (വി.മത്തായി 24.15; വി.മർക്കോസ് 13.14)

നിയമം പോലെയാണ് അധികം അടുത്താൽ പൊള്ളും,അകന്നാൽ ഫലം ലഭിക്കുകയുമില്ല. ലോകനിയമങ്ങളെ ആദരിക്കുകയും അതിലെ മനുഷ്യത്വമില്ലായ്മകളെ എതിർക്കുകയും : അതായിരുന്നു ക്രിസ്തുവിന്റെ ശൈലി.

**കുഷ്ഠരോഗവും : പാപാവസ്ഥയും തമ്മിൽ സമാനതകൾ:** കുഷ്ഠരോഗം ഒരാളെ ബാധിക്കുന്നതും, പാപം നമ്മെ കീഴടക്കുന്നതും തമ്മിൽ സമാനതകളുണ്ട്. രണ്ടിന്റെയും ആരംഭം നിസ്സാര രീതിയിലായതിനാൽ തുടക്കത്തിൽ തിരിച്ചറിയില്ല. പിന്നീട് ഭയങ്കരവും, നികൃഷ്ടവുമായി മാറുന്നു. കാലക്രമേണ കുഷ്ഠരോഗി സമൂഹത്തിൽ നിന്നും, പാപി ദൈവരാജ്യത്തിൽ നിന്നും അകലുന്നു. എന്നാൽ നമ്മുടെ പാപാവസ്ഥയെ കുറിച്ച് സ്വയം ബോധ്യമുണ്ടായി അനുതാപത്തോടും, പശ്ചാത്താപത്തോടും കൂടെ തിരിച്ചു ചെന്നാൽ സ്വീകരിക്കുന്ന യേശുവാണ് നമ്മുടെ രക്ഷകൻ. ക്രിസ്തുവിന്റെ പാദമണഞ്ഞ കുഷ്ഠരോഗിയെ വാക്കിലൂടെ അവിടുത്തേക്ക് സൗഖ്യമാക്കാമായിരുന്നു. പക്ഷെ അവനെ സ്പർശിച്ചതിലൂടെ, തള്ളപ്പട്ടവരെയും തന്നിലേക്ക് അവിടുന്ന് ചേർത്തുപിടിക്കുകയായിരുന്നു.

കുഷ്ടരോഗത്താൽ നികൃഷ്ഠമാക്കപ്പെട്ട ശരീരം ക്രിസ്തുവിന്റെ സ്പർശനത്താൽ പൂർവ്വ സൗന്ദര്യം വീണ്ടെടുത്തു. പാപത്താൽ മലിനമാക്കപ്പെട്ട നാം ഓരോരുത്തരേയും അവിടുന്ന് വീണ്ടെടുക്കും. അതിനുള്ള അവസരമാകണം നോമ്പനുഷ്ഠാനം.

## *ഫെബ്രുവരി 24*
## *വലിയ നോമ്പിലെ മൂന്നാം ഞായർ*

മ്ശറിയോ (പക്ഷപാതരോഗിയെ സൗഖ്യമാക്കുന്നത്)

***(വി. മർക്കോ. 2:1–12)***

**പാപമോചനം സമഗ്രസൗഖ്യത്തിന് അനിവാര്യം:** പക്ഷപാതം അഥവാ തളർവാതം 'മനുഷ്യന്റെ 'നിസ്സഹായതയുടെ അങ്ങേ അറ്റമാണ്. ബോധമുണ്ട് പ്രതികരിക്കാനാവാത്ത അവസ്ഥ. ആഗ്രഹമുണ്ട് പക്ഷെ ചലിക്കാനാവില്ല. മനസ്സുണ്ട് പക്ഷെ പ്രവർത്തിക്കാനാകുന്നില്ല. ഈ അവസ്ഥയിൽ നിന്നുമാണ് ക്രിസ്തു അവന് വിടുതൽ കൊടുക്കുന്നത്.അതിനായി പലരുടേയും, പലതിന്റെയും ഒത്തൊരുമിച്ചുള്ള സഹകരണം ഉണ്ടായി. നമ്മുടെ ജീവിതവുമായി അതിനെബന്ധിപ്പിച്ചു ചിന്തിക്കാം.

**1. യേശു ഭവനത്തിൽ ഉണ്ടെന്നുള്ള ശ്രുതി :** The news went round that Jesus was in house.

ഈ സൗഖ്യദാന സംഭത്തിന്റെ ആരംഭം ക്രിസ്തു ഒരു വീട്ടിൽ ഉണ്ടെന്നുള്ള ശ്രുതി അഥവാ 'Rumour'ആ നാട്ടിൽ പരന്നു എന്നതാണ്. മലയാള ഭാഷയിൽ സാധാരണയായി ഉപയോഗിക്കുന്ന ആംഗലേയ വാക്കാണ് 'Rumour.' എന്തൊക്കെ വാർത്തകളാണ് ശരിയും, തെറ്റുമായി ഇന്നത്തെ സമൂഹത്തിൽ പ്രചരിക്കുന്നത്. Flash News കൾ Flash കഴിയുമ്പോൾ വാർത്തയല്ലാതായി മാറുന്നു. 'ഇപ്പോൾ കിട്ടിയത് ' പിന്നെ കേൾക്കാനോ, ചിന്തിക്കുവാനോ ഒന്നുമില്ലാതായി തീരുന്നു. എന്തായാലും കഫർന്നഹുമിൽ പരന്ന 'ശ്രുതി' യേശു വീട്ടിൽ ഉണ്ടെന്നുള്ളതായിരുന്നു. അതിനാൽ ആ വീട്ടിലേക്ക് 'ആവശ്യക്കാർ 'വന്നു വാതിക്കൽ പോലും ഇടമില്ലാത്തവണ്ണം നിറഞ്ഞു.

ഭവനം പത്രോസിന്റെതാണെന്നാണ് വേദവ്യഖ്യാതക്കളുടെ പൊതുവായ അഭിപ്രായം.

**2. പ്രയത്നിക്കാനുള്ള തീവ്രമായ മനസ്സ്:** യേശു അവരുടെ വിശ്വാസം കണ്ടിട്ട് (മർക്കോസ് 2.5) പക്ഷവാതക്കാരന്റെ പാപം മോചിച്ച് അവന് സൗഖ്യവും കൊടുക്കുന്നു. പക്ഷവാതക്കാരനെ കൊണ്ടുവന്ന നാല് പേരും അവരുടെ വിശ്വാസം പ്രവൃത്തിയിലൂടെ കാണിച്ചു. രോഗിക്ക് ഏറ്റവും അത്യാവശ്യമായ സൗഖ്യം ലഭിക്കുവാൻ കഠിനമായ സാഹചര്യങ്ങളോട് എതിരിടുവാൻ അവർ കാണിച്ച ധൈര്യം സൗഖ്യത്തിന് കാരണമായി. പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നാണ് യാക്കോബ് ശ്ലീഹാ (യാക്കോബ് 2 . 20) പറയുന്നത്. അതെ ! എത്ര കഠിനമായ സാഹചര്യങ്ങളാണെങ്കിലും അതിനെ അതിജീവിക്കുവാൻ ദൈവത്തിലുള്ള ആശ്രയബോധത്തോടെയുള്ള അധ്വാനം ആവശ്യം തന്നെയാണ്. കഴിവ് (Ability), പ്രേരണ (Motivation), ലക്ഷ്യം (Determin ation),കാഴ്ചപ്പാട്(Attitude) ഇവ നാലും ദൈവകേന്ദ്രീകൃതമാക്കിയാൽ വിജയം സുനിശ്ചിതമാണ്.

Ability is what you are capable of doing; Motivation and determination decide what you do; Attitude determines how well you do.

പക്ഷവാതരോഗിയെ എടുക്കുന്നത് അസാദ്ധ്യം എന്ന് അവർ കരുതിയിരുന്നു എങ്കിൽ സൗഖ്യം ലഭിക്കുമായിരുന്നില്ല. ' No one knows what he can do till he tries'. 'ഒന്നും ആരംഭിക്കാതെ വിജയം വരിക്കാനാവില്ല.' 'വിഘ്നം ഉണ്ടാകുമോ എന്ന ഭയത്താൽ മൂഢന്മാർ ഒന്നും ആരംഭിക്കുന്നില്ല. സാധാരണക്കാർ ആരംഭിച്ച ശേഷം വിഘ്നം കണ്ട് പിൻവാങ്ങുന്നു. ഉത്തമന്മാർ എന്തൊക്കെ തടസ്സങ്ങൾ ഉണ്ടായാലും ആരംഭിച്ചത് ലക്ഷ്യം കാണുവോളം മുന്നോട്ട് കൊണ്ടുപോകുന്നു.'

**3. പൊളിയപ്പെട്ട മേൽക്കൂര (വി. മർക്കോ. 2.4)**

ദൈവിക ബന്ധത്തിൽ നിന്നും വേർതിരിച്ചു നിർത്തുന്ന, തടസ്സപ്പെടുത്തുന്ന അഹന്തയുടെ മേൽക്കൂരകൾ പൊളിയപ്പെടണം. നോമ്പിൽ കൂടി നാം സ്വായത്തമാക്കേണ്ട ചിന്തയും ഇതു തന്നെയാണ്. ശുദ്ധി ആർജ്ജിക്കേണ്ടത് വർജ്ജനങ്ങളിൽ നിന്നാണ്. മോശ ദൈവസാന്നിദ്ധ്യവും ,ദൈവിക വിശുദ്ധിയും തിരിച്ചറിയുന്നത് ചെരുപ്പൂരി വയ്ക്കുമ്പോഴാണ്. അതുവരെ നടന്ന എല്ലാ വഴികളും വിട്ടിട്ടാണ് മുൾപ്പടർപ്പിലേക്ക് പ്രവേശിക്കുന്നത് (പുറപ്പാട് 3.1 –6). 'നേരുള്ള നോമ്പ് നോവുള്ളതാണ്.'ആഗോള സാമ്പത്തിക പ്രതിസന്ധി സാമ്പത്തിക സമാനതയ്ക്ക് അനിവാര്യമായിരുന്നു. അല്ലെങ്കിൽ സ്വർഗ്ഗത്തോളമെത്തുന്ന ബാബേൽ ഗോപുരങ്ങളുടെ എണ്ണം കൂടിയേനെ.

**4. പാപമോചനവും, സൗഖ്യവും കൊടുക്കുന്ന പ്രസ്താവിക്കപ്പെട്ട ദൈവവചനം:**

മനസ്സിൽ കട്ടപിടിച്ചിരിക്കുന്ന കുറ്റബോധത്തിന്റെ ക്ലാവുകളാണ് രോഗത്തിന് കാരണമെങ്കിൽ ക്രിസ്തു അവയെ നീക്കം ചെയ്യുന്നു മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു (മർക്കോസ് 2.5) എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിലേക്ക് പോക (മർക്കോസ് 2.11) പാപമോചനത്തിലൂടെ സൗഖ്യം കൊടുക്കുന്ന ക്രിസ്തുവചനം. വചനം കൊണ്ട് പ്രപഞ്ചമുണ്ടാക്കിയവൻ അതേ വചനത്താൽ സമഗ്ര വിമോചനവും, വിടുതലും നൽകുന്നു.

പാപത്താൽ ഉളവാകുന്ന തളർച്ചയിൽ നിന്നും, തകർച്ചയിൽ നിന്നുമുള്ള എഴുന്നേൽപ്പ് ജീവനിലേക്കും, സമൃദ്ധിയായ ജീവിതത്തിലേക്കുമുള്ളതാണ്. ആ സമൃദ്ധിയാണ് അന്നുവരെ രോഗിയെ ചുമന്ന കട്ടിലിനെ സ്വയം ചുമന്ന് വീട്ടിലേക്ക് പോകുവാൻ പക്ഷവാതക്കാരനെ പ്രാപ്തനാക്കുന്നത്.

## മാർച്ച് 3
## വലിയ നോമ്പിലെ നാലാം ഞായർ

ക്നാനൈത്തോ (കനാന്യ സ്ത്രീയുടെ മകൾക്ക് സൗഖ്യം)

***(വി. മത്താ. 15:21–31)***

സോർ, സീദോൻ പ്രദേശങ്ങളിലേക്ക് യേശു വരുമ്പോൾ ഒരു കനാന്യ സ്ത്രീ അവളുടെ ആവശ്യവുമായി ക്രിസ്തുവിനെ സമീപിക്കുന്നു. യേശുക്രിസ്തു നടത്തിയ വിശ്വാസ പരിശോധനാ പരീക്ഷയിൽ മുഴുവൻ മാർക്കും നേടി പ്രശംസയും കൂടെ അനുഗ്രഹവും അവൾ പ്രാപിക്കുന്നു. പൂർണ്ണവിശ്വാസത്തിന്റയും, സമ്പൂർണ്ണ സമർപ്പണത്തിന്റെയും, തികഞ്ഞ പ്രത്യാശയുടേയുമൊക്കെ ആൾ രൂപമായി മാറുന്നു 'നായ്ക്കൾ'എന്ന് അഭിസംബോധന ചെയ്യപ്പെട്ട വർഗ്ഗത്തിലുള്ള ആ സ്ത്രീ.

മക്കളും നായ്ക്കളും തമ്മിലുള്ള വേർപിരിവാണ് ഈ ഭാഗത്തെ മുഖ്യ സംഭവം (Turning point)

**നിരാശയുടെ സാഹചര്യങ്ങളിലും പ്രത്യാശയുടെ നങ്കൂരത്തിൽ പ്രതീക്ഷകളുറപ്പിച്ച സ്ത്രി**

നിരാശാജനകമായിരുന്ന ഒട്ടേറെ സാഹചര്യങ്ങൾ അവൾക്കുണ്ട്. അവളുടെ മകൾക്കുണ്ടായ ഭൂതോപദ്രവം, പുരുഷമേധാവിത്വമുള്ള കാലത്തിൽ ഒരു സ്ത്രീ സംസാരിക്കുന്നതിലുള്ള അനൗചിത്യം, സ്വന്തജാതിക്കാരനല്ലാത്ത ഉയർന്ന ജാതിയിലുള്ള ആളിനെ സമീപിക്കുന്നതിലുള്ള അപകർഷത, സമീപിച്ചപ്പോഴോ യേശുവിന്റെ നിസ്സംഗത (അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല. മത്തായി 15.23) വല്ല നക്കാപ്പിച്ചയും കൊടുത്ത് പറഞ്ഞുവിടാൻ പറയുന്ന ശിഷ്യൻമാർ.( 15.23) സമീപിച്ചവർ വായ് തുറന്നപ്പോൾ പറഞ്ഞതോ കുത്തുവാക്ക് (15.24). വിജാതിയരെ സൂചിപ്പിക്കുവാൻ ആക്ഷേപകരമായി പറയുന്ന ഏറ്റവും താഴ്ന്ന പദം നായ്ക്കൾ. പോരെ, പ്രതീക്ഷകൾ തകരാൻ, അടിപതറാൻ. ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളിൽ നമ്മുടെ പ്രതികരണം എങ്ങനെ ബാധിക്കും? ഒന്നുകിൽ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടുന്നു എന്ന വ്യാജേന മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾക്ക് അടിപ്പെടുന്നു. അല്ലെങ്കിൽ ജീവിതത്തിൽ നിന്നു തന്നെ ഒളിച്ചോടുന്നു. സംസ്ക്കാര സമ്പന്നരെന്ന് ഏറെ അഭിമാനിക്കുന്ന മലയാളികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത കണ്ടില്ലെന്ന് നടിക്കാനാവില്ല. ഇവിടെ ഈ സ്ത്രീ തന്നെ കീഴ്പ്പെടുത്തുവാൻ സാധ്യതയുള്ള വിപരീത സാഹചര്യങ്ങളെ കീഴ്പ്പെടുത്തി.

**തകർന്നുപോകുന്ന സാഹചര്യത്തിൽ തകർക്കപ്പെടാത്ത വിശ്വാസത്തിന്റെ ഉടമകളാകണം.**

യേശുതമ്പുരാനെ പോലും അവൾ വിശ്വാസത്തിലൂടെ കീഴടക്കി. അവളുടെ മകളോടുള്ള സ്നേഹം അത്രയ്ക്ക് ആഴം നിറഞ്ഞതായിരുന്നു. സ്നേഹത്തിൽ അധിഷ്ഠിതമായ ആത്മാർത്ഥമായ പ്രാർത്ഥനകളിലൂടെയും, സ്ഥിരമായ പ്രാർത്ഥനയിലൂടെയും അവൾ യേശുവിന്റെ മനസ്സിൽ ഇടം തേടി. " സ്ത്രീയെ നിന്റെ വിശ്വാസം

വലുത് " (വി. മത്തായി 15.28) എന്നാണ് യേശു അവൾക്കു നൽകിയ സർട്ടിഫിക്കേറ്റ്. ' എന്നോട് കരുണ തോന്നേണമേ ' എന്നപേക്ഷിക്കുന്ന അവളുടെ പ്രാർത്ഥനയും, കുഞ്ഞിനോടുള്ള സ്നേഹവും, ക്രിസ്തുവിനു മാത്രമെ സൗഖ്യം തരുവാനാകുക യുള്ളു എന്ന വിശ്വാസവും, യഹൂദൻമാർക്ക് താഴെയാണ് ഞങ്ങ ളുടെ സ്ഥാനം എന്ന് സമ്മതിച്ച് കുറവുകളെ അംഗീകരിക്കാനുള്ള മനസ്സും ഒക്കെ ക്രിസ്തുവിനെ ആകർഷിച്ചുകാണും. ഇതി ലൊക്കെ ഉപരിയായി താഴ്ന്ന ജാതിക്കാരി ആണെങ്കിലും താനും ദൈവകൃപയുടെ ഓഹരിക്ക് (share)അർഹയാണെന്നുള്ള അവ ളുടെ ബോധ്യം ക്രിസ്തു പൂർണ്ണമായി അംഗീകരിച്ചു. ആ സ്ത്രീയോടുള്ള അനുകമ്പയെക്കാളുപരി അനുഗ്രഹത്തിനുള്ള അവളുടെ അവകാശം കൊണ്ടാണ് ക്രിസ്തു അവളുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നത്. അതോടൊപ്പം തന്നെ അനുഗമിക്കുന്ന വർക്കുണ്ടായിരിക്കേണ്ട വിശ്വാസബോധ്യത്തെക്കുറിച്ച് ശിഷ്യൻമാർക്ക് മനസ്സിലാക്കികൊടുക്കുകയും ക്രിസ്തുവിന്റെ ലക്ഷ്യമായിരുന്നു.

ഈ സംഭവത്തിൽ കൂടി, ദൈവമക്കളാകുവാനുള്ള പ്രഥമവും, പ്രധാനവുമായ മാർഗ്ഗം വിശ്വാസമാണ് എന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

മറ്റൊന്നും വേണ്ട ആത്മാർത്ഥമായ, വിശ്വാസം നിറഞ്ഞ ഒരു വാക്കു മാത്രം മതി അനുഗ്രഹം ലഭിക്കാൻ. തേജസ്സുറ്റ വിശ്വാസ ത്തിന്റെ കണ്ണുകൾ കൊണ്ട് മാത്രമെ പുതിയ കാഴ്ചപ്പാടുകളും, വഴികളും ദർശിക്കാനാകു. ഏതു നിരാശ നിറഞ്ഞ സാഹചര്യ ത്തിലും ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഉടയവനിലുള്ള വിശ്വാസത്തിന്റെ ഒരു Space സൂക്ഷിച്ചാൽ മതി, ജീവിതം ക്രിയാ ത്മക മാകും.

'ഞാനോ ദൈവത്ത വിളിച്ചപേക്ഷിക്കും; യഹോവ എന്നെ രക്ഷിക്കും. ഞാൻ വൈകുന്നേരത്തും, കാലത്തും, ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ചു കരയും; അവൻ എന്റെ പ്രാർത്ഥന കേൾക്കും.' (സങ്കീ. 55.16,17)

**അതിരുകളില്ലാത്ത ദൈവം.**

ഈ സംഭവത്തിലൂടെ ദൈവസ്നേഹത്തിന്റെ ആഴവും, പരപ്പും ക്രിസ്തു കാട്ടി കൊടുക്കുന്നു. കരുണയും, വാത്സല്യവും നിറഞ്ഞ, വിവേചനമോ, അതിരുകളോ, ഗ്രൂപ്പുകളോ, ചേരിതി രിവുകളോ ഇല്ലാത്ത ദൈവം. 'ദൈവത്തെ മതത്തിന്റയും, വിഭാഗത്തിന്റയും അതിർത്തിക്കുള്ളിലടച്ച് ദൈവിക പ്രവർത്ത നത്തിന് പരിധി നിർണ്ണയിച്ച്, ദൈവത്തിനും വിഭാഗീയത കല്പി ക്കുന്ന ഇന്നത്തെ മതസംസ്ക്കാരത്തിന് തികച്ചും എതിരാണ് ക്രിസ്തു കാട്ടിക്കൊടുക്കുന്ന ദൈവ സ്നേഹം.' "സർവ്വ ജന ത്തിനും മഹാ സന്തോഷം നൽകുവാനായിരുന്നു" രക്ഷകൻ ബേത്‌ലഹേമിൽ ജനിച്ചത്. നസ്രത്തിൽ വളർന്നപ്പോഴും, ഗലീലാ യിൽ പ്രവർത്തിച്ച പ്പോഴും അവിടുന്ന് ജാതി-മത-വർഗ്ഗ വർണ്ണ ഭേദമെന്യേ എല്ലാവർക്കും സന്തോഷം നൽകിയിരുന്നു.പോരാത്ത തിന് വിജാതീയരുടെ ഇടയിൽ അവരുടെ സ്ഥലത്തേക്കും കടന്നു ചെന്ന് (വി. മത്തായി 15.21; വി.മർക്കോസ് 7.24; വി.യോഹന്നാൻ 2.3) രക്ഷയുടെ മഹാ സന്തോഷം പ്രദാനം ചെയ്യുന്നു.

നാമാരും ദൈവത്തിന്റെ സൂക്ഷിപ്പുകാരാകേണ്ട. അങ്ങനെയാ കുമ്പോഴാണ് വിശ്വാസം വർഗ്ഗീയതയാകുന്നത്. മറ്റു മതക്കാരനും, അവന്റെ ദൈവവും എനിക്കു ശത്രുവായിമാറിമ്പോൾ വർഗ്ഗീയത യുടെ വിഷം വമിക്കും. നിർഭാഗ്യവശാൽ ദൈവത്തിന്റെ സ്വന്തം നാട് വർഗ്ഗീയവാദികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. അതിനാൽ വിശ്വാസി ആയിരിക്കതന്നെ എങ്ങനെ വർഗ്ഗീയവാദി ആകാതി രിക്കാം എന്നതായിരിക്കണം പരമ പ്രധാനമായ ചിന്ത. വിശ്വാസ ങ്ങൾ വിശ്വാസങ്ങളായി നിലനിൽക്കട്ടെ. സനാതനായ ദൈവത്തെ മതത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്താതിരിക്കാം. ■


ST. MARY'S EMBROIDERY
Palace Road, Changanacherry-686101, Kerala
Prop: SAJU CHACKO
0481-2425444,
Res. 2724224, 2727788
(Mob.) 9447136388





കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.
വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.
ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു



പള്ളികൾ മനോഹരമാക്കൂ
Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!
പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...
ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003
എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം



For Favours Received



Mammen T. Abraham　Alekutty Samuel　N. K. Alex Trivandrum



M.T. Philipose Prakkanam






John V. G. & Family, Banswara, Rajastan



# പുസ്തകശാല

## മലങ്കരസഭയുടെ സമുന്നത സാരഥികൾ

**ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ**




മാർത്തോമ്മാ ശ്ലീഹാ മുതൽ മാർത്തോമ്മാ പൗലോസ് രണ്ടാമൻ (എഡി 52-2012) വരെയുള്ള മലങ്കര സഭയുടെ ചരിത്രം സവിസ്തരം പ്രതിപാദിക്കുന്നു. അവതാരിക: ജസ്റ്റീസ് കെ. ജോൺ മാത്യു. പേജ് 1064, വില 700, മാങ്ങാനം, കോട്ടയം-18

## താബോർ ദയറ


**ഡോ. എൻ. ജെ. തോമസ് റമ്പാൻ**




പത്തനാപുരം മൗണ്ട് താബോർ ദയറാ-മഠങ്ങളുടെ ചരിത്രം. താബോർ സമൂഹത്തിലെ പിതാക്കന്മാരുടെയും വൈദികരുടെയും കന്യാസ്ത്രീകളുടെയും ചരിത്ര വിവരണം. അവതാരിക: ഡോ. യാക്കോബ് മാർ ഐറേനിയോസ്, താബോർ പബ്ലിക്കേഷൻസ്, പത്തനാപുരം, വില 250, പേജ് 450

## സഭാ ചരിത്രാന്വേഷണങ്ങൾ

**പി. തോമസ് പിറവം**




മലങ്കരസഭാ ചരിത്രത്തിലെ വേറിട്ട വിഷയങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ പ്രൗഢമായ 16 ലേഖനങ്ങളുടെ സമാഹാരം. ചരിത്രാന്വേഷികൾക്ക് പുത്തൻ അറിവു പകരും. അവതാരിക: ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്. സോഫിയ ബുക്സ്, കോട്ടയം, വില: 150, പേജ് 216

## കുരിശിന്റെ വഴിയിലെ ഇതിഹാസം

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ (എഡി.)**




ഇടയ ശുശ്രൂഷയിൽ പരിത്യാഗത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗം പകർന്ന ബർണബാസ് മെത്രാപ്പോലീത്തായുടെ ജീവിതവും സാക്ഷ്യവും വിശദീകരിക്കുന്നു. ആദ്യഭാഗത്ത് ആത്മകഥയും രണ്ടാം ഭാഗത്ത് അനുസ്മരണങ്ങളും. അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ, പേജ് 287, വില 125, സോഫിയ ബുക്സ്, കോട്ടയം.

## അവാർഡ്



പരിസ്ഥിതി സംരക്ഷണത്തിനുള്ള സമഗ്രസംഭാവനകൾ പരിഗണിച്ച് ലയൺസ് ക്ലബ്ബ് നൽകുന്ന ലയൺസ് എക്സലൻസ് അവാർഡിനർഹനായ പ്രൊഫ. ഡോ. കെ. പി. ജോയി. ട്രീ ഇൻഡ്യ എൻവയോൺമെന്റ് മാഗസിൻ ചീഫ് എഡിറ്ററായും, കോട്ടയം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ അഡ്മിനിസ്ട്രേറ്ററായും ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

## വിജയികൾ



സണ്ടേസ്ക്കൂൾ അഖില മലങ്കര സഹപാഠ്യ മത്സരത്തിൽ സീനിയർ വേദവാക്യത്തിന് 100 ൽ 100 മാർക്കും നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജിസ്ന ജോസ്. കേളകം സെന്റ് തോമസ് ശാലേം ഇടവകയിൽ വല്ലത്തുകാരൻ പരേതനായ ജോസിന്റെയും ബീനയുടെയും മകൾ.



സണ്ടേസ്ക്കൂൾ അഖില മലങ്കര സഹപാഠ്യ മത്സരത്തിൽ സീനിയർ പ്രസംഗത്തിന് മലബാർ സോണിൽ നിന്നും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ അനു ഐസക്. കേളം സെന്റ് തോമസ് ശാലേം ഇടവകയിൽ പാണ്ടൻചേരി ഐസക്കിന്റെയും, ലിസിയുടെയും മകൾ അനു ഐസക്.




സണ്ടേസ്ക്കൂൾ അഖില മലങ്കര സഹപാഠ്യ മത്സരത്തിൽ ജൂണിയർ സംഗീതം സൗത്ത് സോണിൽ നിന്നും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സെയ്റ ആൻ വർഗീസ്. എം.ജി. എം. നന്തൻകോട്, തിരുവനന്തപുരം.



പാതിക്കാട് സെ. പീറ്റേഴ്സ് & സെ. പോൾസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ ശതോത്തര രജത ജൂബിലി ആഘോഷങ്ങൾ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, പി.സി.ജോർജ് എം.എൽ.എ., ഡോ. മാത്യൂസ് മാർ മക്കാറിയോസ്, ആന്റോ ആന്റണി എം.പി., മാത്യു റ്റി. തോമസ് എം.എൽ.എ., ശ്രീ. ഷാജി തോമസ്, ജോസഫ് എം. പുതുസേരി ഫാ. എ.പി. തോമസ്, വികാരി ഫാ. ജോൺ മാത്യു അഞ്ഞിലിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

## കല്ലൂപ്പാറ കൺവൻഷൻ സപ്തതി നിറവിൽ

മലങ്കര സഭയുടെ നിരണം ഭദ്രാസനത്തിന്റെ കല്ലൂപ്പാറ കൺവൻഷൻ 70-ാം വർഷത്തിലേക്ക്. കൺവൻഷൻ 2013 ഫെബ്രുവരി 3 മുതൽ 10 വരെ മഠത്തും ഭാഗം കോയിത്തോട്ടു മണപ്പുറത്ത് നടത്തി. മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ അത്താനാസിയോസ്, ജോസഫ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്., ഫാ. മത്തായി ഇടയനാൽ കോർ എപ്പിസ്ക്കോപ്പാ, ഫാ. എഡ്വേർഡ് ജോർജ്, ഫാ. വർഗീസ് വർഗീസ്, ഫാ. വിൽസൺ മാത്യു, ഫാ. സഖറിയ നൈനാൻ, ഫാ. മനോജ് മാത്യു, റവ. ഡോ. ജേക്കബ് ചെറിയാൻ, ശ്രീ. വി. ടി. ചാക്കോ മാസ്റ്റർ എന്നിവർ വചന ശുശ്രൂഷയ്ക്കും ക്ലാസുകൾക്കും നേതൃത്വം നൽകി. സഭാരത്നം അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നാമത്തിൽ പണിയുന്ന സപ്തതി സ്മാരക റിട്രീറ്റ് സെന്ററിന്റെ ശിലാസ്ഥാപനം ഇടവക മെത്രാപ്പോലീത്താ നിർവ്വഹിച്ചു. മാർ ഒസ്താത്തിയോസ് അനുസ്മരണ പരിപാടിയായ 'പിതൃവന്ദനം' രാജ്യസഭാ ഉപാധ്യക്ഷൻ ശ്രീ. പി.ജെ. കുര്യൻ എം.പി., ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു.




## WEDDING നവദമ്പതികൾ



മലങ്കരസഭ മുൻ സർക്കുലേഷൻ മാനേജർ കോട്ടയം പുത്തനങ്ങാടി ശങ്കരത്തിൽ ഫാ. ജോൺ ശങ്കരത്തിലിന്റെയും ബാലസമാജം അഖില മലങ്കര ജോ. സെക്രട്ടറി ആനി ശങ്കരത്തിലിന്റെയും മകൾ **ജിനു എലിസബത്ത് ജോണും** (അസി. പ്രഫസർ സെന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളജ്, പാത്താമുട്ടം) പത്തനംതിട്ട, ഓമല്ലൂർ വടുതല പീറ്റർ ദാനിയേലിന്റേയും രാജിയുടെയും മകൻ **ഡോ. അജയ് ദാനിയേൽ പീറ്ററും** അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ്, അഭി. ഏബ്രഹാം മാർ സെറാഫിം എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ ഓമല്ലൂർ സെ. തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിവാഹിതരായി. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, അഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസ് കെ. മാണി എം. പി. എന്നിവർ സംബന്ധിച്ചു.




## "മദ്റോശോ"

നമ്മുടെ ആരാധന ക്രമങ്ങളിൽ ഉള്ളതായ ഒരു പദ്യരൂപം, 'ദ്റാശ്' എന്ന ക്രിയാധാതുവിൽ നിന്ന് വരുന്ന ഈ വാക്കിന്റെ അർത്ഥം വ്യാഖ്യാനം, സമഗ്രമായ നിർവചനം (an exposition, commentary) എന്നൊക്കെയാണ്. 'ഉപദേശം', 'പഠിപ്പിക്കൽ' എന്നും അർത്ഥം നൽകാം. ദയറാവാസികൾക്ക് യാമനമസ്കാരങ്ങൾക്ക് പ്രത്യേകിച്ച് രാത്രി ജാഗരണങ്ങളിൽ ദീർഘനേരം നിന്നു പാടുവാൻ അനേക ധ്യാനചിന്തകൾ സന്നിവേശിപ്പിച്ച അനേക വരികളുള്ള പദ്യമാണിത്. ഓരോ പദ്യഭാഗത്തിന്റെയും അവസാനം ആവർത്തനമായി (Refrain) ഉപയോഗിക്കുന്നതും ചില ഭാഗത്തുണ്ട്. കഷ്ടാനുഭവ ആഴ്ചയിലെ രാത്രി പ്രാർത്ഥനകൾ, പെങ്കീസാ (പെരുനാൾ) നമസ്കാരങ്ങൾ, ശവസംസ്കാര ശുശ്രൂഷകൾ തുടങ്ങിയ പ്രാർത്ഥനകളിൽ മദ്റോശോകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മദ്റോശോ എന്ന വാക്കിൽ വരുന്ന പദമാണ് 'മദ്റശ്തോ'. ഇതിന്റെ അറബി രൂപമാണ് 'മദ്രസാ' ഇതിന്റെ അർത്ഥം 'സ്കൂൾ' എന്നാണ്. സുറിയാനി കവിതാശൈലിയിൽ വി. അപ്രേമാണ് മദ്റോശോകളുടെ പ്രധാന ശിൽപ്പി. അദ്ദേഹത്തെ കൂടാതെ സെറൂഗിലെ യാക്കോബ് (451-521) എഡേസായിലെ മാർ യാക്കോബ് (+708) അന്ത്യോക്യായിലെ മാർ ഇസഹാക്ക് (5-ാം നൂറ്റാണ്ട്) തുടങ്ങിയവരും മദ്മറോശോകൾ രചിച്ചിട്ടുണ്ട്. വി. മാർ അപ്രേം ബസ്ക്യോമോമാരുടെ ഒരു ഗായകസംഘത്തെ (Nun Choir) മദ്റോശോകൾ പഠിപ്പിച്ച് പാടാറുണ്ടായിരുന്നു.



മലങ്കരസഭ മാസികയുടെ മെമ്പർഷിപ്പ് ക്യാംപെയ്ൻ ഉദ്ഘാടനവും, യു.എൻ. മനുഷ്യാവകാശ കമ്മീഷണറുടെ മുഖ്യ സുരക്ഷാ ഉപദേഷ്ടാവായ എബ്രഹാം മത്തായി നൂറനാലിനുള്ള അനുമോദന സമ്മേളനവും സുൽത്താൻ ബത്തേരി സെന്റ് മേരീസ് കത്തീഡ്രൽ വലിയ പെരുന്നാളിനോടനുബന്ധിച്ച് ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്തു. 2013 ജനു. പുതുവർഷ പതിപ്പ് വികാരി ഫാ. ബേബി ജോണിന് നൽകി പ്രകാശിപ്പിച്ചു. ഫാ. ജിൻസ് വർഗ്ഗീസ്, ജോൺ മത്തായി നൂറനാൽ, മാസിക സർക്കുലേഷൻ ഇൻ ചാർജ് ഡീ. ഏബ്രഹാം ജോൺ എന്നിവർ പ്രസംഗിച്ചു. മലങ്കരസഭ മാസികയുടെ സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ വിതരണവുമായി ബന്ധപ്പെടാൻ: വിപിൻ: 9747317779, സിബി: 9946308282, എൽദോ: 9562643994.

## ഓർമ്മപ്പെരുന്നാൾ

സ്ലീബാദാസ സമൂഹ സ്ഥാപകൻ പുണ്യശ്ലോകനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 45-ാം ശ്രാദ്ധപ്പെരുന്നാൾ കണ്ടനാട് കർമ്മേൽ ദയറായിൽ ആചരിച്ചു. പെരുന്നാൾ ശുശ്രൂഷകൾക്ക് സഖറിയ മാർ അന്തോണിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നിവർ മുഖ്യ കാർമ്മികത്വം വഹിച്ചു. ഡോ. കെ. എൻ മാത്യു വൈദ്യൻ കോർ-എപ്പിസ്ക്കോപ്പാ, ഫാ. വർഗീസ് ടി. വർഗീസ് അഞ്ചൽ എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. റജി മാത്യു അനുസ്മരണ പ്രഭാഷണം നടത്തി.





ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

ഒരു നല്ല ദിവസം ഒരാൾ അയാളുടെ ഭാര്യയും മകനുമായി തന്റെ സുഹൃത്തായി ഭാവിക്കുന്നയാളുടെ വീട്ടിലെത്തുന്നു. സുഹൃത്ത് വീട്ടിൽ സ്വകാര്യമായി സ്വസ്ഥമായിരിരിക്കാൻ ആഗ്രഹിച്ചപ്പോഴാണ് അതിഥികളുടെ ആഗമനം. ഉള്ളിലെ നീരസം മറച്ച് വച്ച് മുഖത്തൊരു കാർമേഘച്ചിരി ഒട്ടിച്ച് വച്ച് അകത്തേക്ക് ക്ഷണിക്കുന്നു. അതിഥിയായ ആളുടെ മകൻ വളരെ വികൃതിയായവൻ അവിടെയെല്ലാം ഓടി നടന്ന് ഓരോന്ന് എടുക്കുകയും ചിലതൊക്കെ നശിപ്പിക്കുകയും ചെയ്യുന്നുണ്ട് വീട്ടുകാർ ഉള്ളാലെ "നാശം" എന്ന് വിചാരിച്ചാലും പുറമെ കുഞ്ഞല്ലേ എന്ന് സ്നേഹം പറയും അഥിതി ആ കുട്ടിയെ നിയന്ത്രിച്ചില്ലെങ്കിൽ ഉള്ളിലെ രോഷം കൂടുകയും ചെയ്യും. ആഥിത്യങ്ങൾ കഴിഞ്ഞ് അവർ മടങ്ങി കഴിയുമ്പോൾ വീട്ടുകാർ ആ കുട്ടിയെപ്പറ്റി എത്ര മോശം വാക്കുകൾ ഉപയോഗിച്ച് സംസാരിക്കാമോ. അങ്ങനെ തന്നെ ചെയ്തിരിക്കും അത്ര മാത്രം അസഹ്യത രണ്ട് മണിക്കൂർ കൊണ്ട് ആ കുട്ടി സൃഷ്ടിച്ചിരിക്കണം.

ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന മറ്റൊരു കുട്ടിയെ പരിചയപ്പെടാം വീട്ടിൽ കയറുന്നതിന് മുമ്പ് ചെരുപ്പ് ഊരി നടയിൽ ഇടും അധികം ശബ്ദമില്ലാതെ അകത്തേക്ക് കയറും കസേരയിൽ ഒതുങ്ങിയിരിക്കും അധികം ഒന്നും മിണ്ടില്ല എന്തെങ്കിലും നൽകിയാൽ "താങ്ക്സ്" പറയും പോകാൻ നേരം വരെ വീട്ടിലുള്ളവരോട് ആദരവോടെ അവനെ പഠിപ്പിച്ചപോലെ പെരുമാറും ആ പ്രായത്തിൽ അത്ര സ്വാഭാവികമല്ലാതെ പെരുമാറുന്ന ഈ കുട്ടി ആദരവ് നേടും.

ഈ രണ്ട് പേരിൽ രണ്ടാമത്തെവനെയാവും പൊതുവെ എല്ലാവരും ഇഷ്ടപ്പെടുക. ആദ്യത്തെ വികൃതിപ്പയ്യനെ എല്ലാവരും തഴയുകയും ചെയ്യും ആദ്യത്തെവൻ അവന്റെ ഇച്ഛാ ശക്തിയിൽ അൽപം സ്വതന്ത്രനാണ് ഏത് സാഹചര്യങ്ങളെ അതിജീവിക്കാനുള്ള കരുത്ത് നേടുകയും ചെയ്യും രണ്ടാമത്തവൻ ചില പാഠങ്ങൾ ശീലമാക്കിയവൻ എപ്പോഴും മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലെങ്കിൽ അവൻ തളർന്ന് പോവുകയും ചെയ്യും. ആദ്യത്തവൻ അവന്റെ പ്രതിഭയെ സ്വയം അണിയിച്ചൊരുക്കാൻ സാധ്യതയുള്ളവൻ, പ്രവർത്തിക്കാൻ താത്പര്യമുള്ളവൻ, സമൂഹത്തിന് വേണ്ടി സഹജീവികൾക്ക് വേണ്ടി തന്റെ ഊർജ്ജത്തെ പരമാവധി ചിലവാക്കുവാൻ താത്പര്യം ഉണ്ടായിരിക്കും, അടങ്ങിയിരിക്കാൻ അവനാകില്ല. രണ്ടാമത്തവൻ അച്ഛനമ്മമാർ ഉണ്ടാക്കി വച്ച ഇരുമ്പ് കൂട്ടിനകത്താണ് സദാചാരത്തിന്റെ, സാമൂഹിക പരിചയത്തിന്റെ, അറിവിന്റെ ഇരുമ്പുകൂട്ടിലാണ് താമസം പ്രായമെത്തിയാലും ആ ഇരുമ്പ് കൂട്ടിൽ നിന്ന് രക്ഷപെടില്ല. സ്ക്കൂൾ-ഓഫീസ്-വീട് ഇതിനപ്പുറം ഒരു ലോകം അവർക്ക് കാണില്ല. അവരുടെ ജീവിതത്തിന് ആസ്വാദനം ഉണ്ടാകുകയില്ല. ധനികൻ മാരായാലും അതുകൊണ്ട് മറ്റുള്ളവർക്ക് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല.

യഥാർത്ഥത്തിൽ ഈ രണ്ട് കുട്ടികളാണ് നമ്മുടെ ലോകം ഭരിക്കുന്നത്. ഒന്നാമത്തവന്റെ സാധ്യത കാര്യക്ഷമമായ നൻമയ്ക്കായി ഉപയോഗപ്പെടുത്താം ഇച്ഛാശക്തി യാതൊരു നിയന്ത്രണമില്ലാത്തവനായി എന്നും ആയിരുന്നാൽ അത് അപകടമാകും. പരിചയങ്ങളും പാഠങ്ങളും വേണ്ടിടത്ത് അവൻ തന്നെ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളോടെയും സ്വാതന്ത്ര്യങ്ങളോടെയും വളർന്നാൽ അവൻ നമുക്ക് പ്രയോജനപ്പെടും.

രണ്ടാമത്തവൻ അവന്റെ വളർച്ചയുടെ ഘട്ടത്തിൽ ആ ഇരുമ്പുകൂട് പൊളിച്ച് പുറം ലോകത്തെ തിരിച്ചറിയാൻ ശ്രമിച്ചില്ലെങ്കിൽ അവൻ വലിയ അപകടകാരിയാണ്. പാകതയോടെ ജീവിക്കുന്നു എന്ന് സമൂഹം പറയുന്ന അവൻ സമൂഹത്തെക്കൂടെ തിരിച്ചറിഞ്ഞ് വർത്തിച്ചാൽ പ്രയോജനപ്പെടും.

"ഈ രണ്ട് കുട്ടികൾ ആണ് ലോകം നിയന്ത്രിക്കുന്നത്"



E-mail: fr.thirumangalam@gmail.com

# WEDDING



പള്ളിപ്പാട് തോപ്പിൽ (ഇടവൂർ കിഴക്കതിൽ) Mr. വർഗ്ഗീസ് ചാണ്ടിയുടെയും Mrs. സാറാമ്മ വർഗ്ഗീസിന്റെയും മകൻ **പ്രതീഷ് വർഗ്ഗീസും**, പത്തനംതിട്ട കുറിയന്നൂർ മൈലക്കൽ Mr. കോശി (Late) Mrs. സൂസൻ കോശിയുടെയും മകൾ **പ്രീത സൂസൻ കോശിയും** തമ്മിലുള്ള വിവാഹം 2013 ജനുവരി 6-ാം തീയതി 11.30-ന് പള്ളിപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ വച്ച് കൊച്ചി ഭദ്രാസനാധിപൻ അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വിവാഹിതരായി.

## പ്രിയ വായനക്കാരേ!
## ദേവാലയനിർമ്മാണത്തിൽ ഒന്നു സഹായിക്കൂ...






# സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി
## പനംകുറ്റി
### (കുന്നംകുളം ഭദ്രാസനം)

ഫോൺ: 9496897730 www.panamkuttypally.com




**പള്ളിയുടെ ഇപ്പോഴത്തെ അവസ്ഥ....**











കർത്താവിൽ പ്രിയരെ,

പനംകുറ്റി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി കുന്നംകുളം ഭദ്രാസനത്തിലെ ഒരു ഇടവകയാണ്.1977 - ൽ സഭാതർക്കങ്ങൾ രൂക്ഷമായ കാലഘട്ടത്തിൽ **മദ്ധ്യതിരുവിതാംകൂറിൽ നിന്നും കുടിയേറിയ പാവപ്പെട്ട കർഷകർ അവരുടെ ആത്മീയ ആവശ്യങ്ങൾക്കുവേണ്ടി പണിത ദേവാലയമാണ്.** വെറും 18 ഇടവകാംഗങ്ങളിൽ തുടങ്ങി ഇപ്പോൾ 50 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചെറിയ ഇടവകയാണിത്.

**പള്ളിയുടെ കിഴക്കുവശം വളരെ ജീർണ്ണാവസ്ഥയിലാണ്. വെറും മണ്ണു കൊണ്ട് പണിതുയർത്തിയിരിക്കുന്ന മുൻവശം മഴ കനത്താൽ നിലംപതിക്കുന്ന സ്ഥിതിയിലാണ്.** പള്ളിയുടെ **കഴുക്കോലുകൾ ദ്രവിച്ച് ഓടുകൾ പട്ടികയിൽ ചേർന്നിരിക്കാത്ത അവസ്ഥയും മറ്റൊരുവശത്ത്.** മഴക്കാലത്ത് പള്ളിക്കകത്ത് നിൽക്കുക അത്ര സുഖകരമല്ല. അതുപോലെ ചേലക്കര - വാണിയമ്പാറ ലിങ്ക് റോഡ് വീതികൂട്ടുമ്പോൾ മുറ്റവും പള്ളി നടയും നഷ്ടപ്പെടും.

ഇത്തരമൊരു ദയനീയ സാഹചര്യത്തിലാണ് പള്ളി പുനർനിർമ്മിക്കുവാൻ തീരുമാനമെടുത്തത്. **പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്** പള്ളി പുതുക്കി പണിയുന്നതിനുള്ള പ്ലാനും 37.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ചു. പള്ളിപണിക്കായി **Chelakkara State Bank of Indiaയിൽ 32615465167 എന്ന നമ്പരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.**

പള്ളികളായോ വ്യക്തികളായോ നിങ്ങളുടെ വിലയേറിയ സംഭാവനകൾ ക്യാഷ് /ചെക്ക് / എം.ഒ. ആയി **Vicar, St. Thomas Orthodox Church, Panamkutty, Pangarappilly P.O., Chelakkara, Thrissur-680 586** എന്ന വിലാസത്തിൽ അയച്ചു തന്ന് സഹായിക്കുമല്ലോ. പുതിയ ദേവാലയത്തിൽ അർപ്പിക്കപ്പെടുന്ന ഓരോ വിശുദ്ധ കുർബ്ബാനയിലും അതിന്റെ നിർമ്മാണത്തിൽ സഹായിച്ചവരെ ദേവാലയം നിലനിൽക്കുന്ന കാലത്തോളം ഓർത്ത് പ്രാർത്ഥിക്കും. ഒരിക്കൽക്കൂടി പുതിയ ദേവാലയത്തിനുവേണ്ടി എവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടും പ്രാർത്ഥനയോടുംകൂടെ,
പള്ളി പുനർനിർമ്മാണ കമ്മിറ്റിക്കുവേണ്ടി,



ഫാ. ഗീവർഗീസ് വെട്ടിക്കുന്നേൽ പനയമ്പാല
(വികാരി) 94002 29595



ശ്രീ. യാക്കോബ് ഐസക്ക് മണ്ണുക്കുന്നേൽ
(കൺവീനർ), 85474 78044

**"ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ ?"**

(ഹഗ്ഗായി 1:4)

**നിങ്ങൾക്ക് രണ്ട് രീതിയിൽ ഈ ഇടവകയെ സഹായിക്കാം**

**1. നിങ്ങളുടെ പള്ളിയുടെ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുക 2. വ്യക്തികളായി ഇതിൽ പങ്കാളിയാവാം**

## ഡോക്ട്രേറ്റ്



അയർലണ്ടിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ലിറ്റർജിക്കൽ തിയോളജിയിൽ ഡോക്ട്രേറ്റ് ലഭിച്ച ഫാ. കോശി വൈദ്യൻ. തേവലക്കര ഇടയിലെ വീട്ടിൽ മാത്യു വൈദ്യന്റെയും അന്നമ്മയുടെയും മകനും പരേതനായ ഫാ. കെ.എം. കോശി വൈദ്യന്റെ പൗത്രനുമാണ്. അയർലണ്ടിലെ ഡബ്ലിൻ സെ. തോമസ്, കോർക്ക് ഹോളി ട്രിനിറ്റി, വാട്ടർ ഫോർഡ് സെ. ഗ്രിഗോറിയോസ്, സ്ലൈഗോ സെ. തോമസ് പള്ളികളുടെ സ്ഥാപക വികാരിയുമാണ്. തേവലക്കര മർത്തമറിയം ഇടവകാംഗം.

## അവാർഡ്



കേന്ദ്ര സർക്കാരിന്റെ സി.വി. രാമൻ ശാസ്ത്ര അധ്യാപന അവാർഡ് നേടിയ ബംഗളൂരു ഡിആർഡിഒ കേന്ദ്രീയ വിദ്യാലയ അധ്യാപിക റെന്നി ജോർജ്. എം.എസ്. രാമയ്യ എൻജിനീയറിംഗ് കോളജ് പ്രൊഫസർ കുണ്ടറ മണലുവിള റജി ജോർജിന്റെ ഭാര്യയും കേന്ദ്രീയ വിദ്യാലയ റിട്ട. പ്രിൻസിപ്പൽ പായിപ്പാട്, ആനാരി വിരുപ്പിൽ ജി. ചാക്കോയുടെ മകളുമാണ്.

## നിയമിതനായി



കോട്ടയം ജില്ലാ കോടതിയിൽ അഡീഷണൽ ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായി നിയമിതനായ അഡ്വ. മനീഷ് ജോസ്. കങ്ങഴ, ചിറ്റേടം സെന്റ് മേരീസ് മൗണ്ട് ഓർത്തഡോക്സ് ഇടവകാംഗവും കോട്ടയം ഭദ്രാസന ഇടവക പ്രതിനിധിയുമാണ്. പീടിയേക്കൽ കളപ്പുരയ്ക്കൽ വീട്ടിൽ പി.വി. ജോസഫിന്റെയും മറിയാമ്മ ജോസഫിന്റെയും മകനുമാണ്. ഭാര്യ: സരിത, മകൾ: മെറിൻ.

## പൗരോഹിത്യ സുവർണ്ണ ജൂബിലി



മല്ലപ്പള്ളി പുരയ്ക്കൽ എം. മാത്യൂസ് കത്തനാരുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ പെരുമ്പെട്ടുമൺ സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. 1963 ഏപ്രിൽ 5-ന് വൈദിക പട്ടം ലഭിച്ച അച്ചൻ തുടർച്ചയായ അഞ്ച് പതിറ്റാണ്ടുകൾ ഈ ഇടവകയെ നയിച്ച വികാരി എന്ന സ്ഥാനത്തിനും അർഹനായിരിക്കുകയാണ്.



അഖില മലങ്കര ബാലസമാജം വാർഷിക ക്യാമ്പ് പരുമലയിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.



ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ദേശീയ യുവജന ദിനവും കേന്ദ്ര കലാമേളയും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് മുംബൈ ഭദ്രാസനത്തിലെ നാല് സീനിയർ വൈദികർക്ക് കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. ഫാ. കോശി പ്ലാമ്മൂട്ടിൽ, ഫാ. തോമസ് കുര്യൻ, ഫാ. യൗനാൻ മുളമൂട്ടിൽ, ഫാ. സി. ജെ. ജെയിംസ് എന്നിവരെയാണ് പ. കാതോലിക്കാ ബാവാ കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് ഉയത്തിയത്. ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

## സൺഡേസ്ക്കൂൾ ജേതാക്കൾ

**സൺഡേസ്ക്കൂൾ പ്രതിഭ**

സ്നേഹാ മേരി മാത്യു-മാവേലിക്കര ഭദ്രാസനം, ചേപ്പാട് സെന്റ് ജോർജ്

**സൺഡേസ്ക്കൂൾ ഗാനസുഗന്ധി**

അലൻ ജേക്കബ്, സെന്റ് ജോർജ് തൃക്കണമംഗലം, കൊട്ടാരക്കര-പുനലൂർ ഭദ്രാസനം

**സൺഡേസ്ക്കൂൾ വിജ്ഞാനി**

സച്ചിൻ ജോർജ് മാത്യു, എം.ജി.എം. പുന്നമൂട്, മാവേലിക്കര ഭദ്രാസനം

**സൺഡേസ്ക്കൂൾ പ്രവീൺ**

റിജോ ജോൺ, സെന്റ് മേരീസ് കുമ്പഴ, തുമ്പമൺ ഭദ്രാസനം.

## ദേവാലയ കൂദാശ

ചെങ്ങന്നൂർ ഭദ്രാസനത്തിലെ പുല്ലാട് സെ. ജോർജ് പള്ളി പുനർ നിർമ്മിച്ചതിന്റെ കൂദാശ ഫെബ്രു. 5, 6 തീയതികളിൽ നടത്തി. പ. കാതോലിക്കാ ബാവാ, തോമസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ ദീയസ്കോറോസ് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ കൂദാശനടത്തി. ഫാ. തോമസ് ശമുവേൽ വികാരി, ഡോ. അലക്സ് എം. ചാക്കോ (ട്രസ്റ്റി), പി. കെ. ജോൺ (സെക്രട്ടറി) എന്നിവർ നേതൃത്വം നൽകി.

## അനുമോദനങ്ങൾ

അഹമ്മദാബാദ് ഭദ്രാസനത്തിലെ സെ. മേരീസ് ബിൽവാട, സെ. ജോർജ് ചിറ്റഗോർ എന്നീ ഇടവകകളിലെ മുഴുവൻ അംഗങ്ങളും മലങ്കരസഭ മാസിക വരിക്കാരായി. ഇടവകാംഗങ്ങൾക്കും വികാരി ഫാ. ഫിലിപ്പോസ് ഏബ്രഹാമിനും (0943347399) മലങ്കരസഭ മാസികയുടെ അഭിനന്ദനങ്ങൾ.



മർത്തമറിയം വനിതാ സമാജം കേന്ദ്ര വൈസ് പ്രസിഡന്റായി നിയമിതനായ ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ (തോനയ്ക്കാട്).



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ മത്സരത്തിൽ സീനിയർ വേദവാക്യത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കോട്ടയം സെ. മേരീസ് ചെറിയ പള്ളി വിദ്യാർത്ഥിനി ഷിലു മറിയം ഷാജി.


**ST.GREGORIOUS EDUCATIONAL CHARITABLE TRUST**

# 2, 2nd Floor, J.J.Complex,
Marathahalli, Bangalore – 560 037
Website : stgregoriousedu.com
E-mail : mail.gregsoft@gmail.com

**ADMISSION STARTED FOR 2013 – 2014**

14 years of experience to various colleges.

**ALL PG COURSES**
**M.B.B.S**
**B.D.S**
**ENGINEERING ETC.,**

**ONLY NRI quota**

Please contact : **AJEESH V PAUL**
Mobile : 09844010054 / 09448516637
Land line : 080-32416570

വെങ്കലത്തിൽ (ബെൽ മെറ്റൽ)
നിർമ്മിക്കുന്ന പള്ളി മണികൾ,
പള്ളിയുടെ കൊടിമരം
(കോപ്പർ, ബ്രാസ്സ് No. 1 ക്വാളിറ്റിയിൽ)
വിളക്കുകൾ മുതലായവ...

**PHILIP VARGHESE**
**K.G. METAL STORES**
Koratty, Ambalam Jn. Mannar-689622,
Alappuzha Dist.
Ph: 0479-2312192, 2312392,
Mob. 9447463698



7th Death Anniversary
(15-02-2013)



**SOSAMMA ZACHARIAH**
ASHA VIHAR,
PATTATHANAM, KOLLAM

*Inserted By:-*
**P. A. ZACHARIAH** (Husband)
BOKARO STEEL CITY,

*Daughters* :
Dr. Asha Ajith (KIMS Hosp. Tvm.)
Dr. Shyni Rony Alex (UK)

*Son in Laws* :
Dr. Ajith Thomas (KIMS Hosp. Tvm.)
Dr. Roney Alex Cheriyan (UK)

പിൻമൊഴി

# കരിമ്പട്ടികകൾ
# ഉണ്ടാകുന്നതെങ്ങനെ

ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടപ്പുറത്തെ മണൽത്തരികളെപ്പോലെയും സന്തതി പരമ്പരകളുണ്ടാകണമെന്ന് ഓരോ വിവാഹ കൂദാശയിലും കാർമ്മികൻ ആശിർവദിക്കുന്നത് ഇനി കേൾക്കാൻ വയ്യ...

പാഴാംഗം പറയുന്നത് 35 കഴിഞ്ഞ ഒരൊറ്റത്തടി. സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ശാഖാധികാരി. പുഞ്ചനെൽപ്പാടങ്ങളിലെ വയൽ വരമ്പുകളിലൂടെ വള്ളി നിക്കറിട്ടു പാദുകങ്ങളില്ലാതെ തിമിർത്തു ചാടിയ ഗ്രാമീണ ബാലന്റെ പടിപടിയായ ഉയർച്ച. ഫോർമൽ ഡ്രസ് കോഡിനുള്ളിലെ ഗൗരവം വിടാത്ത ആധുനിക ഭാവമായി ആ ധനകാര്യ ശാഖയുടെ മേലധികാരി പദവിയിൽ എത്തിച്ചിരിക്കുന്നു.

പ്രണയം, ചാറ്റിംഗ്, തുടങ്ങിയ ന്യൂ ജനറേഷൻ കൂട്ടായ്മകളിലൊന്നും വിശ്വാസമില്ലാത്ത ഒരുറച്ച ഓർത്തഡോക്സ് (യാഥാസ്ഥിതിക) പൈതൽ. വികടദർശനം പോലും ഏറ്റു പറയേണ്ട പാപമാണെന്ന ക്രിസ്തുമൊഴി ഹൃദിസ്ഥമാക്കിയ ധീരോദാത്തൻ. ഏഷണി–പരദൂഷണ കെടുതി സമിതികൾക്കു മുന്നിൽ നിന്നു കൊടുക്കാത്ത അഭിമാനി. പ്രത്യക്ഷ ലക്ഷണങ്ങൾ ഇത്രയും തികഞ്ഞ ഒരുത്തമ പുരുഷനാണോ 'വാരിയെല്ലിനെ' ഇനിയും കണ്ടുപിടിക്കാനാകാത്തതിൽ ഭഗ്നാശനായി പോകുന്നത്?

പെണ്ണ് തെരയൽ! അതെനിക്കൊരു നിയോഗവും പെണ്ണിനൊരു നിമിത്തവുമാണ് അച്ചോ!

അതെന്താ!

ഞാൻ ചെന്നു കണ്ട് രണ്ടാഴ്ചയ്ക്കകം അവളുടെ കല്യാണം നടന്നിരിക്കും. എന്റെ 35 വയസ്സ് പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സാക്ഷി!

ഈ പെണ്ണുതെരയൽ തന്നെ ഒരു ചതിക്കുഴിയാണെന്ന് ഇപ്പോൾ അല്ലേ മനസ്സിലായത്. പത്രങ്ങളായ പത്രങ്ങളിൽ പരസ്യം ചെയ്ത് കഴിഞ്ഞ് ഒരു വെബ് സൈറ്റിൽ കയറി പണം അടച്ച് പെണ്ണിന്റെ ഫോട്ടോ കണ്ട് ഇഷ്ടപ്പെട്ട് നമ്പറിൽ ഒന്നു വിളിച്ചു നോക്കിയതാ...

എന്നിട്ടെന്തായി!

എന്റെ ആ വർഷം വേസ്റ്റായിപ്പോയി... ജോലി സമയം പോലും അപഹരിച്ച് അവൾ തുടർവിളികൾ നടത്തി... മണിക്കൂറുകൾ നീണ്ട പ്രണയത്തിന്റെ ലാഭം ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിന് (BSNL) കിട്ടിക്കാണണം.

കറ്റ ചുമന്ന പഴയ അമ്മയെയും കൂലിപ്പണി ചെയ്ത പരുക്കനച്ചനെയും കൂട്ടി കിലോമീറ്ററുകൾ ഓടി പെണ്ണുകാണൽ ചടങ്ങു നടത്തി. ഒരു രജിസ്ട്രാറെപ്പോലെ എന്റെ സകല കുടുംബ വിവരങ്ങളും പെണ്ണിന്റെ അപ്പൻ കുറിച്ചെടുത്തു. പിന്നീടറിയിക്കാമെന്നും പറഞ്ഞു ഞങ്ങളെ അയച്ചു. ഇതിനിടയിൽ ചായയുമായി വന്ന പെണ്ണിനെ ഞാനൊന്നു പാളി നോക്കി... ആദ്യമായിട്ടല്ലേ നേരിൽ കാണുന്നത്. ഇന്റർ നെറ്റിൽ കണ്ട അത്രയും വെളുപ്പില്ല. ചില എക്സ്ട്രാ കുരുക്കളുമുണ്ട് താനും.

പേരന്റ്സിനെ ഇഷ്ടപ്പെട്ടില്ലെന്നാണ് ദല്ലാളച്ചൻ (മൂവി എന്ന മുൻ വികാരി) പറഞ്ഞത്. രൂപാ അയ്യായിരം കാറ് വാടകയായി. ഇന്റർനെറ്റിൽ കണ്ട അത്രയും വെളുപ്പില്ലെന്ന് അവളും ഒരഭിപ്രായം പറഞ്ഞു. രജിസ്ട്രാർ പിന്നെ മറുപടിയൊന്നും പറഞ്ഞില്ല താനും.


ഇനിയെന്ത് തീരുമാനിച്ചു. എന്റെ ചിന്തകളും സ്വപ്നങ്ങളും പ്രയത്നങ്ങളും നഷ്ടപ്പെടുത്തിയ ഇന്റർനെറ്റിനെ എന്റെ ജീവിതത്തിലെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ ഒരുഗ്രതീരുമാനം കൈക്കൊണ്ടു കഴിഞ്ഞു.

ഉറക്കെപ്പറഞ്ഞില്ലെങ്കിലും ഒരാത്മഗതം പൊങ്ങിവന്നു.

ലോകത്തിലെ സർവ്വമാന നീതിസാരങ്ങൾക്കും ഒരു വിലങ്ങുതടിയായി അവതരിച്ചിരിക്കുന്ന ഈ കമ്പിയില്ലാകമ്പിയെപ്പറ്റി നീ കഥയെന്തുകണ്ടു?

**ഗുണിതം:**
സുന്ദരന് മാലയോഗം,
വാനരന് മാമലയോഗം

*– ഫാ. മുകളിൽ*



# നല്ല വായനയ്ക്ക്

# മലങ്കരസഭ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാധ്യമം





വായിക്കാനും സൂക്ഷിച്ചു വയ്ക്കാനും സംശോധന നടത്തുവാനും ഒരുത്തമ ഗ്രന്ഥം.

കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇഷ്ടപ്പെടുന്ന വായനാ വിഭവങ്ങൾ

അദ്ധ്യാത്മീക ചിന്തകളിലൂടെ സാമൂഹ്യ ബോധത്തിന്റെ പുത്തൻ ശീലുകൾ...

മലയാളിയുടെ പുതിയ വായനാ സംസ്ക്കാരം.

**12 ലക്കങ്ങൾ ₹180**


"നീതിമാന്റെ ഓർമ്മ വാഴ്വിനായ് തീരട്ടെ" (സദൃ 10:7)
സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്
പടിഞ്ഞാറെ കല്ലട, ഫോൺ: 0476 2833747
www.kalladavaliyapally.com, mail@kalladavaliyapally.com
മാർ അന്ത്രയോസ് തീർത്ഥാടന കേന്ദ്രം
കല്ലട വലിയപള്ളി
പരിശുദ്ധ മാർ അന്ത്രയോസ് ബാവയുടെ
321 -ാം
ശ്രാദ്ധപ്പെരുന്നാളും
കൺവൻഷനും
2013 ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ